ജൂലായ് 2008

പഞ്ചായത്ത് രാജ്

പുസ്തകം 48 ലക്കം 4

സ്ത്രീ കൂട്ടായ്മയുടെ വിജയഗാഥ

ഇ.എം.എസ് ഭവന പദ്ധതി

ഇടതുപക്ഷ സർക്കാരിന്റെ ഏറ്റവും പുതിയ ക്ഷേമപദ്ധതി

ജെ.എൻ.എൻ.യു.ആർ.എം.
നഗരവാസികൾക്ക് മെച്ചപ്പെട്ട സേവനം



കെട്ടിടനികുതി എങ്ങനെ
സ്വയം നിർണ്ണയിക്കാം...

ഊടും പാവും

വികസനത്തിന്റെ

ഗ്രാമസഭയിൽ പങ്കെടുക്കുക!

അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്

വെബ്സൈറ്റ്
www.lsg.kerala.gov.in

ജൂലൈ 2008
പുസ്തകം 48
ലക്കം 4
വാർഷിക വരിസംഖ്യ 90 രൂപ

പേജുകളിൽ

4 **എഡിറ്ററുടെ പേജ്**

5 **ഇ.എം.എസ് ഭവന പദ്ധതി**
- പഞ്ചായത്ത് ന്യൂസ് സർവ്വീസ്

8 **ഒരു സമ്മേളനത്തിന്റെ ബാക്കിപത്രം**
- ഡോ. പി.പി. ബാലൻ

പതിനൊന്നാം പദ്ധതിയും 'കില'യും **12**
- പ്രൊഫ. എൻ. രമാകാന്തൻ

16 **കെട്ടിട നികുതി എങ്ങനെ സ്വയം നിർണ്ണയിക്കാം**
- കെ. സുബാഷ് ചന്ദ്രൻ

19 **ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ**

22 **മണ്ണിൽ പൊന്നു വിളയിക്കാൻ കുടുംബിനികളുടെ കൂട്ടായ്മ**
- ജെസി നാരായണൻ



ഗ്ലോക്കോമ അഥവാ നേത്രാദിമർദ്ദം **25**
- ഡോ. തോമസ് വർഗ്ഗീസ്

26 **പ്രകൃതി ജീവനം ഒരു ജീവിതശൈലി**
- ആർ. ശിവരാജൻ

28 **മിനിക്കഥകൾ**
- പട്ടാഴി ശ്രീകുമാർ

29 **ക്ലാസിഫിക്കേഷൻ**
- ഉദയഭാനു കണ്ടേത്ത്

32 **തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ**
- റോയി ചാക്കോ ഇളമണ്ണൂർ

ഉപദേശക സമിതി

ചെയർമാൻ
പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
എസ്.എം. വിജയാനന്ദ് , ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
പി. വേണുഗോപാൽ, ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. നാരായണൻ
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
എം. വി. ഗിരീഷ് കുമാർ
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
ഡോ. വി.എം. ഗോപാലമേനോൻ, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. വി.എം. ഗോപാലമേനോൻ, IAS
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Ph: 0471-2321054

കവർ ഡിസൈൻ
&
ലേ ഔട്ട്
ഐസൻ ജോസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

കണക്കെഴുത്തിൽ അതീവജാഗ്രത പുലർത്തണം

സർക്കാരിന്റെ കഴിഞ്ഞ രണ്ടു വർഷത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായി കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പുതിയൊരു തുടക്കം കുറിച്ചിരിക്കുകയാണ്. സർക്കാരിന്റെ 2006 ഓഗസ്റ്റ് 16-ാം തീയതിയിലെ ഉത്തരവ് പ്രകാരം ഒരു ഏകകാല നടപടിയിലൂടെ 1997-98 മുതൽ 2005-06 വരെയുള്ള കണക്കുകൾ ക്രമപ്പെടുത്തി 989 ഗ്രാമപഞ്ചായത്തുകൾ വാർഷിക ധനകാര്യ പത്രികകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചു കഴിഞ്ഞു. കൂടാതെ 858 ഗ്രാമപഞ്ചായത്തുകൾ 2006-07 വർഷത്തെ കണക്കുകളും 58 ഗ്രാമപഞ്ചായത്തുകൾ 2007-08 വർഷത്തെ കണക്കുകളും ഇതിനകം ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

കംപ്ട്രോളർ & ആഡിറ്റർ ജനറൽ ശുപാർശ ചെയ്ത കേന്ദ്ര-സംസ്ഥാന സർക്കാർ പിന്തുടരുന്ന ഫങ്ഷണൽ ക്ലാസിഫിക്കേഷൻ സമ്പ്രദായമാണ് കണക്കെഴുത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവലംബിക്കുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റ് കുറ്റമറ്റതാക്കുന്നതിന് ആവിഷ്ക്കരിച്ച സമ്പ്രദായം നടപ്പാക്കുമ്പോൾ തന്നെ അവശ്യം വേണ്ട പരിശീലനവും നൽകിയിരുന്നു. ഈ ഫോർമാറ്റിൽ മാസാന്ത്യം വരെയുള്ള തൻവർഷത്തെ വരവ് ചെലവുകൾ പ്രതിമാസ അക്കൗണ്ടിൽ രേഖപ്പെടുത്തുന്നതിനാൽ മാർച്ച് മാസത്തെ പ്രതിമാസ അക്കൗണ്ട് തയ്യാറാക്കുന്നതോടെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റും തയ്യാറാകും. ഇപ്രകാരം തയ്യാറാക്കിയ കണക്ക് സാമ്പത്തികവർഷം അവസാനിച്ച് നാല് മാസങ്ങൾക്കകം (ജൂലായ് 31 നകം) ലോക്കൽ ഫണ്ട് ആഡിറ്റർക്ക് നൽണം. വാർഷിക അക്കൗണ്ട് സമർപ്പിക്കാത്തവരെ പ്രോസിക്യൂട്ട് ചെയ്യാനും പിഴശിക്ഷ വിധിക്കാനും വ്യവസ്ഥയുണ്ട്. ഇത്തരം കർശന വ്യവസ്ഥകൾ ഉണ്ടായിരുന്നിട്ടും വർഷങ്ങളായുള്ള കണക്ക് പലയിടങ്ങളിലും കൃത്യമായി തയ്യാറാക്കിയിരുന്നില്ല. കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതികളിൽ പ്രാദേശിക സർക്കാരുകൾ നേരിട്ട പ്രധാന വിമർശനം വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കൈവരിക്കുന്ന ഭൗതിക നേട്ടങ്ങൾ, ആസ്തികൾ, അവയുടെ ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങളും കണക്കുകളും തയ്യാറാക്കുന്നതിൽ വരുത്തിയ വീഴ്ചയായിരുന്നു. കൃത്യമായ കണക്കുകളുടെ അഭാവത്തിൽ കൈവരിച്ച നേട്ടങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും വിമർശനത്തെ പ്രതിരോധിക്കുന്നതിനും പൂർണ്ണമായും കഴിഞ്ഞിരുന്നില്ല. ഈ കുറവാണ് നിശ്ചയദാർഢ്യത്തോടെയും കർശനമായ സമീപനത്തിലൂടെയും സർക്കാർ പരിഹരിച്ചിരിക്കുന്നത്.

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്ത് 2008 ഏപ്രിൽ ഒന്നിനും, തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് പെർഫോമൻസ് ആഡിറ്റ് യൂണിറ്റിലെ പതിനഞ്ച് ഗ്രാമപഞ്ചായത്തുകൾ ജൂൺ മുപ്പതിനകവും ധനകാര്യ സ്റ്റേറ്റ്മെന്റ് ആഡിറ്റ് അധികാരികൾക്ക് നൽകി കഴിഞ്ഞു. ഭൂരിഭാഗം പഞ്ചായത്തുകളും ഈ ദിശയിലേയ്ക്കാണ് നീങ്ങുന്നതെന്നറിയുന്നത് ശുഭസൂചകമാണ്. എന്നാൽ ചിലയിടങ്ങളിൽ ഇതിനു വിരുദ്ധമായ പ്രവണതകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സുപ്രധാനരേഖയായ കാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തതും വാർഷിക കണക്കുകൾ സമർപ്പിക്കാത്തതും ഗുരുതരമായ വീഴ്ചയായി മാത്രമേ ഇനി കണക്കാക്കാൻ കഴിയുകയുള്ളു. കഴിഞ്ഞ രണ്ട് വർഷത്തെ പ്രയത്നം പാഴ്വേലയായി മാറുവാൻ അനുവദിക്കരുത്. കണക്കെഴുത്തിൽ കൈവരിച്ച പുരോഗതി നിലനിറുത്തണം. സദ്ഭരണത്തിന്റെ ഘടകങ്ങളായ അക്കൗണ്ടബിലിറ്റിയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട കണക്കുകൾ കുടിശിക ഇല്ലാതെ തയ്യാറാക്കുന്നതിൽ വീട്ടുവീഴ്ചയില്ലാത്ത സമീപനം തുടരേണ്ടതുണ്ട്.

എഡിറ്റർ



ഇ.എം.എസ് ഭവന പദ്ധതി

വീടില്ലാത്ത എല്ലാ ദരിദ്ര കുടുംബങ്ങൾക്കും വീട്

വീടില്ലാത്ത എല്ലാ ദരിദ്ര കുടുംബങ്ങൾക്കും വീട് നൽകുന്നതിനുള്ള ഇ.എം.എസ്. ഭവന പദ്ധതിയുടെ മാർഗരേഖ പുറപ്പെടുവിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അറിയിച്ചു. 2008-09 സാമ്പത്തിക വർഷം മുതൽ 2011 വരെയുള്ള മൂന്നു വർഷകാലയളവിനുള്ളിൽ എല്ലാവർക്കും വീട് നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധമായും പാവപ്പെട്ടവർക്ക് വീട് നൽകുന്ന പദ്ധതി ഏറ്റെടുക്കേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും വീടു നിർമ്മിക്കാൻ സ്ഥലവും എല്ലാ ഭവനരഹിത കുടുംബങ്ങൾക്കും വീടും ജീർണ്ണിച്ച വീടുകളുടെ മേൽക്കൂര ബലപ്പെടുത്തി (Roof Changing) ഗുണമേന്മ വർദ്ധിപ്പിച്ച് (Shelter Upgradation) വാസയോഗ്യമാക്കുകയുമാണ് ഭവനപരിപാടിയുടെ പ്രധാന ലക്ഷ്യം. ലക്ഷ്യം കൈവരിക്കുന്നതിന് അർഹതയുള്ളവരുടെ ലിസ്റ്റ്

**ഇ.എം.എസ്.
ഭവന പദ്ധതി
മാർഗ്ഗരേഖ
പുറപ്പെടുവിച്ചു**



പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

ജൂലായ് പത്തിനകം തയ്യാറാക്കണം. പരിശോധിച്ച് സാധുവാക്കിയ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ക്ഷണിക്കേണ്ടതാണ്. ഈ നടപടി ജൂലൈ 20 നകം പൂർത്തിയാക്കണം. ആക്ഷേപങ്ങൾ നൽകാൻ 15 ദിവസത്തെ സമയം നൽകണം. ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമലിസ്റ്റിന് ഗ്രാമ- വാർഡു സഭകളുടെ അംഗീകാരം വാങ്ങണം.

ഭവന നിർമ്മാണത്തിന് സ്ഥലം നൽകാൻ ആദ്യ പരിഗണന നൽകണം. വൈദ്യുതി, കുടിവെള്ളം മുതലായ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്ന രീതിയിൽ 10 കുടുംബങ്ങൾക്ക് എങ്കിലും ഒരു പ്രദേശത്തു തന്നെ വീട് നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്തുന്നതിന് ശ്രമിക്കണം. ഗ്രാമപ്രദേശങ്ങളിൽ ചുരുങ്ങിയത് 2 സെന്റ് ഭൂമിയും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ചുരുങ്ങിയത് ഒന്നര സെന്റ് ഭൂമിയും ഒരു കുടുംബത്തിന് നൽകണം. ഭൂമിയുടെ ലഭ്യത വളരെ കുറവും വില വാങ്ങാൻ കഴിയാത്ത തരത്തിൽ വളരെ കൂടുതലും ആയ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി മൂന്ന് നിലകൾ വരെ



യുള്ള ഫ്ളാറ്റുകളും പരിഗണിക്കാവുന്നതാണ്.

വീടു വയ്ക്കാനുള്ള സ്ഥലം സൗജന്യമായി ലഭിക്കാനുള്ള സാദ്ധ്യത പരിശോധിക്കണം. പൊതുഭൂമി ലഭിക്കുന്നതിനു ശ്രമിക്കണം. ഇപ്രകാരം ഭൂമി ലഭ്യമല്ലെങ്കിൽ ഭൂമി ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

പുതിയ വീടിന്റെ തറ വിസ്തൃതി കുറഞ്ഞത് 25 ചതുരശ്ര മീറ്ററും കൂടിയത് 40 ചതുരശ്ര മീറ്ററും ആയിരിക്കണം. ഗുണഭോക്താക്കളെ കടക്കെണിയിലാക്കുന്ന സാഹചര്യം ഒഴിവാക്കാനും അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കാതിരിക്കാനും വേണ്ടിയാണ് തറവിസ്തൃതിക്ക് കൂടിയ പരിധി നിർദേശിച്ചിരിക്കുന്നത്.

ഭവന നിർമ്മാണത്തിന് ഒരു പാക്കേജ് സമീപനം ഉറപ്പ് വരുത്തണം. മേൽക്കൂര മഴവെള്ള സംഭരണ സൗകര്യം, ടോയ്‌ലറ്റ്, സോക്ക്പിറ്റ് കക്കൂസ്, മലിനജലം ഒഴുകുന്നതിന് സൗകര്യം, പുകയില്ലാത്ത അടുപ്പുകൾ മുതലായവ ഭവന നിർമ്മാണ പാക്കേജിന്റെ അവിഭാജ്യ ഘടകങ്ങളായിരിക്കണം. ഇവയ്ക്ക് ജനകീയാസൂത്രണ പ്രകാരം അനുവദനീയമായ സബ്സിഡി അധികമായി നൽകാവുന്നതാണ്.

പദ്ധതി നടത്തിപ്പിനുള്ള സബ്സിഡി മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. വികസന ഫണ്ടിന്റെ 15 ശതമാനത്തിൽ കുറയാത്ത തുക ഇ.എം.എസ്. ഭവന പദ്ധതിക്ക് ഉപയോഗിക്കാം. കൂടാതെ തനത് ഫണ്ടും, ജനറൽ പർപ്പസ് ഫണ്ടും ഉപയോഗിക്കാവുന്നതാണ്. പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിച്ചും വായ്പ എടുത്തും മൂന്നു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണമെന്ന് മാർഗ്ഗരേഖയിൽ നിർദേശിച്ചിരിക്കുന്നു.

ഭവന പദ്ധതിയുടെ നടത്തിപ്പിന് ജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റിയും സന്നദ്ധ സാങ്കേതിക ഗ്രൂപ്പും രൂപീകരിക്കാനും നിർദേശം നൽകിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു.

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

പഞ്ചായത്ത് രാജ് : കേരളത്തിന്റെ പങ്ക് നിസ്തുലം

മണിശങ്കർ അയ്യർ

പഞ്ചായത്ത് രാജ് സംവിധാനം ശക്തമാക്കുന്നതിൽ കേരളത്തിന്റെ പങ്ക് നിസ്തുലമാണെന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി മണിശങ്കർ അയ്യർ പറഞ്ഞു. എറണാകുളം ടൗൺഹാളിൽ പഞ്ചായത്ത് മഹിളാശക്തി അഭിയാൻ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ നേട്ടങ്ങളും അനുഭവങ്ങളും അധികാരവികേന്ദ്രീകരണത്തെ ശക്തമാക്കുന്നതിൽ കേന്ദ്രത്തിന് മാർഗദീപമാണ്. വനിതാശാക്തീകരണത്തിലും കേരളം ഒന്നാമതാണ്. കേരളത്തിലെ വനിതാ പ്രതിനിധികൾക്കുള്ള പരിശീലനത്തിന് കൂടുതൽ തുക അനുവദിക്കണമെന്ന മന്ത്രി പാലോളി മുഹമ്മദ്കുട്ടിയുടെ ആവശ്യം ഗൗരവത്തോടെ പരിഗണിക്കും. എന്നാൽ തദ്ദേശസ്ഥാപനങ്ങളിലെ വനിതാ സംവരണത്തിന്റെ കാര്യത്തിൽ കേരളം പിന്നിലാണ്. ബീഹാർ, രാജസ്ഥാൻ, ഛത്തീസ്ഗഢ് തുടങ്ങി പത്തിലേറെ പിന്നോക്ക സംസ്ഥാനങ്ങളിൽ വനിതകൾക്ക് 50 ശതമാനം സംവരണമുണ്ട്. പഞ്ചായത്തുകളെ കംപ്യൂട്ടർ മുഖേന പരസ്പരം ബന്ധിപ്പിക്കുന്ന ഇ-പഞ്ചായത്ത് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 8000 കോടി രൂപയാണ് മുതൽമുടക്ക്. ഈ പദ്ധതിക്ക് കേന്ദ്ര ധനമന്ത്രാലയത്തിന്റെ അംഗീകാരം കിട്ടാനും വനിതാ പഞ്ചായത്ത് അംഗങ്ങൾ സമ്മർദ്ദം ചെലുത്തണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. മന്ത്രി പാലോളി മുഹമ്മദ്കുട്ടി അധ്യക്ഷനായിരുന്നു.

(കടപ്പാട് : ദേശാഭിമാനി ദിനപത്രം)

ഇതിനകം
സദസ്സിൽ
നിന്ന് ഒരാൾ
പറയുന്നത് കേട്ടു.
വേദിയിൽ
യാഥാർത്ഥ്യത്തോടെ
സംസാരിച്ച രണ്ടേ രണ്ടു
മന്ത്രിമാരെ ഉള്ളൂ.
കേന്ദ്ര- കേരള
മന്ത്രിമാരാണവർ

ആന്ധ്രാപ്രദേശിലെ
മന്ത്രിയുടെ ഊഴം വന്നു.
അദ്ദേഹം വാചാലനായി.
പൊടുന്നനെയാണ് മുദ്രാവാക്യം
വിളിയുണ്ടായത്.
'ജൂഠ് ബോൽതാ ഹൈ'
(കള്ളം പറയുന്നു)
ചെയ്യാത്ത കാര്യങ്ങൾ
ചെയ്തതായി പറഞ്ഞെന്നാണ്
ആരോപണം

ഒരു സമ്മേളനത്തിന്റെ ബാക്കിപത്രം

ഡോ. പി.പി. ബാലൻ

സ്ഥലം ഡൽഹിയിലെ നീലങ്കരി ഗ്രൗണ്ടിലെ വിശാലമായ സമ്മേളന നഗരി. ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികളെക്കൊണ്ട് നിറഞ്ഞ സദസ്സ്. പുതിയ പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിന്റെ 15-ാം വാർഷികാഘോഷചടങ്ങിൽ പങ്കെടുക്കാനെത്തിയതാണവർ. വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ പഞ്ചായത്തീരാജ് മന്ത്രിമാർ അണിനിരന്ന വേദി സ്വന്തം സംസ്ഥാനത്ത് അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താൻ സ്വീകരിച്ച കാര്യങ്ങൾ വിശദീകരിക്കാൻ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രി അവരെ ഒന്നൊന്നായി ക്ഷണിക്കുന്നു. ആന്ധ്രാപ്രദേശിലെ മന്ത്രിയുടെ ഊഴം വന്നു. അദ്ദേഹം വാചാലനായി. പൊടുന്നനെയാണ് മുദ്രാവാക്യം വിളിയുണ്ടായത്. 'ജൂഠ് ബോൽതാ ഹൈ' (കള്ളം പറയുന്നു) ചെയ്യാത്ത കാര്യങ്ങൾ ചെയ്തതായി പറഞ്ഞെന്നാണ് ആരോപണം. മറ്റു ചില മന്ത്രിമാർ പ്രസംഗിക്കുമ്പോഴും ഇത്തരത്തിൽ കേൾവിക്കാർ അമർഷം പൂണ്ടു. സ്വന്തം സംസ്ഥാനത്തെ നിജസ്ഥിതി വിളിച്ചു പറയാൻ മന്ത്രിമാർക്ക് മടിയായിരുന്നു. ഇതിനകം സദസ്സിൽ നിന്ന് ഒരാൾ പറയുന്നത് കേട്ടു. വേദിയിൽ യാഥാർത്ഥ്യത്തോടെ സംസാരിച്ച രണ്ടേ രണ്ടു മന്ത്രിമാരെ ഉള്ളൂ. കേന്ദ്ര- കേരള മന്ത്രിമാരാണവർ. കേന്ദ്രപഞ്ചായത്തീ രാജ് മന്ത്രിക്ക് ഒന്നും മറച്ചുവയ്ക്കേണ്ടതില്ല. സംസ്ഥാനങ്ങളെക്കൊണ്ട് അധികാരവികേന്ദ്രീകരണം നടപ്പിലാക്കാൻ ബദ്ധശ്രദ്ധനായി പ്രവർത്തിക്കുകയാണദ്ദേഹം. കേരള തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രിക്കാകട്ടെ കേരളത്തിലെ അധികാരവികേന്ദ്രീകരണ കാര്യത്തിൽ വെള്ളം ചേർത്ത് സംസാരിക്കേണ്ടതില്ല. കാരണം അധികാരവികേന്ദ്രീകരണത്തിലെ കേരളമാതൃക ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മന്ത്രിമാർ കാര്യങ്ങൾ മറച്ചുവെച്ചു സംസാരിക്കുന്നതിന് അവരെ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കാരണം ഇത് ഒരു പ്രതിബദ്ധതയുടെ പ്രശ്നമാണ്; രാഷ്ട്രീയ ഇച്ഛാശക്തിയുടേതും.

ഇന്ത്യ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ്. പ്രാതിനിധ്യ ജനാധിപത്യത്തിലും നാം ഒന്നാംസ്ഥാനത്താണ്. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് ആണ് പഞ്ചായത്തീരാജിന്റെ അടിസ്ഥാന തത്വം. ഭരണഘടനാ ശില്പി അംബേദ്കറാണ് പഞ്ചായത്തീരാജ് സംവിധാനത്തിലെ പിന്നോക്ക സംവരണത്തെപ്പറ്റി ആദ്യം പറഞ്ഞത്. തുടർന്ന് വനിതാസംവരണം ഉയർത്തിപ്പിടിച്ചത് രാജീവ് ഗാന്ധിയായിരുന്നു. ഇപ്പോൾ ഇന്ത്യയിലെ 26 ലക്ഷം ജനപ്രതിനിധികളിൽ 10 ലക്ഷം പേർ വനിതകളാണ്. 5.2 ലക്ഷം പേർ പട്ടികജാതി വിഭാഗത്തിലും 3.3 ലക്ഷം ജനപ്രതിനിധികൾ പട്ടികവർഗ്ഗക്കാരും. ഇന്ത്യയിലെ പഞ്ചായത്ത് രാജ് സംവിധാനം വ്യവസ്ഥാപിതമാക്കുന്നതിലൂടെ 70 കോടി അവസരങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കുമെന്ന് ഇന്ത്യൻ പ്രധാനമന്ത്രി പറഞ്ഞു. 11-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്ന സമ്പൂർണ്ണ വളർച്ച (inclusive growth) കൈവരിക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാണ്. ജനങ്ങളുടേയും ജനപ്രതിനിധികളുടേയും കൂട്ടായ ഇടപെടലിലൂടെയുള്ള ആസൂത്രണവും നിർവ്വഹണവും അനിവാര്യമാണെന്ന് പദ്ധതിരേഖയിൽ തന്നെ പരാമർശിച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം പല തലത്തിലാണ് ഉള്ളത്. അധികാരവികേന്ദ്രീകരണം ഭരണഘടനാ ഭേദഗതിയിലൂടെ മുകളിൽ നിന്നും അടിച്ചേൽപ്പിച്ച പരിപാടിയായി വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ താഴെത്തട്ടിൽ നിന്നും സ്വയം പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് പ്രാദേശിക ഭരണം ശക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ശക്തമായിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായിട്ടാണ് ഡൽഹിയിലെ സമ്മേളനം രൂപം നൽകിയ പഞ്ചായത്ത് രാജിന്റെ 15-ാം വാർഷിക ചാർട്ടർ (charter). ഗാന്ധിജിയുടെ സ്വപ്നസാക്ഷാത്ക്കാരത്തിന്റെ വഴികാട്ടിയായി പ്രസ്തുത ചാർട്ടർ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. അധികാരവികേന്ദ്രീകരണം, വിഭവ സമാഹരണം, സംവരണം, ശാക്തീകരണം തുടങ്ങിയ മേഖലകളിൽ കൂടുതൽ ഇടപെടലുകൾക്കായുള്ള മാർഗരേഖ കൂടിയാണിത്.

നിയമനിർമ്മാണത്തിന്റെ അനിവാര്യത

സംസ്ഥാനങ്ങളെല്ലാം തന്നെ 11-ാം പട്ടികയിലെ 29 വിഷയങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയതായി ഉദ്ഘോഷിക്കാറുണ്ട്. ഇതിന് നിദാനമായി അവർ ചൂണ്ടിക്കാട്ടുന്നത് പ്രവർത്തനകലണ്ടർ തയ്യാറാക്കിയ കാര്യമാണ് (Activity Mapping). എന്നാൽ ഇത് വെറും കടലാസിൽ മാത്രമാണെന്ന് പല സംസ്ഥാനങ്ങളിലെയും അനുഭവങ്ങൾ തെളിയിക്കുന്നു. പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടോ ഉദ്യോഗസ്ഥരെയോ നൽകിയിട്ടില്ല എന്ന യാഥാർത്ഥ്യം പലപ്പോഴും പുറത്തറിയാറില്ല. ഏറ്റവും നല്ല Activity Mapping തയ്യാറാക്കിയ സംസ്ഥാനമാണ് പഞ്ചാബ്. എന്നാൽ ഇവിടെ 7 വിഷയങ്ങളിൽ മാത്രമാണ് വികേന്ദ്രീകരണം നടന്നത്. ഹിമാചൽപ്രദേശിൽ അത് 12 വിഷയങ്ങളിൽ മാത്രമായി നിലനിൽക്കുന്നു. മണിപ്പൂരിൽ 16 വിഷയങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥ പുനർ വിന്യാസം നടന്നിട്ടില്ല. നൽകിയ അധികാരങ്ങൾ പോലും ശാശ്വതമല്ല. ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ അത് തിരിച്ചെടുക്കുന്ന പ്രവണതയും കാണാം. സമ്മേളനം മുന്നോട്ടു വച്ച കാതലായ നിർദ്ദേശങ്ങളിലൊന്ന് സംസ്ഥാന നിയമസഭ അധികാരവും പണവും ഉദ്യോഗസ്ഥരേയും കൈമാറുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണം എന്നതാണ്.

സമാന്തര സംവിധാനങ്ങൾ

പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങളിൽ കൈകടത്തിക്കൊണ്ട് വിവിധ ഏജൻസികളും സൊസൈറ്റികളും, മിഷനുകളും പ്രവർത്തിക്കുന്നു. DRDA, സർവ്വശിക്ഷാ അഭിയാൻ (SSA), നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) നാഷണൽ ഹോർട്ടികൾച്ചറൽ മിഷൻ (NHM) എന്നിവ ഇവയിൽ ചിലത് മാത്രമാണ്. 15-ാം വാർഷിക ചാർട്ടർ അവ പൂർണ്ണമായും ഇല്ലാതാക്കുവാനോ പഞ്ചായത്തിൽ ലയിപ്പിക്കുവാനോ ആവശ്യപ്പെടുന്നു. ചുരുക്കത്തിൽ ഇത്തരം സംവിധാനങ്ങളിൽ പഞ്ചായത്തിന്റെ മേൽക്കോയ്മ ഉറപ്പിക്കുകയാണ് പ്രധാനം. MLA മാരുടേയും MP മാരുടേയും പ്രാദേശിക വികസന ഫണ്ട് ചെലവിടുമ്പോഴും പഞ്ചായത്തിന്റെ ആവശ്യം കൂടി പരിഗണിച്ചായിരിക്കണം എന്ന് ചാർട്ടർ വ്യക്തമാക്കുന്നു.

ജില്ലാ പ്ലാനിംഗ് കമ്മിറ്റി

പതിനെട്ട് സംസ്ഥാനങ്ങളിൽ മാത്രമാണ് പ്ലാനിംഗ് കമ്മിറ്റികൾ നിലവിൽ

ഒരു സമ്മേളനത്തിന്റെ ബാക്കിപത്രം

സംസ്ഥാനങ്ങളെല്ലാം തന്നെ 11–ാം പട്ടികയിലെ 29 വിഷയങ്ങളും
തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയതായി ഉദ്ഘോഷിക്കാറുണ്ട്.
ഇതിന് നിദാനമായി അവർ ചൂണ്ടിക്കാട്ടുന്നത്
പ്രവർത്തനകലണ്ടർ തയ്യാറാക്കിയ കാര്യമാണ്.
എന്നാൽ ഇത് വെറും കടലാസിൽ മാത്രമാണെന്ന്
പല സംസ്ഥാനങ്ങളിലെയും അനുഭവങ്ങൾ തെളിയിക്കുന്നു.

പതിനെട്ട് സംസ്ഥാനങ്ങളിൽ മാത്രമാണ്
പ്ലാനിംഗ് കമ്മിറ്റികൾ നിലവിൽ വന്നിട്ടുള്ളത്.
അവയിൽ പലതും പ്രവർത്തനരഹിതമാണ്.
അധികാരവികേന്ദ്രീകരണ സ്പിരിട്ടിന് വിരുദ്ധമായി മിക്കയിടത്തും
മന്ത്രിമാരാണ് ചെയർമാൻമാരായി അവരോധിതരായിട്ടുള്ളത്.
ഹിമാചൽ പ്രദേശിലെ 'ചമ്പ' ജില്ലയിൽ നിയമസഭാ സ്പീക്കറാണ് ചെയർമാൻ.

വന്നിട്ടുള്ളത്. അവയിൽ പലതും പ്രവർത്തനരഹിതമാണ്. അധികാരവികേന്ദ്രീകരണ സ്പിരിട്ടിന് വിരുദ്ധമായി മിക്കയിടത്തും മന്ത്രിമാരാണ് ചെയർമാൻമാരായി അവരോധിതരായിട്ടുള്ളത്. കേന്ദ്ര പദ്ധതികളായ പിന്നോക്കജില്ലാ വികസന ഗ്രാന്റ് (BRGF) സമഗ്ര കൃഷിവികസന പദ്ധതി (CDAP) തുടങ്ങിയവയുടെ പണം ലഭിക്കുന്നതിന് DPC രൂപീകരണം നിർബന്ധമാക്കിയിട്ടും പഞ്ചാബ് പോലുള്ള സംസ്ഥാനങ്ങൾ ചെവിക്കൊണ്ടിട്ടില്ല. ഇവിടെ ഡി.പി.സി ക്കു പകരമായുള്ളത് ഉദ്യോഗസ്ഥ കമ്മിറ്റിയാണ്. ഹിമാചൽ പ്രദേശിലെ 'ചമ്പ' ജില്ലയിൽ നിയമസഭാ സ്പീക്കറാണ് ചെയർമാൻ. പ്രസ്തുത സ്ഥാനത്തിരുന്നുകൊണ്ട് അദ്ദേഹം പഞ്ചായത്തുകളെ ശക്തിപ്പെടുത്തണമെന്ന് പ്രസംഗിച്ചതിലെ വൈരുദ്ധ്യം സാദാ അംഗമായി യോഗത്തിൽ പങ്കെടുത്ത ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷനെങ്കിലും മനസ്സിലാക്കിയിരിക്കും. ഇംഫാൽ ജില്ലയിലെ ഡി.പി.സി.യിലെ അംഗസംഖ്യ എൺപതോളം വരും. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഇവിടെ അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡി.പി.സി യെ ജില്ലാ പ്ലാൻ തയ്യാറാക്കുന്നതിന് സഹായകമായ രീതിയിൽ ശാക്തീകരിക്കേണ്ടതിന്റെ ആവശ്യം സമ്മേളനം മുമ്പോട്ടു വച്ചിട്ടുണ്ട്. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്കർഹമായ പ്രാതിനിധ്യം ഡി.പി.സി. യിൽ നൽകണമെന്നും ചാർട്ടർ വ്യക്തമാക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

പഞ്ചായത്തുകളറിയാതെയാണ് പല കേന്ദ്രാവിഷ്കൃത പദ്ധതികൾ വരുന്നതും പോകുന്നതും. മാർഗ്ഗരേഖയിലെ സങ്കീർണത തന്നെ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ തൊഴിലുറപ്പു പദ്ധതി (NREGP), ദേശീയ ഗ്രാമീണ ഹെൽത്ത് മിഷൻ (NRHM), സർവ്വ ശിക്ഷാ അഭിയാൻ (SSA), ദേശീയ ഉച്ചഭക്ഷണ പരിപാടി (MDM), ഗ്രാമീണ കുടിവെള്ള പദ്ധതി (ARWSP) സമ്പൂർണ്ണ ശുചിത്വ പരിപാടി, പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY), ICDS, IAY, SGSY തുടങ്ങിയവയുടെ മാർഗ്ഗരേഖകൾ പ്രാദേശികഭാഷയിൽ നൽകണമെന്നും പഞ്ചായത്തുകളുടെ പൂർണ്ണമായ പങ്കാളിത്തം ഇവയുടെ നടത്തിപ്പിൽ വേണമെന്നും പ്രത്യേക പരാമർശമുണ്ട്. പ്രാദേശിക വകഭേദത്തോടെ പദ്ധതി നടപ്പിലാക്കാനുള്ള അനുമതിയും ആവശ്യമാണ്.

കൂടുതൽ അധികാരങ്ങളും പ്രവർത്തന സ്വാതന്ത്ര്യവും

വികസനാധികാരങ്ങൾ കൂടാതെ റവന്യൂ, പോലീസ്, നീതിന്യായ അധികാരങ്ങളും പഞ്ചായത്തുകൾക്ക് ലഭ്യമാക്കണമെന്ന് ശക്തമായ തീരുമാനവും ചാർട്ടറിൽ ഉണ്ട്. കേരളത്തിൽ നിലനിൽക്കുന്നതുപോലെ പ്ലാൻ വിഹിതം പഞ്ചായത്തുകൾക്ക് നേരിട്ട് നൽകുന്ന രീതി ഇതരസംസ്ഥാനങ്ങളും നടപ്പിലാക്കണം. സംസ്ഥാന വിഹിതത്തിന് സമാനമായ തുക പഞ്ചായത്തുകൾക്ക് നൽകാൻ കേന്ദ്രം തയ്യാറാകണമെന്നും രേഖ പ്രതിപാദിക്കുന്നു. കൂടാതെ പഞ്ചായത്തുകൾ നൽകുന്ന നൂതനങ്ങളായ പദ്ധതികൾക്ക് കേന്ദ്രം പ്രത്യേക പരിഗണന നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വിഭവ സമാഹരണം

നികുതി, നികുതിയേതര വരുമാനങ്ങളിലൂടെ പഞ്ചായത്തുകൾ സ്വന്തം വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. സംസ്ഥാന ആക്ടുകളിൽ വിശദമായി തന്നെ ഈ കാര്യങ്ങൾ പ്രതിപാദിച്ചതായി കാണാം. എന്നാൽ പല സംസ്ഥാനങ്ങളും ഇവ പ്രാവർത്തികമാക്കിയിട്ടില്ല. ഹിമാചൽ പ്രദേശ്, ഉത്തർഖണ്ഡ്, ഉത്തർപ്രദേശ്, ബീഹാർ തുടങ്ങി പന്ത്രണ്ടോളം സംസ്ഥാനങ്ങളിൽ പഞ്ചായത്തുകൾ യാതൊരു നികുതിയും പിരിക്കുന്നില്ല. മുകളിൽ നിന്ന് ലഭിക്കുന്ന തുച്ഛമായ ഗ്രാന്റുകളാണ് ഇവയുടെ ഏക ആശ്രയം. സേവനത്തിന് സമാനമായ നികുതി ഈടാക്കുക എന്ന സാമാന്യതത്വം അംഗീകരിച്ച് കൂടുതൽ വരുമാന സ്രോതസ്സുകൾ കണ്ടെത്താൻ പഞ്ചായത്തുകളോട് പ്രമേയം ആവശ്യപ്പെടുന്നു.

ഉദ്യോഗസ്ഥ നിയന്ത്രണം

പഞ്ചായത്തുകളിലേക്ക് പുനർവിന്യാസം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പൂർണ്ണനിയന്ത്രണം പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കണം. ദ്വിമാന നിയന്ത്രണം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എല്ലാ ഉദ്യോഗസ്ഥരേയും പഞ്ചായത്തിന്റെ പൊതു കേഡറിൽ കൊണ്ടുവരണം. ഉദ്യോഗസ്ഥരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകേണ്ടത് പഞ്ചായത്തുകൾ തന്നെയായിരിക്കണം. അവരുടെ ട്രാൻസ്ഫർ, പോസ്റ്റിംഗ്, ശിക്ഷാ നടപടികൾ എന്നിവയ്ക്ക് പഞ്ചായത്തുകൾക്ക് തന്നെയായിരിക്കണം അധികാരം. ഗ്രാമസഭാ സമ്മേളനങ്ങളിൽ സാധാരണയായി ഉദ്യോഗസ്ഥ സാന്നിദ്ധ്യം അന്യമാണ്. വിവിധ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ടായിരിക്കണം ഗ്രാമസഭകൾ ചേരേണ്ടത്.

ശാക്തീകരണ പ്രവർത്തനങ്ങൾ

പരിശീലനത്തിന് മുന്തിയ പരിഗണന

യാണ് ചാർട്ടർ നൽകുന്നത്. സുസ്ഥിരമായ പരിശീലന രീതി ഓരോ സംസ്ഥാനങ്ങളും അവലംബിക്കണം. ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും ഒന്നിച്ചിരുത്തിയുള്ള പരിശീലനം ടീം ബിൽഡിങ്ങിന് സഹായകമാകും. കാര്യപ്രാപ്തിയുള്ള ജനപ്രതിനിധികളെ പരിശീലകരായി അംഗീകരിക്കേണ്ടതാണ്.

വിവിധ സംസ്ഥാനങ്ങളിലെ അനുകരണീയ മാതൃകകൾ കണ്ടെത്തി അവയ്ക്ക് പ്രോൽസാഹനം നൽകുന്ന പരിപാടികളും ആവിഷ്ക്കരിക്കണം. പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്ക് അത്തരം അനുകരണീയ മാതൃകകൾ തങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമായിരിക്കും. വിദ്യാർത്ഥികൾക്ക് പ്രാദേശികഭരണത്തിൽ അവബോധം നൽകുന്നതിന് സ്കൂൾ സിലബസിൽ പ്രാദേശിക ഭരണത്തെ സംബന്ധിച്ച വിഷയം ഉൾപ്പെടുത്തണം. പരിശീലന സഹായഗ്രന്ഥങ്ങൾ പഞ്ചായത്തംഗങ്ങളുടെ സഹായത്തോടെ ആയിരിക്കണം തയ്യാറാക്കേണ്ടത്. കൂടാതെ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, മാധ്യമപ്രവർത്തകർ, സന്നദ്ധ സംഘടന പ്രതിനിധികൾ എന്നിവരെയും പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ജില്ലാ ബ്ലോക്കു കേന്ദ്രങ്ങളിൽ 'ഹെൽപ്പ് ലൈനുകൾ' (Help line) സ്ഥാപിച്ച് സംശയ ദൂരീകരണവും ഏർപ്പെടുത്തേണ്ടതാണ്. ഗയ്രോളകമ്മിറ്റി നിർദ്ദേശിക്കപ്പെട്ട പോലെ സാറ്റലൈറ്റ് സംവിധാന പരിശീലനവും അഭികാമ്യമാണെന്ന് പത്രികയിൽ നിർദ്ദേശിക്കുന്നു.

ഗ്രാമീണ വ്യാപാര കേന്ദ്രങ്ങൾ (Rural Business Hubs)

പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിലൂടെ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ പഞ്ചായത്തുകൾ ശ്രമിക്കേണ്ടതാണ്. സ്വയം സഹായ സംഘങ്ങളുടെ നെറ്റ് വർക്കിങ്ങ് ഗ്രാമീണ വ്യാപാരകേന്ദ്രങ്ങളുടെ വളർച്ചയ്ക്ക് സഹായകരമായിരിക്കും. ഖാദി – ഗ്രാമീണ വ്യവസായ കമ്മീഷൻ, നബാർഡ്, കരകൗശല വ്യവസായ കമ്മീഷൻ തുടങ്ങിയവയുടെ പ്രവർത്തനം പഞ്ചായത്തുകളുമായി സംയോജിപ്പിക്കേണ്ടതാണ്. മൈക്രോസംരംഭങ്ങളുടെ നടത്തിപ്പിനാവശ്യമായ പ്രോത്സാഹനവും പരിശീലനവും വിഭവസ്രോതസ്സും ലഭ്യമാക്കാനുള്ള നടപടി പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ തന്നെ ഉണ്ടാകേണ്ടതാണ്. കേരളത്തിലെ കുടുംബശ്രീ പ്രവർത്തനം അനുകരണീയ മാതൃകയാണെന്ന് പത്രിക ചൂണ്ടിക്കാട്ടുന്നു.

മറ്റു നിർദ്ദേശങ്ങൾ

സംവരണ കാലാവധി അഞ്ച് വർഷത്തിനു പുറമെ അടുത്ത ഒന്നോ രണ്ടോ ഘട്ടത്തിലേക്കു കൂടി വ്യാപിപ്പിക്കേണ്ടതാണെന്ന കാതലായ നിർദ്ദേശം പ്രമാണം ഉൾക്കൊള്ളുന്നു. സുതാര്യഭരണത്തിന് ഊന്നൽ നൽകുന്നതിന് സോഷ്യൽ ഓഡിറ്റിന്റെ നല്ല മാതൃകകൾ കണ്ടെത്തി പ്രാവർത്തികമാക്കേണ്ടതാണ്. സംസ്ഥാന ഗവൺമെന്റ് ഒരു സോഷ്യൽ ഓഡിറ്റിങ്ങ് നയം പ്രഖ്യാപിക്കുന്നത് അഭികാമ്യമായിരിക്കും. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിലും ലൈൻ ഡിപ്പാർട്ടുമെന്റുകളിലും സോഷ്യൽ ഓഡിറ്റിങ്ങ് വ്യാപിപ്പിക്കേണ്ട ആവശ്യവും ഊന്നി പറഞ്ഞിരിക്കുന്നു. ഗ്രാമസഭകളുടെ പ്രവർത്തനം ഊർജ്ജിതമാക്കാനുള്ള നിർദ്ദേശവും പത്രികയിൽ പരാമർശിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്താനും പ്രവർത്തികളുടെ മുൻഗണനാ തീരുമാനിക്കാനുമുള്ള അധികാരത്തിനു പുറമെ ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ (Utilization Certificate) നൽകാനുള്ള അധികാരവും ഗ്രാമസഭകൾക്ക് നൽകേണ്ടതാണ്. പഞ്ചായത്ത് ജനപ്രതിനിധികളുടെ ദേശീയ കൂട്ടായ്മ (National Network) രൂപീകരണമാണ് സുപ്രധാനമായ മറ്റൊരു നിർദ്ദേശം. പ്രാദേശിക ഭരണ രംഗത്തെ പ്രശ്നങ്ങൾ കേന്ദ്ര സംസ്ഥാന ഗവൺമന്റുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും അത്തരം കൂട്ടായ്മകൾ അനിവാര്യമാണ്.

പല വിലപ്പെട്ട നിർദ്ദേശങ്ങളും ചാർട്ടർ മുമ്പോട്ടുവെച്ചിട്ടുണ്ട്. പ്രാദേശിക ഭരണം ചലനാത്മകമാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണധികവും. ഇതിൽ കുറേ ഏറെ കാര്യങ്ങൾ കേരളം നടപ്പിലാക്കിയിട്ടുണ്ട്. 73–ാം ഭരണഘടനാ ഭേദഗതി നിലവിൽ വന്നതിന്റെ 15–ാം വാർഷികം ആഘോഷിക്കുന്ന ചരിത്രമുഹൂർത്തത്തിൽ രാജ്യത്തെ 80 കോടിയോളം വരുന്ന ജനപ്രതിനിധികൾ പ്രാദേശിക ജനാധിപത്യസംവിധാനത്തിലൂടെ സാമൂഹ്യനീതിക്കും സാമ്പത്തിക സമത്വത്തിനും അക്ഷീണം പ്രവർത്തിക്കുമെന്ന് ചാർട്ടർ ഉറപ്പു നൽകുന്നു.

(ലേഖകൻ ചണ്ഡീഗഢിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡവലപ്മെന്റിന്റെ ഡയറക്ടറാണ്)

പതിനൊന്നാം പദ്ധതിയും 'കില'യും

പ്രൊഫ.എൻ. രമാകാന്തൻ

പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനകീയ സംഘടനാസംവിധാനവുമായി ചേർന്ന് പ്രവർത്തിക്കുന്നവരുടെയും പരിശീലനങ്ങളുടെ ചുമതല കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെയാണ് സർക്കാർ ഏല്പിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആവശ്യാധിഷ്ഠിതവും സമയബന്ധിതവുമായ പരിശീലനം ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നതാണ് കിലയുടെ ഉത്തരവാദിത്വം. പതിനൊന്നാം പദ്ധതി കാര്യക്ഷമമായും സാമൂഹ്യനേട്ടം കൈവരിക്കുന്നതിനും സഹായകമാവുകയും ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനാവശ്യമായ വിവിധ പരിശീലനങ്ങൾ ഇതിനകം കില ആരംഭിച്ചു കഴിഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ. ആർ.ഡി) എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ (ഇ.ടി.സി) എന്നിവയുടെയും കുടുംബശ്രീ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുടെയും സഹകരണത്തോടെയാണ് പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ കില സംഘടിപ്പിക്കുന്നത്. മാത്രവുമല്ല പരിശീലനങ്ങൾ രൂപകല്പന ചെയ്യുന്നതിൽ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ജനാധിപത്യവേദിയായ പഞ്ചായത്ത് അസോസിയേഷന്റെയും നിരന്തരമായ ആശയവിനിമയവും കൂടിയാലോചനയും നടത്തുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനാവശ്യങ്ങൾ പരിഗണിക്കുന്നതിനും ആസൂത്രണ ചക്രവുമായി ബന്ധപ്പെട്ട കാലോചിതമായ ഉള്ളടക്കം പരിശീലനത്തിൽ ഉറപ്പാക്കുന്നതിനും കഴിയുന്നു.

പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനകീയ സംഘടനാ സംവിധാനവുമായി ചേർന്ന് പ്രവർത്തിക്കുന്നവരുടെയും പരിശീലനങ്ങളുടെ ചുമതല കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെയാണ് സർക്കാർ ഏല്പിച്ചിട്ടുള്ളത്.

പരിശീലന നയവും തന്ത്രവും

അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിനും സ്ഥായിയായതും ദീർഘവീക്ഷണത്തോടുകൂടിയതും കാര്യക്ഷമവുമായ പ്രാദേശിക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനാവശ്യമായ കാര്യശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വളർത്തി എടുക്കുക എന്നതാണ് പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശീലന നയം. ഈ നയത്തിനനുസൃതമായി താഴെപ്പറയുന്ന പരിശീലന തന്ത്രമാണ് കില പതിനൊന്നാം പദ്ധതിക്കായി രൂപ പ്പെടുത്തിയിട്ടുള്ളത്.

1. ആവശ്യാധിഷ്ഠിത ആസൂത്രണത്തോടൊപ്പം വിഭവാധിഷ്ഠിത ആസൂത്രണത്തിനുള്ള വൈദഗ്ദ്ധ്യം പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആർജ്ജിക്കുന്നതിന് സഹായകമായ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

2. കേരളത്തിലെ കാർഷികമേഖലയിൽ ഉൾപ്പെടെ അടിസ്ഥാന സമ്പത്തുല്പാദന മേഖലകളിൽ വളർച്ച കൈവരിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമായ വൈദഗ്ദ്ധ്യവും പ്രായോഗിക പരിജ്ഞാനവും വളർത്തുക.

3. പ്രകൃതി വിഭവ പരിരക്ഷണത്തിലൂന്നിയതും നീർത്തടാധിഷ്ഠിത വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സഹായകമായ പ്രാദേശിക വികസന പ്രവർത്തനങ്ങൾ ദീർഘകാല വികസന കാഴ്ചപ്പാടോടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള വൈദഗ്ദ്ധ്യം വളർത്തുക.

4. വിവിധ വികസന മേഖലകൾ തമ്മിലും വിവിധ തട്ടുകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുമുള്ള പരസ്പര ബന്ധം ശക്തിപ്പെടുത്തി ജില്ലയുടെ സമഗ്രവികസനത്തിന് സഹായകമായ സംയോജിത ജില്ലാപദ്ധതി രൂപപ്പെടുത്തുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം വളർത്തുക.

5. പ്രാദേശിക പദ്ധതിയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നേതൃത്വം നൽകുന്നതിനും ജില്ലയുടെ സമഗ്രവും ദീർഘകാല ലക്ഷ്യത്തോടെയുമുള്ള വികസനത്തിനാവശ്യമായ കാഴ്ചപ്പാട് രൂപ്പപെടുത്തുന്നതിനുമുള്ള ശേഷിയിലേക്ക് ജില്ലാ ആസൂത്രണ സമിതിയെ ഉയർത്തുന്നതിനാവശ്യമായ കാര്യശേഷി വളർത്തുക.

6. പ്രതിസന്ധിനേരിടുന്ന സാമൂഹ്യ വികസന മേഖലകളിൽ വർദ്ധിച്ച പദ്ധതി നിക്ഷേപം ഉറപ്പാക്കി ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, പാർപ്പിടം, ശുചിത്വം, ശിശുവികസനം എന്നീ മേഖലകളിൽ ഉയർന്ന ഗുണമേന്മയോടുകൂടിയ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം വളർത്തുക.

7. സമൂഹത്തിലെ അശരണരും, ദുർബ്ബലരുമായ സാമൂഹ്യജനവിഭാഗങ്ങളായ ആദിവാസികൾ, ദളിതർ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ അതിജീവന സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം വളർത്തുക.

8. സാമൂഹ്യവികസനത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ വികസനത്തിനും പദവിമെച്ചപ്പെടുത്തുന്നതിനും സഹായകമായ മനോഭാവം വളർത്തുകയും വികസനപ്രക്രിയയിൽ സ്ത്രീകളുടെ സജീവസാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുമാവശ്യമായ വൈദഗ്ദ്ധ്യം വളർത്തുക.

9. പ്രാദേശിക ഭരണം ജനാധിപത്യപരമായി പരിവർത്തനപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാടിത്തറ ഉറപ്പാക്കുന്നതിനാവശ്യമായ മനോഭാവം വളർത്തുന്നതിന് പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

10. പ്രാദേശിക ഭരണ നിർവ്വഹണത്തിൽ പുലർത്തേണ്ട അക്കൗണ്ടബിലിറ്റി, സുതാര്യത, ജനകീയത, ഉത്തരവാദിത്വബോധം എന്നിവ ഉറപ്പാക്കുന്നതിനും സദ്ഭരണം പ്രദാനം ചെയ്യുന്നതിനാവശ്യമായ മനോഭാവവും കാര്യശേഷിയും വളർത്തുക.

11. പ്രാദേശിക ഭരണത്തിലും ആസൂത്രണ പ്രക്രിയയിലും പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ മനോഭാവവും കാര്യശേഷിയും വളർത്തുക.

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യസംഘടനകളും ബഹുജനസംഘടനകളും തമ്മിലുമുള്ള പരസ്പര ബന്ധം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

വിപുലവും തുടർച്ചയായതുമായ പരിശീലനങ്ങൾ

ജനകീയാസൂത്രണത്തിന്റെ വിജയം പ്രാദേശിക ഭരണ നിർവ്വഹണവും ആസൂത്രണവുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ജനങ്ങൾക്കുള്ള നിരന്തരമായ പരിശീലനമായിരുന്നു എന്നത് ഒമ്പതാം പദ്ധതി ക്കാലത്ത് അസന്നിഗ്ദ്ധമായി തെളിയിക്കപ്പെട്ടതാണ്. വിപുലമായി സംഘടിപ്പിച്ച ഇത്തരം പരിശീലനങ്ങളാണ് ഭരണഘടനാപരമായ ബാദ്ധ്യതകളും ചുമതലകളും ഏറ്റെടുക്കുന്നതിനുള്ള ശേഷിയിലേക്ക് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉയർത്തിയത്. പതിനൊന്നാം പദ്ധതി ജനകീയാസൂത്രണമായി തുടരാനുള്ള തീരുമാനം സംസ്ഥാന സർക്കാർ എടുത്തതു കൊണ്ട് തന്നെ പ്രാദേശികാസൂത്രണം സുസ്ഥാപിതമാക്കുന്നതിന് വിപുലമായ പരിശീലനങ്ങൾ അത്യന്താപേക്ഷിതമാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന വിഭാഗങ്ങൾക്ക് നിരന്തരമായതും ആവശ്യാധിഷ്ഠിതവുമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് കിലയുടെ ലക്ഷ്യം.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വിവിധ ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ
4. പ്രാദേശിക പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ
5. പദ്ധതി വിലയിരുത്തലുമായി ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് അംഗങ്ങൾ
6. ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ
7. സ്വയംസഹായസംഘങ്ങൾ, അയൽക്കൂട്ടങ്ങൾ എന്നിവയുടെ ഭാരവാഹികൾ
8. ഗുണഭോക്തൃസമിതി ഭാരവാഹികൾ
9. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ

സ്ഥായിയായതും ദീർഘ വീക്ഷണത്തോടുകൂടിയതും കാര്യക്ഷമവുമായ പ്രാദേശിക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനാവശ്യമായ കാര്യശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വളർത്തി എടുക്കുക എന്നതാണ് പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശീലനനയം.

10. ബഹുജന സംഘടനാ പ്രതിനിധികൾ
11. മാദ്ധ്യമ പ്രതിനിധികൾ
12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മറ്റ് സഹായ സംഘടനാ സംവിധാനങ്ങളുടെ പ്രതിനിധികൾ
13. നീർത്തടവികസന കമ്മിറ്റി ഭാരവാഹികൾ

മുകളിൽ സൂചിപ്പിച്ച വിവിധ വിഭാഗം ജനങ്ങൾക്ക് ഒരു തവണ പരിശീലനം എന്നതല്ല മറിച്ച്, നിരന്തരമായ പരിശീലനങ്ങൾ ആസൂത്രണത്തിന്റെ വിവിധ ഘട്ട പ്രവർത്തനങ്ങളുമായി ചേർന്ന് സംഘടിപ്പിക്കുക എന്നതാണ് പതിനൊന്നാം പദ്ധതി കാഴ്ചപ്പാട്. മാത്രമല്ല, പരിശീലന ഉള്ളടക്കം ഓരോ വിഭാഗം ആളുകളുടെയും സവിശേഷമായ ചുമതലകളും ഉത്തരവാദിത്വങ്ങളുമായി ബന്ധപ്പെട്ട് വ്യത്യസ്തവുമായിരിക്കും. ആവശ്യാധിഷ്ഠിതവും ഫലപ്രദവുമായ പരിശീലനം നല്കി ഓരോ വിഭാഗത്തിന്റെയും സാമൂഹ്യശാക്തീകരണവും കാര്യപ്രാപ്തി വികസനവും ഉറപ്പാക്കുക എന്നതാണ് പതിനൊന്നാം പദ്ധതിയിലെ കാഴ്ചപ്പാട്. പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ആയിരത്തിലധികം പരിശീലന പരിപാടികളിലും ശില്പശാലകളിലുമായി ഒന്നേകാൽ ലക്ഷം പേരെ പങ്കെടുപ്പിക്കാൻ കില യ്ക്ക് കഴിഞ്ഞു.

വ്യവസ്ഥാപിതമായ വികേന്ദ്രീകരണ പരിശീലനം

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഒമ്പതാം പദ്ധതിക്കാലത്ത് സംഘടിപ്പിക്കപ്പെട്ട പരിശീലനങ്ങൾ ഏറെയും കാമ്പെയിൽ അടിസ്ഥാനത്തിലുള്ളതായിരുന്നു. കാമ്പെയിൻ ശക്തിപ്പെടുത്തുക എന്നതായിരുന്നു പരിശീലനങ്ങളുടെ മുഖ്യമായ ലക്ഷ്യം. എന്നാൽ ഇന്ന് പ്രാദേശികാസൂത്രണത്തിന്റെ ചിട്ടകളെയും നടപടിക്രമങ്ങളെയും സംബന്ധിച്ച് ഏകദേശ ധാരണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ വിഭവാധിഷ്ഠിതമായതും സുസ്ഥിരവികസനത്തിന് സഹായകമായതുമായ പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം ഇനിയും വളർന്നു വരേണ്ടതുണ്ട്. മാത്രവുമല്ല, ഫലപ്രദമായി ബഹുതല ആസൂത്രണത്തെ പ്രകൃതിവിഭവപരിരക്ഷണത്തിന് സഹായകമാവും വിധം നീർത്തടാധിഷ്ഠിത കാഴ്ചപ്പാടോടെ രൂപപെടുത്തുന്നതിനുള്ള വൈദഗ്ദ്ധ്യം വളർത്തുന്നതിൽ ഇനിയുമേറെ മുന്നോട്ട് പോകേണ്ടതുണ്ട്. ഭരണഘടനാപരമായി നിക്ഷിപ്തമായ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന് വിവിധ തട്ടുകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും തമ്മിലുള്ള പരസ്പരബന്ധത്തിലും ഇനിയുമേറെ കാര്യങ്ങൾ തീരുമാനിക്കേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിലുള്ള പരസ്പര ബന്ധത്തിൽ കൂടുതൽ സൗഹൃദപരമായ സമീപനം വളർന്നുവരേണ്ടതുണ്ട്. ജനകീയമായ ഭരണനിർവ്വഹണത്തിനാവശ്യമായ ഉപാധികൾ ഇനിയും ശക്തിപ്പെടേണ്ടതുണ്ട്. ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജാഗ്രത വേണ്ടത്ര ഉണ്ടായിട്ടില്ല. ചുരുക്കത്തിൽ ജനാധിപത്യപരവും ജനസൗഹൃദപരവുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും നിർവ്വഹണത്തിനുമുള്ള കാര്യപ്രാപ്തി കൈവരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്ന കാഴ്ചപ്പാടോടെയാണ് പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനങ്ങളുടെ നയവും തന്ത്രവും രൂപപ്പെടുത്തിയിട്ടുള്ളത്.

ഇത്രയേറെ വിപുലമായ പരിശീലനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പരിശീലനം വികേന്ദ്രീകരിക്കേണ്ടതുണ്ട്. കേന്ദ്രീകൃതമായി പൂർത്തിയാക്കേണ്ട പാഠ്യപദ്ധതി തയ്യാറാക്കൽ, പരിശീലകരുടെ പരിശീലനം, പഠനസാമഗ്രികളും കൈപ്പുസ്തകങ്ങളും രൂപപ്പെടുത്തൽ എന്നിവ കിലയുടെ നേതൃത്വത്തിൽ ചെയ്യുന്നു. പരിശീലന നിർവ്വഹണം വികേന്ദ്രീകരിച്ച് ജില്ലാതലത്തിലും ഉപജില്ലാതലത്തിലും നടത്തുക എന്നതാണ് പതിനൊന്നാം പദ്ധതിക്കാലത്തെ പരിശീലന സംഘാടനത്തിനും നടത്തിപ്പിനുമായി ചെയ്യുന്നത്. പരിശീലനത്തിന്റെ പ്രായോഗികതയും ഗുണമേന്മയും നിരന്തരമായി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും സഹായകമായ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനവും ഇതിന്റെ ഭാഗമായി ഏർപ്പെടുത്തുന്നതാണ്.



തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസനത്തിലും കാര്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം നിരന്തരമായ സഹായത്തിനാവശ്യമായ ഹെൽപ്പ്ലൈൻ സംവിധാനവും കില സംഘടിപ്പിച്ചിട്ടുണ്ട്.

പരിശീലനങ്ങളെ സാമൂഹ്യവിലയിരുത്തലിന് വിധേയമാക്കുന്നു

പരിശീലന ലക്ഷ്യങ്ങൾക്കനുസൃതമായി പരിശീലനം സംഘടിപ്പിക്കുന്നു എന്ന് വിലയിരുത്തുന്നതിനും കാലോചിതമായ ഉള്ളടക്കത്തോടെ പരിശീലനം രൂപകല്പന ചെയ്യുന്നു എന്നുറപ്പാക്കുന്നതിനും, പരിശീലനങ്ങളുടെ ഫലക്ഷമത വിലയിരുത്തുന്നതിനും ഫാക്കൽട്ടി ടീമിന്റെ കാര്യപ്രാപ്തി വിലയിരുത്തുന്നതിനും സഹായകമായ ജനകീയ മോണിറ്ററിംഗ് സംവിധാനം പതിനൊന്നാം പദ്ധതിയുടെ ഭാഗമായി രൂപപ്പെടുത്തുന്നതാണ്. ഇതിനായി എല്ലാ ജില്ലകളിലും ജില്ലാതല ട്രെയിനിംഗ് അഡ്വൈസറി കമ്മിറ്റികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ജില്ലാതല പരിശീലനത്തിന്റെ ഫലപ്രദമായ സംഘാടനം, നടത്തിപ്പ് എന്നിവ ഈ സമിതിയുടെ നേതൃത്വത്തിലായിരിക്കും. പൂർണ്ണമായും ജനകീയ പങ്കാളിത്തത്തോടെ രൂപപ്പെടുത്തിയിട്ടുള്ള ജില്ലാതല ട്രെയിനിംഗ് അഡ്വൈസറി കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

ചെയർമാൻ :
ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ

വൈസ്ചെയർമാൻ :
ജില്ലാ ആസൂത്രണ സമിതി വിദഗ്ദ്ധ അംഗം

ജോ.കൺവീനർ :
ജനകീയാസൂത്രണ ജില്ലാ കോ-ഓർഡിനേറ്റർ

അംഗങ്ങൾ :
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ
- അസിസ്റ്റന്റ് ഡവലെപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
- മുനിസിപ്പൽ ജോയിന്റ് ഡയറക്ടർ
- ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ
- ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ
- കോർപ്പറേഷൻ മേയർ
- മുനിസിപ്പൽ ചേമ്പർ പ്രതിനിധികൾ
- കില ഫാക്കൽട്ടി അംഗം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരിശീലനങ്ങളുടെ ഗുണഭോക്തൃ വിഭാഗങ്ങളുടെ പ്രതിനിധികൾ ഉൾപ്പെട്ട ജില്ലാ ട്രെയിനിംഗ് അഡ്വൈസറി കമ്മിറ്റിയുടെ മേൽനോട്ടവും സാമൂഹ്യ വിലയിരുത്തലും പരിശീലനങ്ങളുടെ ഫലക്ഷമതയും ഗുണമേന്മയും ഉയർത്തുന്നതിനും പരിശീലനങ്ങളെ കൂടുതൽ ലക്ഷ്യാധിഷ്ഠിതമാക്കുന്നതിനും സഹായകരമാണ്.

പരിശീലനത്തിനപ്പുറം നിരന്തരമായ പിന്തുണയും സഹായവും

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രാദേശിക ഭരണനിർവ്വഹണത്തിലും വികസനത്തിലും കാര്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം നിരന്തരമായ സഹായത്തിനാവശ്യമായ ഹെൽപ്പ് ലൈൻ സംവിധാനവും കില സംഘടിപ്പിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രായോഗികമായി നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിനും സംശയനിവാരണത്തിനും സഹായകമായ സംവിധാനമാണ് ഹെൽപ്പ് ലൈൻ. കില കേന്ദ്രമാക്കി ഇത്തരമൊരു സംവിധാനം പ്രവർത്തിക്കുന്നതോടൊപ്പം ജില്ലാതലത്തിലും ഹെൽപ്പ് ലൈൻ സംവിധാനം ജില്ലാ ആസൂത്രണ സമിതി ഓഫീസിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ഹെൽപ്പ് ലൈൻ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തിവരുന്നു. തദ്ദേശഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിൽ നിന്നും ഉയർന്നുവരുന്ന സംശയങ്ങൾക്ക് രേഖാമൂലം തന്നെ ഹെൽപ്പ് ലൈൻ സംവിധാനത്തിൽ നിന്നും മറുപടി നൽകുന്നതിനും ഇത്തരം സംശയങ്ങളും മറുപടിയും സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മൂന്ന് വാല്യങ്ങൾ കഴിഞ്ഞ വർഷം കില പ്രസിദ്ധീകരിക്കുകയുണ്ടായി. നേരിടുന്ന പ്രശ്നങ്ങൾക്ക് യഥാസമയം പരിഹാരം കാണുന്നതിന് കഴിഞ്ഞതോടെ വർദ്ധിച്ച ആത്മവിശ്വാസം കൈവരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

(ലേഖകൻ കില ഡയറക്ടറാണ്)

കെ. സുബാഷ്ചന്ദ്രൻ

കെട്ടിടനികുതി എങ്ങനെ സ്വയം നിർണ്ണയിക്കാം



നികുതി കെട്ടിട ഉടമയ്ക്കു തന്നെ സ്വയം നിർണ്ണയിക്കാം. തികച്ചും സാമൂഹ്യ നീതിയിലധിഷ്ഠിതമായ ഈ നികുതി നിർണ്ണയ രീതി 2008 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നു കഴിഞ്ഞു

വസ്തുനിഷ്ഠമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം നിർണ്ണയിക്കാവുന്നതും ആർക്കും പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്നതുമാണ് പുതിയ വസ്തു (കെട്ടിട) നികുതി നിർണ്ണയ രീതി. തറയുടെ വിസ്തീർണ്ണം, കെട്ടിടം സ്ഥിതിചെയ്യുന്ന പ്രദേശം കെട്ടിടത്തിന്റെ ഉപയോഗം, നിർമ്മാണ സാമഗ്രികളുടെ തരം എന്നിവയാണ് നികുതി നിശ്ചയിക്കുന്നതിനുള്ള ഘടകങ്ങൾ എന്നതിനാൽ നികുതി നിർണ്ണയം സംബന്ധിച്ച തർക്കങ്ങളോ വെറും ആത്മനിഷ്ഠമായ നികുതി നിർണ്ണയമോ ഒഴിവാക്കപ്പെടുന്നു. അഴിമതി, സ്വജനപക്ഷപാതം എന്നിവയ്ക്ക് സാധ്യതയില്ലാതാകുന്നു. നികുതി കെട്ടിട ഉടമയ്ക്കു തന്നെ സ്വയം നിർണ്ണയിക്കാം. തികച്ചും സാമൂഹ്യ നീതിയിലധിഷ്ഠിതമായ ഈ നികുതി നിർണ്ണയ രീതി 2008 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നു കഴിഞ്ഞു.

നികുതി നിർണ്ണയിക്കുന്നതിന് മുമ്പ് ആദ്യം അറിയേണ്ടത് :

വസ്തു (കെട്ടിട) നികുതി പരിഷ്കരണത്തിന് മുന്നോടിയായി നിങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം പ്രധാനമായും മൂന്നു കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുക്കുകയും അവ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച ആക്ഷേപങ്ങൾ പരിഗണിച്ചശേഷം അവയ്ക്ക് അന്തിമ അംഗീകാരവും ഇതിനകം നൽകിയിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന ഈ മൂന്നു വിവരങ്ങൾ അറിയുക എന്നതാണ് സ്വന്തമായി കെട്ടിടനികുതി നിർണ്ണയിക്കുന്നതിനു മുന്നോടിയായി ചെയ്യേണ്ടത്. അവ എന്തൊക്കെ എന്നു പരിശോധിക്കാം.

1. സോൺ(മേഖല) ഏത് : ഓരോ തദ്ദേശഭരണസ്ഥാപനവും അതിന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളെ പ്രാധാന്യത്തിന്റെയും വികസനാവസ്ഥയുടെയും അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃദീയം എന്നിങ്ങനെ മൂന്ന് (പരമാവധി) മേഖലകളായി തരം തിരിക്കുകയും ഓരോ മേഖലയിലും ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിൽ നിന്നും നിങ്ങളുടെ സ്വന്തം കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല ഏതാണെന്നു മനസ്സിലാക്കുക.

2. റോഡ് തരം ഏത് : ഓരോ തദ്ദേശഭരണസ്ഥാപനവും അതിന്റെ അധികാരപരിധിയിലൂടെ കടന്നു പോകുന്ന ദേശീയപാത, സംസ്ഥാനപാത, ജില്ലാ റോഡുകൾ എന്നിവ ഒഴികെയുള്ള മറ്റ് റോഡുകളെ ഒന്നാം തരം (L1) രണ്ടാംതരം (L2) എന്നിങ്ങനെ പ്രാധാന്യമനുസരിച്ച് തരം തിരിച്ചിട്ടുണ്ട്. നിങ്ങളുടെ കെട്ടിടത്തിലേയ്ക്ക് പ്രവേശന മാർഗ്ഗമുള്ള റോഡ്/പാത ഇതിലേതു തരത്തിൽപ്പെടുന്നതാണെന്നു മനസ്സിലാക്കുക.

3. നികുതി നിരക്ക് എത്ര : വീട്ടാവശ്യത്തിനുള്ളവ, വ്യാവസായികാവശ്യത്തിനുള്ളവ, കച്ചവടാവശ്യത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉള്ളവ എന്നിങ്ങനെ ഉപയോഗത്തിന്റെ തരം അനുസരിച്ച് കെട്ടിടങ്ങളെ മൂന്നായി തിരിക്കുകയും ഓരോ തരം കെട്ടിടത്തിന്റെയും നികുതി നിരക്ക് എത്രയാണെന്നും അതത് തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ നിന്നും നിങ്ങളുടെ കെട്ടിടത്തിന്റെ തരം അനുസരിച്ചുള്ള നികുതി നിരക്ക് എത്രയാണെന്ന് മനസ്സിലാക്കുക.

4. കെട്ടിട നികുതി നിർണ്ണയം എങ്ങനെ നടത്താം : ഇത്രയും വിവരങ്ങൾ മനസ്സിലാക്കിയാൽ ഇനി സ്വന്തം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, മേൽക്കൂരയുടെയും ചുമരുകളുടെയും തരം, തറയുടെ നിർമ്മാണം, കെട്ടിടത്തിന്റെ കാലപ്പഴക്കം, ഉപയോഗം എന്നീ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വിധം പുതിയ വസ്തു(കെട്ടിട) നികുതി നിർണ്ണയിക്കാവുന്നതാണ്.

ഒരു ഉദാഹരണം നോക്കുക : 100 ച.മീ. തറവിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടം, തറ മൊസേക്ക് ചെയ്തിരിക്കുന്നു. പഞ്ചായത്ത് ഒന്നാം തരം(L1) എന്ന് നിശ്ചയിച്ച റോഡിനു അഭിമുഖം. പ്രാഥമിക മേഖലയിൽ പെടുന്ന കെട്ടിടത്തിന് 5 വർഷത്തെ കാലപ്പഴക്കം. പഞ്ചായത്തിന്റെ നികുതി നിരക്ക് ച.മീറ്ററിന് 5 രൂപ. എന്നാൽ കെട്ടിട നികുതി എത്ര?

1. അടിസ്ഥാന നികുതി :

ആകെ തറവിസ്തീർണ്ണം - 100 ച.മീ.
നികുതി നിരക്ക് - 5 രൂപ/ച.മീ.
അടിസ്ഥാന നികുതി (A) 100x5 = 500 രൂപ

2. അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ്/വർദ്ധനവ് :

ക്രമ നമ്പർ	നികുതി നിർണ്ണയ മാനദണ്ഡങ്ങൾ	നികുതി നിർണ്ണയിക്കുന്ന കെട്ടിടത്തിന് ബാധകമായവ ✓ ചെയ്യുക	അടിസ്ഥാന നികുതിയിന്മേലുള്ള (A) ഇളവ്/വർദ്ധനവ്		
			ഇളവ്	വർദ്ധനവ്	തുക (-/+) രൂപ
1.	പ്രാഥമിക മേഖല	✓	ഇല്ല	ഇല്ല	-
2.	ദ്വിതീയ മേഖല		10%	ഇല്ല	
3.	തൃദീയ മേഖല		20%	ഇല്ല	
II.	**റോഡ് സൗകര്യം**				
1.	ദേശീയപാത/സംസ്ഥാനപാത/ ഒന്നാംതരം(L1) റോഡ് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	✓	ഇല്ല	30%	+150
2.	ജില്ലാ റോഡുകളിൽ നിന്നോ രണ്ടാംതരം (L2) റോഡുകളിൽ നിന്നോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ		ഇല്ല	20%	
3.	3 മുതൽ 5 മീറ്ററിൽ താഴെ വീതിയുള്ളതും കാറുപോകുന്നതും മുകളിൽ സൂചിപ്പിച്ച വിഭാഗത്തിൽ ഉൾപ്പെടാത്തതുമായ റോഡുകളിൽ നിന്നോ പ്രവേശന മാർഗ്ഗമുള്ളകെട്ടിടങ്ങൾ		ഇല്ല	ഇല്ല	
4.	3 മീറ്ററിൽ താഴെ വീതിയുള്ള നടപ്പാതകൾ ഒഴികെയുള്ള റോഡുകളിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ		ഇല്ല	ഇല്ല	
5.	നടപ്പാതയിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ		15%	ഇല്ല	
6.	പൊതുവഴിയില്ലാത്തതും വൈദ്യുതി എത്താത്തതുമായ പ്രദേശങ്ങളിലെ കെട്ടിടങ്ങൾ		30%	ഇല്ല	
III.	**കെട്ടിടത്തിന്റെ വിസ്തീർണ്ണം**				
1.	30 ച.മീ. താഴെ വീട്ടാവശ്യത്തിനുള്ളത്		ഇല്ല	ഇല്ല	
2.	75 ച.മീ. താഴെ		25%	ഇല്ല	
3.	75 ച.മീ. മുതൽ 125 ച.മീ. വരെ	✓	10%	ഇല്ല	-50
4.	125 ച.മീ. മേൽ 200 ച.മീ. വരെ		ഇല്ല	ഇല്ല	
5.	200 ച.മീ. മേൽ 300 ച.മീ. വരെ		ഇല്ല	10%	
6.	300 ച.മീ. മേൽ		ഇല്ല	20%	



IV.	**മേൽക്കൂരയുടെ തരം**				
1.	കോൺക്രീറ്റ്	✓	ഇല്ല	ഇല്ല	
2.	മറ്റുള്ളവ		10%	ഇല്ല	
V.	**കെട്ടിടത്തിന്റെ കാലപ്പഴക്കം**				
1.	10 വർഷത്തിനു താഴെ	✓	ഇല്ല	ഇല്ല	
2.	10 മുതൽ 25 വർഷം വരെ		10%	ഇല്ല	
3.	25 വർഷത്തിനു മേൽ		20%	ഇല്ല	
VI.	**തറയുടെ തരം**				
1.	മാർബിൾ/ഗ്രാനൈറ്റ്/മിനുസപ്പെടുത്തിയ ടൈൽസ്/തടി പാകിയത്		ഇല്ല	15%	
2.	മൊസൈക്ക്/ടൈൽസ്/തറയോട്/സിമന്റ്/മണ്ണ്	✓	ഇല്ല	ഇല്ല	
VII.	**ചുമരിന്റെ തരം**				
1.	തടി, പ്ലൈവുഡ്/മറ്റ് ചുവർ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് ആകർഷകമാക്കിയത്		ഇല്ല	15%	
2.	കേന്ദ്രീകൃതം/അല്ലാതുള്ള എയർ കണ്ടീഷണർ സ്ഥാപിച്ചിട്ടുള്ള കെട്ടിടം		ഇല്ല	10%	
3.	മണ്ണ്/ഇഷ്ടിക/ഓല/ഷീറ്റ് കൊണ്ടുള്ള സാധാരണ ചുമരും പ്രത്യേക ശീതീകരണ സംവിധാനങ്ങൾ ഇല്ലാത്തതുമായ കെട്ടിടങ്ങൾ	✓	ഇല്ല	ഇല്ല	
VIII	**കെട്ടിടത്തിന്റെ ഉപയോഗം**				
1.	സ്വന്തം ആവശ്യത്തിന്	✓	ഇല്ല	ഇല്ല	
2.	വാടകയ്ക്ക് കൊടുത്തിരിക്കുന്നത് (Pay Homes ഉൾപ്പെടെ)		ഇല്ല	50%	
3.	റിസോർട്ട്/സ്റ്റാർ ഹോട്ടൽ/മാസ്സേജ് പാർലറുകൾ എന്നിവ		ഇല്ല	75%	
	ഇളവ്/വർദ്ധനവിന്റെ അടിസ്ഥാനത്തിലുള്ള തുക (B)		=		+ 100

3. ആകെവസ്തു(കെട്ടിട) നികുതി = [അടിസ്ഥാന നികുതി(A) + ഇളവ്/വർദ്ധനവ് അടിസ്ഥാനത്തിലുള്ള തുക (B)] = 500+100= 600 രൂപ

കുറിപ്പ് :

1. കെട്ടിടങ്ങളുടെ തരം : കെട്ടിടങ്ങളെ അവയുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഗാർഹികാവശ്യത്തിനുള്ളവ, വ്യാവസായികാവശ്യത്തിനുള്ളവ, കച്ചവടത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉള്ളവ എന്നിങ്ങനെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. ഓരോ തരം കെട്ടിടത്തിനും തദ്ദേശഭരണ സ്ഥാപനം വ്യത്യസ്ത നികുതി നിരക്കായിരിക്കും നിശ്ചയിച്ചിട്ടുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, ഓഫീസുകൾ, കേന്ദ്ര – സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിടങ്ങളാണ് മറ്റുള്ളവയിൽ ഉൾപ്പെടുന്നത്. ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, പെട്രോൾ ബങ്കുകൾ എന്നിവ കച്ചവടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടുന്നതാണ്. അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടവറുകൾ എന്നിവ ഇവയിലൊന്നും ഉൾപ്പെടാത്ത പ്രത്യേക വിഭാഗമായായണ് പരിഗണിക്കുന്നത്.
2. മേൽക്കൂര, തറ, ചുമർ എന്നിവയുടെ തരം നിർണ്ണയിക്കുന്നതിന് അവയുടെ ഓരോന്നിന്റെയും പകുതിയിലധികം ഭാഗം ഏത് സാമഗ്രികൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത് അതാണ് അടിസ്ഥാനമാക്കേണ്ടത്.
3. ചെറു കുടിലുകൾ, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നും സഹായം ലഭിച്ചു നിർമ്മിച്ച വീടുകൾ എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.
4. 30 ച.മീ. താഴെയുള്ള ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(ലേഖകൻ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്)

നഗരവാസികൾക്ക് മെച്ചപ്പെട്ട സേവനം

JNNURM ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ

നഗരവാസികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കാര്യശേഷി, സാമ്പത്തിക ഭദ്രത എന്നിവ ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ രൂപം നൽകിയ പദ്ധതിയാണ് ജവഹർലാൽ നെഹ്രു ദേശീയ നഗരപുനരുദ്ധാരണ മിഷൻ. 2005 ഡിസംബർ 3ന് പ്രധാനമന്ത്രി ഈ ദൗത്യം ഉദ്ഘാടനം ചെയ്തു. 2005–06 മുതൽ 2011–12 സാമ്പത്തിക വർഷം വരെ നീളുന്ന ഈ പദ്ധതിക്ക് 50,000 കോടി രൂപയാണ് കേന്ദ്ര വിഹിതം.

ദൗത്യം

തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ദ്രുതഗതിയിലുള്ള ആസൂത്രിത വികസനത്തിലൂടെ അടിസ്ഥാനസൗകര്യങ്ങൾ, സേവന നിലവാരം, പൗരപങ്കാളിത്തം, കാര്യക്ഷമത, ഭരണ സുതാര്യത എന്നിവ ഉയർത്തുകയാണ് പദ്ധതിയുടെ പ്രധാന ദൗത്യം.

ലക്ഷ്യങ്ങൾ

- നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ സംയോജിത വികസനത്തിന് ഊന്നൽ നൽകുക.
- ആസ്തികളുടെ സൃഷ്ടിയും പരിപാലനവും തമ്മിൽ ബന്ധപ്പെടുത്തി പദ്ധതികളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുക.
- നഗരങ്ങളിൽ അടിസ്ഥാന സൗകര്യ സേവനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ആവശ്യമായ ധനം ലഭ്യമാക്കുക.
- തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലും നഗരപ്രാന്തങ്ങളിലും നഗര ഇടനാഴികളിലും ആസൂത്രിത വികസനത്തിലൂടെ നഗരവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തുക.
- നഗരത്തിലെ പാവപ്പെട്ടവർക്ക് സാർവത്രികമായി പ്രാപ്യമായ വിധം അടിസ്ഥാന ജീവിതസൗകര്യങ്ങൾ ഉയർത്തുക.
- നഗരത്തിലെ പാവപ്പെട്ട എല്ലാ ജനങ്ങൾക്കും താങ്ങാവുന്ന ചെലവിൽ സുരക്ഷിതമായ താമസം, മെച്ചപ്പെട്ട വീടുകൾ, കുടിവെള്ളം, ശുചിത്വ സംവിധാനം, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷിതത്വം തുടങ്ങിയ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുക.

ഉപദൗത്യങ്ങൾ

1. നഗരത്തിലെ അടിസ്ഥാന സൗകര്യ വികസനം, നഗരഭരണം, കുടിവെള്ള വിതരണം, ശുചിത്വപരിപാലനം, അഴുക്കുചാൽ നിർമ്മാണം, ഖരമാലിന്യ സംസ്ക്കരണം, റോഡ് ശൃംഖല, നഗരഗതാഗതം, പശ്ചാത്തല സൗകര്യവികസനത്തിനായി പഴയ നഗര പരിസരങ്ങളുടെ നവീകരണം, വ്യാവസായിക വാണിജ്യ സ്ഥാപനങ്ങളെ അനുയോജ്യമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കൽ.
2. നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുക. താമസസൗകര്യം, അടിസ്ഥാന സേവനങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക വഴി ചേരികളുടെ സമഗ്ര വികസനം സാദ്ധ്യമാക്കുക.

പദ്ധതി നഗരങ്ങൾ

കേരളത്തിൽ രണ്ടു നഗരങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തിരുവനന്തപുരം (ക്ലാസ് 3 നഗരം) കൊച്ചി (ക്ലാസ്സ് 2 നഗരം). രാജ്യമൊട്ടാകെ 63 നഗരങ്ങളിലാണ് ഈ ദൗത്യം നടപ്പാക്കുന്നത്. 2007 മാർച്ച് 10ന് കേന്ദ്ര സർക്കാരുമായി ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പിട്ടു.

നോഡൽ ഏജൻസി

കേരളത്തിൽ കെ.എസ്.യു.ഡി.പി. ആണ് ഈ പദ്ധതികളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങളുടെ സംസ്ഥാനതല നോഡൽ ഏജൻസി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല സ്റ്റിയ

തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ അംഗീകാരം ലഭിച്ച പദ്ധതികൾ
(തുക ലക്ഷം രൂപയിൽ)



തിരുവനന്തപുരം

ജലവിതരണം : 8716
ഖരമാലിന്യസംസ്ക്കരണം : 2456
അഴുക്കുചാൽ പദ്ധതി : 21541
നഗരത്തിലെ ദരിദ്രർക്കുള്ള
അടിസ്ഥാന സേവനങ്ങൾ : 16775

കൊച്ചി

ഉപരിതല ജല നിർഗമനം : 978
അഴുക്കുചാൽ പദ്ധതി : 7481
ഖരമാലിന്യസംസ്ക്കരണം : 8812
ജലവിതരണം : 20117
നഗരത്തിലെ ദരിദ്രർക്കുള്ള
അടിസ്ഥാന സേവനങ്ങൾ : 13106

റിംഗ് കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്.

പരിഷ്ക്കരണം

നഗരഭരണം, സേവനപ്രദാന പ്രവർത്തനങ്ങൾ എന്നിവയിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തി നഗരതദ്ദേശ ഭരണസ്ഥാപനങ്ങളെ സുസ്ഥിര വികസനത്തിന് അനുയോജ്യമായ പുതിയ പരിപാടികൾ ഏറ്റെടുക്കുന്നതിന് സുസജ്ജമാക്കുന്നതിനാണ് ജെ.എൻ.എൻ.യു.ആർ.എം. ഊന്നൽ നൽകിയിരിക്കുന്നത്.

നിർബന്ധമായും നടപ്പാക്കേണ്ട പരിഷ്ക്കാരങ്ങൾ

- ∅ നഗരതദ്ദേശഭരണസ്ഥാപനങ്ങളിലെ അക്കൗണ്ടിംഗിൽ അക്രുവൽ അധിഷ്ഠിത ഡബിൽ എൻട്രി സമ്പ്രദായം.
- ∅ ഇൻഫർമേഷൻ ടെക്നോളജി പ്രയോജനപ്പെടുത്തി സേവന പ്രദാന പ്രവർത്തനങ്ങളിൽ ഇ-ഗവേർണൻസ് സംവിധാനം (ജി.ഐ.എസ്.എം.ഐ.എസ്) ആവിഷ്ക്കരിക്കുക.
- ∅ വസ്തു കരം ശേഖരിക്കുന്നതിനുള്ള ശേഷി ജി.ഐ.എസ് ഉപയോഗിച്ച് ഏഴു വർഷത്തിനുള്ളിൽ 86% ആയി ഉയർത്തുക.
- ∅ പദ്ധതികളുടെ നടത്തിപ്പ് - പരിപാലന (ആവർത്തന) ചെലവുകൾ നിർവഹിക്കുന്നതിനുള്ള മുഴുവൻ ചെലവുകളും മിതമായ ലെവി വഴി ഉപഭോക്താക്കളിൽ നിന്ന് ശേഖരിക്കുക.
- ∅ നഗരവാസികളിൽ ദരിദ്രവിഭാഗത്തിന്റെ അടിസ്ഥാന സേവനങ്ങൾക്കായി തദ്ദേശഭരണസ്ഥാപനത്തിന്റെ ബജറ്റിൽ പ്രത്യേകം തുക വകയിരുത്തുക.
- ∅ നഗരങ്ങളിലെ പാവപ്പെട്ടവർക്ക് പ്രാഥമിക സേവനങ്ങൾ - കൈവശഭൂമി താങ്ങാവുന്ന വിലയ്ക്ക് കൈവശക്കാർക്കു തന്നെ ലഭ്യമാക്കുക. മെച്ചപ്പെട്ട പാർപ്പിടസൗകര്യങ്ങൾ, ജലവിതരണം, ശുചീകരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുക.
- ∅ നഗരഭൂപരിധി - നിയന്ത്രണ നിയമം റദ്ദാക്കുക.
- ∅ ഭൂവുടമകളുടേയും വാടകക്കാരുടേയും

ജെ.എൻ.എൻ.യു.ആർ.എമ്മിന്റെ സഹായഘടന

പട്ടണങ്ങൾ/നഗരസഭകൾ ഉൾപ്പെടുന്ന വിഭാഗം	ഗ്രാന്റ്		നഗരതദ്ദേശസ്ഥാപനങ്ങളുടെ/ തത്തുല്യമായ മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളുടെ വിഹിതം
	കേന്ദ്രം	സംസ്ഥാനം	
2001 സെൻസസ് പ്രകാരം 40 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾ	35%	15%	50%
2001 സെൻസസ് പ്രകാരം 10-40 ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങൾ	50%	20%	30%
വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേയും ജമ്മുകാശ്മീരിലേയും നഗരങ്ങൾ/പട്ടണങ്ങൾ/നഗര തദ്ദേശസ്ഥാപനങ്ങൾ	90%	10%	
മുകളിൽ പരാമർശിച്ചിട്ടില്ലാത്ത മറ്റ് നഗരങ്ങൾ	80%	10%	10%
ഉപ്പുരസമുള്ള ജലം കാരണം കുടിവെള്ളക്ഷാമം അനുഭവിക്കുന്ന നഗരപ്രദേശങ്ങളുടെയും കടൽത്തീരത്തിന്റെയും 20 കിലോ മീറ്ററിനകത്ത് വെള്ളത്തിന്റെ ഉപ്പുരസം നീക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്	80%	10%	10%

തിരുവനന്തപുരത്ത് ചേർന്ന നഗരസഭാ മേയർമാരുടേയും മുനിസിപ്പാലിറ്റി അദ്ധ്യക്ഷൻമാരുടേയും യോഗം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

നഗരസഭാ പ്രദേശങ്ങളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കും : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

സംസ്ഥാനത്തെ നഗരസഭകളുടെ കീഴിൽ വരുന്ന പ്രദേശങ്ങളെക്കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമെന്ന് തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു. നഗരസഭകളിലെയും, മുനിസിപ്പാലിറ്റികളിലെയും വികസനപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് തിരുവനന്തപുരത്ത് വഴുതയ്ക്കാട് മുനിസിപ്പൽ ഹൗസിൽ ചേർന്ന സംസ്ഥാന മേയർമാരുടെയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി അദ്ധ്യക്ഷൻമാരുടേയും യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു. കാർഷികരംഗത്തെ തകർച്ചയും ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നടപടിയുടെയും കഷ്ടനഷ്ടങ്ങൾ ലഘൂകരിക്കാൻ പതിനൊന്നാം പദ്ധതി കാലയളവിൽ ഉൽപ്പാദനമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണം. നഗരസഭ/മുനിസിപ്പൽ പ്രദേശങ്ങളിൽ തരിശായിക്കിടക്കുന്നവ പച്ചക്കറി കൃഷിക്കായും മറ്റും ഉപയോഗപ്പെടുത്തണം. പ്ലാസ്റ്റിക് നിരോധനം കൂടുതൽ ഊർജ്ജിതമായി നടപ്പാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണമെന്നും പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ടി.കെ. ജോസ് 2008 - 09 കാലയളവിൽ വിവിധ നഗരസഭ/മുനിസിപ്പൽ കൗൺസിലുകളുടെ പദ്ധതി തുക വിനിയോഗം സംബന്ധിച്ച് വിശദീകരിച്ചു. കോഴിക്കോട് മേയറും മേയേഴ്സ് കൗൺസിൽ ചെയർമാനുമായ എം. ഭാസ്ക്കരൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, വിവിധ കോർപ്പറേഷൻ മേയർമാർ, മുനിസിപ്പൽ അദ്ധ്യക്ഷൻമാർ, നഗരസഭ/മുനിസിപ്പൽ ഉദ്യോഗസ്ഥർ സംബന്ധിച്ചു.

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

താൽപര്യങ്ങൾ കണക്കിലെടുത്ത് വാടകനിയമം പരിഷ്ക്കരിക്കുക.

- ∅ ഏഴു വർഷത്തിനകം സ്റ്റാമ്പ് ഡ്യൂട്ടി 5 ശതമാനമാക്കി കുറയ്ക്കുക.
- ∅ നഗര തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തികാവസ്ഥയുടെ വിവരങ്ങൾ പരസ്യപ്പെടുത്തുക.
- ∅ നഗരാസൂത്രണ ചുമതല തിരഞ്ഞെടുക്കപ്പെട്ട നഗര തദ്ദേശ സ്ഥാപനങ്ങളെ ഏൽപിക്കുക. ഏഴു വർഷക്കാലയളവിൽ പൗര സേവനങ്ങൾ നൽകുന്ന ഏജൻസികളെയെല്ലാം നഗരതദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുക.

ഐച്ഛികമായ പരിഷ്ക്കരണങ്ങൾ

- ∅ ഭൂമി വികസനം, കെട്ടിട നിർമ്മാണം എന്നിവയ്ക്കുള്ള അനുമതിപ്രക്രിയ കാര്യക്ഷമമാക്കുന്നതിനായി നിയമാവലികൾ പുതുക്കുക.
- ∅ കാർഷികാവശ്യത്തിനുള്ള ഭൂമി കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്നതിനുള്ള നിയമങ്ങളുടെയും നടപടിക്രമങ്ങളുടെയും ചട്ടക്കൂട് ലളിതവൽക്കരിക്കുക.
- ∅ നഗരതദ്ദേശസ്ഥാപനങ്ങളിൽ വസ്തുവിന്റെ പട്ടപ്പേര് (title certification) സംവിധാനം നടപ്പിലാക്കുക.
- ∅ എല്ലാ ഭവന പദ്ധതികളിലും (സർക്കാർ, സ്വകാര്യ മേഖലകളിൽ) കുറഞ്ഞത് 20-25 ശതമാനമെങ്കിലും സാമ്പത്തികമായി ദുർബല വിഭാഗങ്ങൾക്കും കുറഞ്ഞ വരുമാനത്തിൽപ്പെട്ട വിഭാഗക്കാർക്കുമായി മാറ്റിവയ്ക്കുക.
- ∅ ഭൂമിയുടെയും വസ്തുവിന്റെയും രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരിക്കുക.
- ∅ മഴവെള്ള സംഭരണം എല്ലാ കെട്ടിടത്തിലും നിർബന്ധമാക്കുന്നതിനായി നിയമങ്ങൾ പുതുക്കുക; ജലസംഭരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- ∅ വെള്ളം റീസൈക്കിൾ ചെയ്യുന്നതിനായി നിയമങ്ങൾ രൂപീകരിക്കുക.
- ∅ ഭരണപരമായ പരിഷ്ക്കാരങ്ങൾ
- ∅ ഘടനാപരമായ പരിഷ്ക്കാരങ്ങൾ
- ∅ പൊതു-സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കൽ.

ജനാഭിമുഖ്യമുള്ള പദ്ധതികൾ - ജലവിതരണം, ശുചീകരണം, എന്നിവയുമായി ബന്ധപ്പെട്ട ജനാഭിമുഖ്യമുള്ള പദ്ധതികളുടെ കാര്യത്തിൽ താഴെപ്പറയുന്ന സംസ്ഥാനതല നിർബന്ധിത പരിഷ്ക്കരണങ്ങൾ ഐച്ഛികമാക്കാവുന്നതാണ്.

- ∅ നഗരഭൂപരിധി നിയന്ത്രണ നിയമം റദ്ദാക്കൽ
- ∅ വാടക നിയമ പരിഷ്ക്കരണം

(കടപ്പാട് കെ.എസ്.യു.ഡി.പി)

സ്ത്രീ കൂട്ടായ്മയുടെ വിജയഗാഥ

ജെസി നാരായണൻ

മണ്ണിൽ പൊന്നു വിളയിക്കാൻ കുടുംബിനികളുടെ കൂട്ടായ്മ

സൂര്യൻ പടിഞ്ഞാറേക്കു ചായാൻ തുടങ്ങുമ്പോൾ അവർ ഒത്തുകൂടുകയായി. പാടത്ത് പൊടിയുന്ന പുതുനാമ്പുകൾ കാണാനുള്ള ആവേശത്തോടെയാണ് അവരുടെ വരവ്. മൺവെട്ടിയും വെട്ടുകത്തിയും തൊട്ടിയുമായെത്തിയവർ തങ്ങളുടെ പച്ചപിടിച്ച കൃഷിയിടത്തിലേക്കു നോക്കി പുഞ്ചിരി തൂകുന്നു. തല്ലേന്നത്തെ അദ്ധ്വാനത്തിന്റെ ഫലം ഓരോ തളിരിലും പൂവിലും കായിലും ദൃശ്യമാകുമ്പോൾ ആ കരിമിഴികളിൽ ഉത്സാഹത്തിന്റെ തിളക്കം. തരിവളക്കൈകളിൽ അദ്ധ്വാനത്തിന്റെ കിലുക്കം.

തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിയ കേരളത്തിന്റെ കാർഷികരംഗത്ത് പുതിയൊരു അദ്ധ്വാനസംസ്കാരത്തിന്റെ കാഹളമൂതിക്കൊണ്ട് കടന്നുവന്നുക്കൊണ്ടിരിക്കുന്ന കുടുംബശ്രീ യൂണിറ്റുകളിലൊന്നാണ് 'ശ്രീലക്ഷ്മി'. കൊല്ലം ജില്ലയിലെ കുമ്മിൾ പഞ്ചായത്തിലാണ് കുടുംബിനികളുടെ കൂട്ടായ്മയിലൂടെ മണ്ണിൽ പൊന്നു വിളയിക്കുന്ന ഈ കുടുംബശ്രീ യൂണിറ്റ്. നെൽക്കൃഷി മാത്രമല്ല, കപ്പയും മറ്റു കിഴങ്ങു വർഗ്ഗങ്ങളും പച്ചക്കറിയും കൃഷിചെയ്തുകൊണ്ടാണ് ഇവർ തരിശുഭൂമികളിൽ പച്ചപ്പിന്റെ പുതിയ അദ്ധ്യായം സൃഷ്ടിച്ചത്.

പത്തനംതിട്ട ജില്ലയോട് ചേർന്നു കിടക്കുന്ന കുമ്മിൾ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും റബ്ബർ മരങ്ങളുടെ തണലിലാണ്. അവിടവിടെയായി സൂര്യപ്രകാശം കടന്നുചെല്ലുന്ന കൊച്ചുകൊച്ചു കൃഷിയിടങ്ങൾക്ക് ഭീഷണിയാണ് ഇരുൾ പരത്തുന്ന റബ്ബർതോട്ടങ്ങൾ. കേരളത്തിന്റെ ഭക്ഷ്യോൽപ്പാദന മേഖലയെ തകിടം മറിച്ച റബ്ബർ കൃഷി വർഷങ്ങൾക്കു മുൻപ്, ഈ ഗ്രാമീണ ജനതയുടേയും കാർഷിക സ്വപ്നങ്ങളെ തകർത്തു കളഞ്ഞു. നീരൊഴുക്കുള്ള നിരന്ന പ്രദേശങ്ങളിൽപ്പോലും റബ്ബർ സ്ഥാനം പിടിച്ചപ്പോൾ നെല്ലുപോയിട്ട്, കറിവയ്ക്കുവാനുള്ള പച്ചക്കറിപോലും റബ്ബറിനെ ഭയന്ന് കുരിടിച്ചുപോയി. പടർന്നു നിൽക്കുന്ന വൻറബ്ബർ മരങ്ങൾ നാലുഭാഗത്തു നിന്നും സൂര്യപ്രകാശത്തെ തടഞ്ഞുനിർത്തുമ്പോൾ പാവലും പടവലുമൊക്കെ എങ്ങനെ നാമ്പിടാനാണ്. അദ്ധ്വാന ഫലം നിരാശയിൽ കലാശിച്ചപ്പോൾ കൃഷിയിൽ നിന്ന് പിൻവാങ്ങാൻ പ്രദേശവാസികൾ നിർബന്ധിതരായി. നഗരവാസികളെപ്പോലെ കറിവയ്ക്കാൻ തമിഴ്നാടിന്റെ പച്ചക്കറി ലോറികളെ ആശ്രയിക്കേണ്ട ഗതികേടിലേയ്ക്ക് ഈ ഗ്രാമവും മാറിയത് സ്വാഭാവികം.

തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിയ
കേരളത്തിന്റെ കാർഷികരംഗത്ത്
പുതിയൊരു അദ്ധ്വാന
സംസ്കാരത്തിന്റെ
കാഹളമൂതിക്കൊണ്ട്
കടന്നു വന്നുക്കൊണ്ടിരിക്കുന്ന
കുടുംബശ്രീ യൂണിറ്റുകളിലൊന്നാണ്
'ശ്രീലക്ഷ്മി'.
കൊല്ലം ജില്ലയിലെ കുമ്മിൾ
പഞ്ചായത്തിലാണ് കുടുംബിനികളുടെ
കൂട്ടായ്മയിലൂടെ മണ്ണിൽ
പൊന്നു വിളയിക്കുന്ന
ഈ കുടുംബശ്രീ യൂണിറ്റ്

ഈ പശ്ചാത്തലത്തിലാണ് കുടുംബശ്രീ പദ്ധതികളെക്കുറിച്ച് കേട്ടറിഞ്ഞ കുമ്മിൾ പഞ്ചായത്തിലെ ഒരു കൂട്ടം സ്ത്രീകൾ അയൽക്കൂട്ടം രൂപീകരിച്ച് 'ശ്രീലക്ഷ്മി' എന്ന പേരിൽ ഒരു യൂണിറ്റുണ്ടാക്കിയത്. അതാത് പ്രദേശത്തെ സാദ്ധ്യതകൾ വിലയിരുത്തിക്കൊണ്ടുവേണം കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദന-സേവനമേഖലകളിൽ പ്രവർത്തിക്കേണ്ടത് എന്ന നിർദ്ദേശം അനുസരിച്ചാണ് ഇവർ കാർഷികമേഖലയിലേയ്ക്ക് കടന്നുചെന്നത്. റബ്ബർ തണൽ വീഴാത്ത തുണ്ടുഭൂമികൾ എവിടെയൊക്കെ തരിശായി കിടക്കുന്നുണ്ടെന്ന് കണ്ടെത്തുകയായിരുന്നു ഇവരുടെ ആദ്യശ്രമം. യൂണിറ്റംഗങ്ങളുടെ വീടുകൾക്ക് സമീപത്തായി അങ്ങനെ കണ്ടെത്തിയ കൃഷിയിടങ്ങൾ പാട്ടത്തിനെടുത്തുകൊണ്ട് നെല്ലും ഇതര വിളകളും കൃഷി ചെയ്യാൻ ഇവർ തീരുമാനിച്ചു. ഒൻപത് വർഷം മുൻപ് ഈ തീരുമാനവുമായി രംഗത്തിറങ്ങിയ തങ്ങൾ ഒരു വലിയ വെല്ലുവിളി തന്നെയാണ് ഏറ്റെടുത്തത് എന്ന് ശ്രീലക്ഷ്മിയുടെ പ്രസിഡന്റായ ബീന ഓർക്കുന്നു. 'സ്ത്രീകളുടെ കൂട്ടായ്മയല്ലേ, എത്ര ദിവസം പോകുമെന്ന് കണ്ടറിയാം' എന്ന തരത്തിലുള്ള കമന്റുകളെ വകവയ്ക്കാതെയാണ് ഇവർ മണ്ണിലേയ്ക്കിറങ്ങിയത്.

കുടുംബശ്രീ മിഷന്റെയും കൃഷിവകുപ്പിന്റെയും പഞ്ചായത്തിന്റെയും സഹകരണവും, പ്രവർത്തനവും, പ്രോത്സാഹനവും ശ്രീലക്ഷ്മിയുടെ അംഗങ്ങൾക്കിടയിൽ ഉത്സാഹമുണ്ടാക്കി. കൃഷി ചെയ്യാനുള്ള പരിശീലനം ലഭിച്ചതോടെയാണ് മണ്ണിനോട് പടവെട്ടാൻ ഇവർക്ക് ആത്മവിശ്വാസം ലഭിച്ചത്. കൃഷിക്കുവേണ്ട വെള്ളം ലഭ്യമാക്കുന്ന കാര്യമായിരുന്നു ആദ്യത്തെ വെല്ലുവിളി. ഒടുവിലൊരു കുളം കുഴിക്കുക എന്ന ആശയത്തിൽ ഇവർ എത്തിച്ചേർന്നു. കിണറും, കുളവുമൊക്കെ കുഴിക്കുന്നത് പുരുഷന്മാരുടെ ജോലിയാണെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാതെ, ആ ജോലി സ്വയം ഏറ്റെടുക്കാൻ ശ്രീലക്ഷ്മിക്കാർ തയ്യാറായത് ചുറ്റുമുള്ളവരെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്തു. നാലഞ്ച് ദിവസത്തെ കഠിനാദ്ധ്വാനത്തിനുശേഷം ഉറവ് പൊടിയുന്നത് കണ്ടപ്പോൾ മണ്ണിനൊപ്പം കുടുംബിനികളുടെ മനസ്സും കുളിർത്തു.

നെൽക്കൃഷിയായിരുന്നു ശ്രീലക്ഷ്മിയുടെ ആദ്യസംരംഭം. ആദ്യവിളവെടുപ്പിൽ 40 പറ നെല്ല് ഇവർ കൊയ്തെടുത്തു. കൊയ്ത്തുത്സവമായിട്ടാണ് കൊണ്ടാടിയത്. മുമ്പു ജന്മിമാർ എണ്ണയും തുണിയും നൽകി കുടിയാൻമാരിൽ ആവേശം ജനിപ്പിച്ച് അവരുടെ അദ്ധ്വാനശേഷിയെ ചൂഷണം ചെയ്തിരുന്നത് പഴയ കഥ. ഇവിടെ കർഷക കുടുംബിനികൾക്ക് ആവേശം പകരാൻ കൃഷിവകുപ്പിന്റെയും കുടുംബശ്രീ മിഷന്റേയും പഞ്ചായത്തിന്റേയും പ്രതിനിധികളാണ് എത്തിയത്. പത്രമാധ്യമങ്ങളിൽ ഈ വിളവെടുപ്പിന്റെ വാർത്ത വന്നത് ഇവരെ പൂർവ്വാധികം ആവേശഭരിതരാക്കുകയായിരുന്നു. കൊയ്തെടുത്ത നെല്ല് അംഗങ്ങൾ വീതിച്ചെടുത്ത് അവരവരുടെ ഇഷ്ടാനുസരണം വിൽക്കുകയോ വീട്ടാവശ്യത്തിനായി ഉപയോഗിക്കുകയോ ചെയ്തു.

ഈ വിജയത്തിന്റെ ചുവടുപിടിച്ചുകൊണ്ട് കൂടുതൽ ഭാഗങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കാനും ഇതര കൃഷിയിനങ്ങൾ ഉത്പ്പാദിപ്പിക്കുവാനുമുള്ള തീരുമാനവുമായി മറ്റ് അയൽക്കൂട്ടങ്ങളിലെയും സ്ത്രീകൾ തയ്യാറായി രംഗത്തെത്തി. ഇപ്പോൾ കുമ്മിൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പലതരത്തിലുള്ള പച്ചക്കറികളും, വാഴയും, കപ്പയും, ചേനയുമൊക്കെ കുടുംബശ്രീ യൂണിറ്റുകൾ കൃഷിചെയ്യുന്നുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് വിവിധ യൂണിറ്റുകൾ ഉത്പ്പാദിപ്പിച്ച കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി പഞ്ചായത്ത് സൗകര്യം നൽകി. ചന്തയിലെത്തിയ ഉൽപ്പന്നങ്ങൾ മണിക്കൂറുകൾക്കകം വിറ്റഴിക്കാനായതിൽ ഇവർ ഊറ്റംക്കൊള്ളുകയാണ്. ഏറ്റവും കൂടുതൽ ഉൽപ്പന്നങ്ങൾ വിറ്റതിന് പഞ്ചായത്ത് വക സമ്മാനം ലഭിച്ചത് ശ്രീലക്ഷ്മിക്കായിരുന്നു.

അപ്പപ്പോൾ കിട്ടിയ ആദായത്തിന്റെ ഓഹരി ബാങ്കിൽതന്നെ നിക്ഷേപിക്കുന്ന അംഗങ്ങൾ ഓണത്തിനാണ് വീതിച്ചെടുക്കാറ്. ബാങ്ക് വായ്പ അടച്ചുതീരുംവരെ ആരും പ്രതിഫലം എടുത്തിരുന്നില്ല. കഴിഞ്ഞ ഓണക്കാലത്ത് ഓരോരുത്തർക്കും അയ്യായിരം രൂപ വീതം ലാഭവിഹിതം എടുക്കാനായെന്ന് ശ്രീലക്ഷ്മിയുടെ അംഗങ്ങൾ അവകാശപ്പെടുന്നുണ്ട്. യൂണിറ്റംഗങ്ങളുടെ വീട്ടാവശ്യത്തിനെടുത്തതിന് ശേഷമുള്ള ഉൽപ്പന്നങ്ങളാണ് പുറത്ത് വിൽക്കുന്നത്. ദിവസേന കടയിൽ നിന്നും വാങ്ങുന്ന പച്ചക്കറിയുടെ കണക്കെടുത്താൽ ഒരു വർഷം ഓരോരുത്തർക്കും പതിനായിരം രൂപയിലേറെ വരുമാനമുണ്ടാക്കാൻ സാധിക്കുന്നുണ്ടെന്ന് വ്യക്തമാകും.

ശ്രീലക്ഷ്മിയിലെ അംഗങ്ങളെല്ലാം മറ്റു തൊഴിലുകൾ ചെയ്യുന്നവരാണ്. ഇവരിൽ തൊഴിലാളികളായി സ്ത്രീകളാണ് ഏറെയും. റബ്ബർ പാൽ ഊറ്റിയെടുക്കുന്ന ജോലിയും, വീട്ടുജോലിയും തീർത്തതിന് ശേഷമുള്ള രണ്ട് മണിക്കൂർ സമയം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഈ കൂട്ടുക്കൃഷി. അര ഏക്കർ സ്ഥലത്ത് ദിവസേന രണ്ട് മണിക്കൂർ പണിയെടുക്കുന്നതിലൂടെ ഈ സ്ത്രീകൾക്ക് ഇത്രയേറെ ഫലം കൊയ്യാനാകുമ്പോൾ കൂടുതൽ

പാട്ടഭൂമി ലഭ്യമായാൽ ഇവരുടെ പ്രയത്നത്തിലൂടെ ഒരു ഗ്രാമത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനാവുമെന്നതിൽ സംശയമില്ല.

ഇത്തവണ കുമ്മിൾ പഞ്ചായത്ത് അയ്യായിരം രൂപയുടെ വിത്തും വളവും ഓരോ യൂണിറ്റിനും സൗജന്യമായി നൽകിക്കൊണ്ട് പരമാവധി പ്രോത്സാഹനം നൽകിയിരിക്കുകയാണ്. പാട്ടത്തിന് കൂടുതൽ ഭൂമി തരപ്പെടുത്തിയാൽ തങ്ങൾ കൃഷി ചെയ്യാൻ തയ്യാറാണെന്ന് പഞ്ചായത്തിലെ പല യൂണിറ്റുകളും ഉറപ്പു നൽ കുന്നുണ്ട്. നെൽകൃഷി ചെയ്യാൻ പരിശീലനം നേടിയ ഇവർ മറ്റു പ്രദേശങ്ങളിൽ ഞാറ്റുവേലയ്ക്കും, കൊയ്ത്തിനും പോകാൻ തയ്യാറാണ്.

"ഏതു തിരക്കിനിടയിലാണെങ്കിലും വൈകിട്ട് നാലുമണിയായാൽ ഞങ്ങൾ ഈ വയലിലെത്തും" ശ്രീലക്ഷ്മിയിലെ ഒൻപത് അംഗങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ബീന ഇതുപറയുമ്പോൾ മണ്ണിന്റെ രസതന്ത്രം അറിഞ്ഞ സ്ത്രീമനസ്സുകളുടെ കൃഷിസ്വപ്നങ്ങളാണ് വെളിപ്പെടുന്നത്.

ഏക്കറു കണക്കിന് ഭൂമി തരിശായിട്ട് ഇരിക്കുന്ന ഭൂവുടമകൾ ഈ പഞ്ചായത്തിനകത്തും പുറത്തും ഉണ്ട്. സാമ്പത്തിക ശേഷിയുള്ള ഇക്കൂട്ടർക്ക് കൃഷിക്കുവേണ്ടി മുതൽമുടക്കുന്നതിനോട് യോജിപ്പില്ലെന്നിരിക്കെ ലക്ഷക്കണക്കിന് ആളുകളുടെ കൃഷിസ്വപ്നങ്ങളാണ് കൂമ്പടയുന്നത്. ഈ പ്രതിസന്ധി മറികടക്കാൻ ഭൂവുടമകൾക്ക് മേൽ ശക്തമായ സാമൂഹ്യസമ്മർദ്ദം ഉണ്ടാവേണ്ടത് അനിവാര്യമാണ്.

ഡോ. തോമസ് വർഗ്ഗീസ് MBBS, DCH, DPH, PHD

ഗ്ലോക്കോമ അഥവാ നേത്രാദിമർദ്ദം

അന്ധതയുണ്ടാക്കുന്ന രോഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഗ്ലോക്കോമ (Glaucoma) അഥവാ നേത്രാതി മർദ്ദം.

ഗ്ലോക്കോമ എന്താണെന്ന് പരിശോധിക്കാം

ആരോഗ്യമുള്ള കണ്ണിനുള്ളിലെ മർദ്ദം 10–20 എം എം എച്ച്ജി (mmHg) ആണ്. മർദ്ദം നിലനിർത്തുന്നത് കണ്ണിനുള്ളിലെ ഒരു ദ്രാവകമാണ്. കണ്ണിനുള്ളിലെ മറ്റൊരു ഭാഗത്തുകൂടി ഈ ദ്രാവകം ഒലിച്ചു മാറിക്കൊണ്ടിരിക്കുകയും ചെയ്യും. ഇതിലുള്ള അസന്തുലിതാവസ്ഥകൊണ്ട് കണ്ണിലെ മർദ്ദം കൂടാം. ഇങ്ങനെ കണ്ണിനുള്ളിലെ മർദ്ദം വർദ്ധിക്കുമ്പോൾ കണ്ണിലുള്ള ഒപ്റ്റിക് നേർവ്വ് (Optic Nerve) തളർന്ന് പോകുന്നു. കാഴ്ചശക്തി ക്രമേണ നഷ്ടപ്പെടുന്നു. നേത്ര നാഡിയുടെ പ്രവർത്തനം ക്രമേണ നശിക്കുന്നു. കാഴ്ചയുടെ വ്യാപ്തി (Field of vision) കൂടുതലായി ബാധിക്കപ്പെടും. കാഴ്ച ക്രമേണ ചുരുങ്ങി അന്ധതയിലേയ്ക്ക് നീങ്ങുന്നു. വശത്തുള്ള ആൾക്കാരെ കാണാൻ ബുദ്ധിമുട്ടുന്നത് ഈ അസുഖത്തിന്റെ പ്രത്യേകതയാണ്. ഈ കാഴ്ചക്കുറവ് ചികിത്സിച്ച് മാറ്റാൻ ബുദ്ധിമുട്ടാണ് നഷ്ടപ്പെട്ട കാഴ്ച ചികിത്സകൊണ്ട് തിരിച്ചുകിട്ടില്ലായെന്നതാണ് ഏറ്റവും വിഷമം പിടിച്ച അവസ്ഥ. ഉള്ള കാഴ്ചശക്തി പിടിച്ചു നിർത്താനെ ചികിത്സകൊണ്ട് സാധിക്കൂ. അതിനാൽ എത്രയും നേരത്തെ ചികിത്സ ആരംഭിക്കേണ്ടിയിരിക്കുന്നു.

കണ്ണിന്റെ മർദ്ദം അളക്കുകയും കാഴ്ച ഞരമ്പിന്റെ ഘടന പരിശോധിക്കുകയും കാഴ്ചയുടെ വ്യാപ്തി അളക്കുകയും ചെയ്യുമ്പോൾ രോഗിക്ക് ഗ്ലോക്കോമ (glaucoma) ഉണ്ടോ ഇല്ലയോ എന്ന് കണ്ടുപിടിക്കാം.

ഗ്ലോക്കോമ സാധാരണ 45 വയസ്സിനു മുകളിലുള്ളവരിലാണ് കണ്ടുവരിക. ചില തരം ഗ്ലോക്കോമകൾ കുട്ടികളെയും ചെറുപ്പക്കാരെയും ബാധിക്കാറുണ്ട്. ഒരുപാടു കാലം സ്റ്റീറോയിഡ് (Steroid) മരുന്നുകൾ ഉപയോഗിക്കുന്നവരിലും ഗ്ലോക്കോമ ഉണ്ടാകാറുണ്ട്. പ്രമേഹരോഗികളിലും ഈ രോഗം കൂടുതലായി കണ്ടുവരുന്നു.

ചിലതരം ഗ്ലോക്കോമയിൽ കണ്ണിനു ശക്തമായ വേദനയും ഛർദ്ദിയും കാഴ്ചക്കുറവും കാണപ്പെടുന്നു. തുടക്കത്തിൽ ചിലർക്ക് വിളക്കിനു ചുറ്റും മഴവില്ലുപോലെ കാണാറുണ്ട്. ഇതിനു തുടക്കത്തിൽ ലേസർ ചികിത്സ ചെയ്താൽ അസുഖം വരാതിരിക്കും. വേദനയോടെ ഈ അസുഖം വന്നാൽ കണ്ണിലെ മർദ്ദം കുറച്ചശേഷം ലേസറോ ശസ്ത്രക്രീയയോ ചെയ്യണം.

ഈ അസുഖം പലപ്പോഴും തുടക്കത്തിൽ കണ്ടുപിടിക്കാറില്ല. നാല്പത്തഞ്ചിനു മുകളിലുള്ളവർക്ക് വെള്ളെഴുത്തിന് കണ്ണു പരിശോധിക്കുമ്പോൾ ഗ്ലോക്കോമ ഉണ്ടോ എന്ന് കണ്ണാശുപത്രികളിൽ പരിശോധന നടത്താറുണ്ട്.

ചെറിയ തലവേദന, അടുത്തടുത്ത് കണ്ണട മാറ്റേണ്ടി വരുക, വശങ്ങളിലുള്ള ആൾക്കാരേയും സാധനങ്ങളെയും കാണാൻ ബുദ്ധിമുട്ട് അനുഭവപ്പെടുക എന്നിവ ഈ രോഗത്തിന്റെ ലക്ഷണം ആണ്. കണ്ണിന്റെ മർദ്ദം കുറയ്ക്കാനായി പലമരുന്നുകൾ നേത്രരോഗവിദഗ്ദ്ധർ ഉപയോഗിക്കാറുണ്ട്. Brimonidin, Belaxold, Bimetoprost എന്നിങ്ങനെ പല മരുന്നുകൾ രോഗിക്ക് നല്കേണ്ടി വരും. രോഗിക്കുള്ള മറ്റസുഖങ്ങളായ ആസ്ത്മ, ഹൃദയസംബന്ധമായ അസുഖങ്ങൾ കണക്കിലെടുത്താണ് മരുന്നുകൾ കണ്ണ് ഡോക്ടർ നിശ്ചയിക്കുക. ചിലതരം ഗ്ലോക്കോമയ്ക്ക് ലേസർ ചികിത്സയും നല്കപ്പെടുന്നു. ഇവകൊണ്ടൊന്നും മർദ്ദം കുറഞ്ഞില്ലെങ്കിൽ ശസ്ത്രക്രിയ നടത്തേണ്ടിവരും. ഈ രോഗം ബാധിച്ചവർ ആയുഷ്ക്കാലം മുഴുവനും ഡോക്ടർ നിർദ്ദേശിക്കുന്നതനുസരിച്ച് കണ്ണിന്റെ മർദ്ദവും ഫീൽഡ് ടെസ്റ്റുകളും കണ്ണിന്റെ ഞരമ്പുപരിശോധനയും നടത്തണം.

ശരിയായ ചികിത്സവഴി രോഗം തടയാനാകും. ആരോഗ്യബോധവൽക്കരണം വഴി ഈ രോഗത്തെപ്പറ്റി ജനങ്ങൾക്കു ബോധവൽക്കരണം നടത്തി രോഗം തടയുന്നതിന് ഓരോ ഹെൽത്ത് ഇൻസ്പെക്ടർക്കും JPHN നും മുനിസിപ്പൽ ചൈൽഡ് വെൽഫയർ സെന്ററിനും പ്രാഥമികാരോഗ്യ കേന്ദ്രത്തിനും ബാധ്യതയുണ്ട്.

നേരത്തെ രോഗം കണ്ടുപിടിച്ച് ചികിത്സിച്ചാൽ ഗ്ലോക്കോമ മൂലമുള്ള അന്ധത അഥവാ Blindness തടയാൻ പറ്റും.

(ലേഖകൻ നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം ജോയിന്റ് ഡയറക്ടറാണ്
email: drthomasvarghese@yahoo.co.in
Mobile: 9847430210)

ഓം സഹനാവതു
സഹനൗഭുനക്തു
സഹവീര്യം കരവാവഹൈ
തേജസിനാവധീതമസ്തു
മാവിദ്വിഷാവഹൈ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ
ഓം അജ്ഞാനതിതിമിരാസന്ധസ്യ
ജ്ഞാനാഞ്ജനശലാകയൂ
ചക്ഷുരുത്മീലിതം യേന
തസ്മൈ ശ്രീ ഗുരവേ നമഃ

പ്രകൃതി ജീവനം ഒരു ജീവിത ശൈലി

ആർ. ശിവരാജൻ

പ്രകൃതി ചികിത്സയിൽ രോഗനിവാരണമല്ല മറിച്ച് ആരോഗ്യോദ്ധാരണമാണ് സാധിക്കുന്നത്. പ്രകൃതി ചികിത്സയെക്കുറിച്ച് ചിന്തിക്കുന്നതിനുമുമ്പ് ശരീര ശാസ്ത്രത്തെക്കുറിച്ച് മനസ്സിലാക്കുന്നത് നന്നായിരിക്കും. ശരീരത്തെ ഒരു ഫാക്ടറിയോട് താരതമ്യപ്പെടുത്താം. ഫാക്ടറി പവർഹൗസിന് കോട്ടം സംഭവിച്ചാൽ ഫാക്ടറി ആകെ സ്തംഭിക്കും. ഇതുതന്നെയാണ് ശരീരമെന്ന ഫാക്ടറിയുടെയും സ്ഥിതി. നാം എത്രത്തോളം ശ്രദ്ധ ചെലുത്തുന്നുവെന്നതിനെ ആശ്രയിച്ചാണ് അവയവങ്ങളുടെ പ്രവർത്തനക്ഷമത സ്ഥിതിചെയ്യുന്നത്. മനുഷ്യൻ സസ്യഭുക്കാണ്. ആയതിനാൽ യഥാർത്ഥ ആഹാരവസ്തുക്കൾ സസ്യാഹാരമാണ്. പഴങ്ങൾ, പച്ചിലകൾ, പച്ചക്കറികൾ, അണ്ടിവർഗ്ഗങ്ങൾ എന്നിവയാണ്. ഇവമാത്രം ഉപയോഗിക്കുന്നവർക്ക് യാതൊരുവിധ രോഗവും ഉണ്ടാവുകയില്ല. അരോഗദൃഢമായ ശരീരം ഉണ്ടാകും. അരവയർ ഭക്ഷണം കഴിക്കുക എന്നതാണ് ആരോഗ്യപരിപാലനത്തിനുള്ള പ്രമാണം. രാവിലെ പത്ത് മണിക്കുശേഷവും വൈകുന്നേരം ആറുമണിക്ക് മുമ്പും ഭക്ഷണം കഴിക്കുന്നതാണ് നല്ലത്. ഏതൊരു വസ്തുവിനും ചൈതന്യം ഉണ്ടാക്കുന്നത് സൂര്യപ്രകാശമാണ്. സൂര്യപ്രകാശമുള്ളപ്പോഴേ ഭക്ഷണം കഴിക്കാവൂ. ഒരിക്കൽ ഭക്ഷണം കഴിച്ചതിനുശേഷം വീണ്ടും ഭക്ഷണം കഴിക്കുന്നതിനിടയിൽ എട്ട് മണിക്കൂർ നേരത്തെ ഇടവേള വേണം. ഉദരത്തിലെത്തുന്ന ഭക്ഷണവസ്തുക്കൾ ദഹിച്ച് പാകമായി ചെറുകുടലിലേക്ക് പ്രവേശിക്കുന്നതിന് ആറ് മണിക്കൂർ സമയം വേണം. അതിനുശേഷം രണ്ടു മണിക്കൂർ നേരം ഉദരത്തിന് വിശ്രമം നൽകേണ്ടതുണ്ട്. ഭക്ഷ്യവസ്തു എന്തായാലും അത് നന്നായി ചവച്ചരച്ചേ കഴിക്കാവൂ. ദഹനപ്രക്രിയയിലെ ഒന്നാമത്തെ ഘട്ടമാണത്. നന്നായി ഉമിനീരു കലരാത്ത വസ്തു ആമാശയത്തിൽ ചെന്നാൽ ശരിയായി ദഹിക്കുകയില്ല. ഭക്ഷണം കഴിക്കുമ്പോൾ വെള്ളം കുടിക്കാൻ പാടില്ല. വെള്ളം ദഹനക്രിയയ്ക്ക് തടസ്സമുണ്ടാക്കും. ഭക്ഷണവസ്തുവിന്റെ സിംഹഭാഗവും ജലമാണ്. ഈ ജലം മാത്രമെ ശരീരത്തിന് ആവശ്യമുള്ളു. ഉപ്പ്, പുളി, മുളക് എന്നിവ ഉപയോഗിക്കുന്നതുകൊണ്ടാണ് വെള്ളം കുടിക്കണമെന്ന് തോന്നുന്നത്. ഭക്ഷ്യവസ്തുക്കൾ അതേപടി ഉപയോഗിക്കുന്നതാണ് നല്ലത്.

ഭക്ഷണത്തിന് പുറമേ ചില ജീവിതചര്യകൾ കൂടി നാം ശ്രദ്ധിക്കണം. പഞ്ചഭൂത നിർമ്മിതമാണ് ശരീരം – ആകാശം, വായു, അഗ്നി, ജലം, ഭൂമി.

1. ആകാശോപാസന

പഞ്ചഭൂതങ്ങളിലെ ഏറ്റവും സൂക്ഷ്മമായ അംശമാണ് ആകാശം. ആകാശം അന്നമാണ്. മനുഷ്യനും മറ്റു ജീവജാലങ്ങളും ആകാശത്തിൽ നിന്ന് എന്തെല്ലാം സ്വീകരിക്കുന്നു എന്നത് സംബന്ധിച്ച് പൂർണ്ണവിവരം അജ്ഞാതമാണ്. അനുഭവത്തിൽ നിന്നും പലതും വെളിച്ചത്തിൽ വന്നിട്ടുണ്ട്. നിത്യേന ആകാശതത്വം മനുഷ്യൻ സ്വീകരിക്കുന്നുണ്ട്. പഞ്ചഭൂതങ്ങളിൽ ഏറ്റവും സ്ഥൂലവും അഞ്ചാമത്തേതുമായ പൃഥ്വീതത്വം (ആഹാരം) ഉപേക്ഷിക്കുമ്പോൾ ഏറ്റവും സൂക്ഷ്മവും ഒന്നാമത്തേതുമായ ആകാശതത്വം സൂക്ഷ്മാന്നമായി പരിണമിക്കുന്നു. ആകാശത്തുനിന്ന് വായുവും വായുവിൽ നിന്ന് അഗ്നിയും അഗ്നിയിൽ നിന്ന് ജലവും ജലത്തിൽ നിന്ന് ഭൂമിയും സംസൃഷ്ടമായി എന്നാണ് പഞ്ചഭൂത സൃഷ്ടിയെക്കുറിച്ചുള്ള തത്വം. എല്ലാറ്റിനും ആധാരമായിരിക്കുന്നത് ആകാശമാണ്. ഏറ്റവും സൂക്ഷ്മമായ ഭൂതവും ആകാശം തന്നെ. ആകാശം ശബ്ദതന്മാത്രയാണ്. കാണാനോ, സ്പർശിക്കാനോ സാധിക്കാത്തതും ശ്രവിക്കാൻ മാത്രം സാധിക്കുന്നതുമാണ് അത്. പഞ്ചഭൂതങ്ങളെ അനുഭവിക്കാനുള്ളതാണ് മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾ. ചെവി ശ്രവണത്തിനും (ആകാശത്തിനും) ചർമ്മം വായുവിനും ദൃഷ്ടി പ്രകാശത്തിനും (അഗ്നി), രസനേന്ദ്രിയം ജലത്തിനും മൂക്ക് ഗന്ധത്തിനും (ഭൂമിക്കും) സാക്ഷ്യം വഹിക്കുന്നു. പഞ്ചേന്ദ്രിയങ്ങളിൽ സർവ്വപ്രധാനമായിരിക്കുന്നത് ആകാശമാണ്. അതിനാൽ ആകാശോപാസനയിൽകൂടി ആരോഗ്യ പരിപാലനത്തിന് ശ്രമിക്കുന്ന പക്ഷം മറ്റ് ഉപാസനകളില്ലാതെ തന്നെ ദീർഘായുസ്സ് കൈവരിക്കാൻ കഴിയും.

2. വായുപാസന

സർവ്വ വ്യാപിയാണ് വായു. വായുവില്ലാതെ ജീവജാലങ്ങൾക്ക് ഭൂമിയിൽ ജീവിക്കാൻ സാദ്ധ്യമല്ല. പ്രധാനമായും അഞ്ചു വായുക്കളാണ് മനുഷ്യനിൽ പ്രവർത്തിക്കുന്നത്. (1) പ്രാണവായു ശ്വാസകോശത്തെ പ്രവർത്തിപ്പിക്കുകയും (2) അപാനവായു ആഹാരാദികളെ ആവാഹിച്ച് കീഴ്പോട്ട് കൊണ്ടുപോവുകയും മലമൂത്രവിസർജ്ജനത്തെ സഹായിക്കുകയും (3) സമാനവായു ദഹനക്രിയയേയും വിതരണത്തേയും സഹായിക്കുകയും (4) ഉദാനവായു കണ്ഠത്തിലിരുന്നുകൊണ്ട് ശബ്ദമസ്തിഷ്ക്കാദികളെ പ്രബുദ്ധമാക്കുകയും (5) വ്യാനവായു രക്തപ്രവാഹം നടത്തുകയും ചെയ്യുന്നു. ഈ വായുക്കളെല്ലാം ശക്തിവിശേഷങ്ങളാണ്. അല്ലാതെ സ്ഥൂലമായ വായുവല്ല. അന്നംപോലെയും ജലംപോലെയും വായുവും ഒരു ഭക്ഷണ പദാർത്ഥമാണ്.

3. തേജോപാസന (സൂര്യോപാസന)

പ്രാണന്റെ നിലനില്പിനാധാരം സൂര്യനാണ്. സൂര്യപ്രകാശമില്ലെങ്കിൽ ഒരു ജീവിക്കും നിലനിൽക്കാനാവില്ല. സൂര്യപ്രകാശം സജീവമാണ്. സജീവമായതിനു മാത്രമേ മറ്റുള്ളവർക്ക് ജീവൻ നൽകാൻ കഴിയൂ. എല്ലാ കൃത്രിമ വെളിച്ചങ്ങളും മനുഷ്യന് ഹാനികരമാണ്. സുര്യപ്രകാശം തന്നെയാണ് ഏറ്റവും അഭികാമ്യമായിട്ടുള്ളത്. സൂര്യപ്രകാശം മനുഷ്യശരീരത്തിൽ തട്ടണം. എല്ലിന്റെ വളർച്ചയ്ക്ക് അനിവാര്യമായ ഒരു ഘടകമാണ് വിറ്റാമിൻ ഡി. ഇത് സൂര്യപ്രകാശത്തിൽ നിന്ന് ലഭിക്കുന്നു. ഇത് ശരീരത്തിൽ ഉല്പാദിപ്പിക്കാൻ കഴിയണമെങ്കിൽ സൂര്യപ്രകാശം ആന്തരികവും ബാഹ്യവുമായ എല്ലാ രോഗങ്ങളുടെയും ഉച്ചാടനത്തിന് ഉത്തമമാണ്. ചർമ്മരോഗങ്ങൾ, ബി.പി. (High and Low) ഹൃദ്രോഗം, വാദരോഗങ്ങൾ എന്നിവയ്ക്ക് സൂര്യപ്രകാശ ചികിത്സ വളരെ ഉത്തമമാണ്. ശരീരത്തിൽ എവിടെ വേദന വന്നാലും ആ ഭാഗത്ത് സൂര്യപ്രകാശം കൊള്ളിച്ചാൽ വേദന ശമിക്കും. സൂര്യോപാസനപോലെ ഉന്മേഷം പകർന്നുതരുന്ന മറ്റൊന്നില്ല.

4. ജലോപാസന

മനുഷ്യശരീരത്തിൽ 75–80 ശതമാനവും ജലമാണ്. നാം ഭക്ഷണമായി കഴിക്കുന്ന വസ്തുക്കളിലെ ജലം, കുടിക്കുന്ന ജലം, രാസപ്രക്രിയകൊണ്ടുണ്ടാകുന്ന ജലം എന്നിവയിലൂടെയാണ് ജലത്തിന്റെ ആവശ്യം ശരീരം നിറവേറ്റുന്നത്. മനുഷ്യന്റെ എല്ലാകോശങ്ങളും ജലത്തിലാണ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്. ഈ ജലത്തിന് കുറവുവന്നാൽ നമുക്ക് ദാഹം അനുഭവപ്പെടുന്നു. രോഗാവസ്ഥയിലും ആരോഗ്യാവസ്ഥയിലും ദാഹം അനുഭവപ്പെടുന്നു. അപ്പോൾ മാത്രമേ ജലം കഴിക്കേണ്ടതുള്ളൂ.

വൃക്കകളുടെ ജോലി രണ്ടാണ്. ശരീരത്തിലെ ജലാംശം നിയന്ത്രിച്ച് എല്ലാ കോശങ്ങളുടെയും പ്രവർത്തനശേഷി നിലനിർത്തുക എന്നത് ഒന്നാമത്തെ ജോലി. രണ്ടാമത് ശരീരത്തിൽ അതാത് സമയത്തുണ്ടാകുന്നതും അകത്ത് കടന്നുകൂടിയതുമായ വിഷമയമായ എല്ലാ വസ്തുക്കളെയും പുറംതള്ളുക. ഒരു തുള്ളി വെള്ളം പോലും അനാവശ്യമായി അകത്ത് കടത്തിവിടാൻ പാടില്ല. കൂടുതൽ ജലം കഴിച്ചാൽ ദഹനക്കേടുണ്ടാകും. ദാഹം മാറ്റാൻ വെള്ളം കുടിക്കണം. കുടിക്കുമ്പോൾ ജലം അല്പനേരം വായിൽ നിർത്തി ദാഹം ഉണ്ടാക്കിയ ഗ്രന്ഥികളെ അറിയിച്ചശേഷം കുടിച്ചിറക്കണം. ധാരാളം വായുസഞ്ചാരവും, സൂര്യപ്രകാശവും ഏറ്റുകിടക്കുന്ന സ്ഥലത്തുള്ളതാണ് നല്ല ജലം – മഴവെള്ളം കഴിഞ്ഞാൽ. ജലം അന്നമാകുന്നു. ജ്യോതിസ്സും അന്നസ്വരൂപം തന്നെ. ജലം

"Health is wealth"
Naturopathy is a devine science of health
"Prevention is better than cure".

ജ്യോതിസ്സിലും ജ്യോതിസ്സ് ജലത്തിലും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

5. പൃഥവ്യൂപാസന

പൃഥിയിൽനിന്നും ഔഷധവും ഔഷധത്തിൽ നിന്ന് അന്നവുമുണ്ടായി. അന്നവും ഔഷധവും ഒന്നാണ്. അന്നംതന്നെ സർവ്വഭൂതങ്ങൾക്കും ജ്യേഷ്ഠനായി നിൽക്കുന്നു. വേദവിധിപ്രകാരം ഔഷധത്തിൽ നിന്നുമാണ് അന്നം ഉണ്ടായത്. അതുകൊണ്ട് അന്നത്തിന് മാത്രമേ ഔഷധമാകാൻ കഴിയു. ശരീരത്തിന്റെ വളർച്ചയ്ക്കും കേടുപാടുകൾ തീർക്കുന്നതിനും പുതിയ കോശങ്ങൾ ഉണ്ടാക്കുന്നതിനും ശരീരത്തിന്റെ ഘടനാഭദ്രതയെ നിലനിർത്തുന്നതിനും വേണ്ട വസ്തുക്കൾ എത്തിച്ചു കൊടുക്കുക എന്നത് മാത്രമാണ് ഭക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് ഉള്ളപ്പോൾ മാത്രം മിതമായ രീതിയിൽ ഭക്ഷണം കഴിക്കണം. ഒരു പ്രാവശ്യം ഭക്ഷണം കഴിച്ചാൽ ഏകദേശം 8 മണിക്കൂർ കഴിഞ്ഞേ വിശപ്പ് ഉണ്ടാകാറുള്ളു. വിശപ്പ് ഉണ്ടാകുമ്പോൾ ശരീരം മുഴുവൻ ഘനക്കുറവ് അനുഭവപ്പെടും.

വിശപ്പ് നല്ലൊരു അനുഭൂതി തരുന്നു. ശരീരത്തിൽ എവിടെയെങ്കിലും വേദനയുള്ളപ്പോഴോ, പനി, മാനസിക ക്ഷോഭം, ശാരീരികമായി ക്ഷീണിച്ചിരിക്കുക തുടങ്ങിയ വേളകളിൽ ഭക്ഷണം കഴിക്കരുത്. ഭക്ഷണശേഷം കുറച്ച് സമയം വിശ്രമിക്കണം. അരവയർ ഭക്ഷണം മാത്രമേ കഴിക്കാവൂ. ഒരു ദിവസം രണ്ടുനേരം ഭക്ഷണം കഴിച്ചാൽ മതിയാകും. ഭക്ഷണം നല്ലവണ്ണം ചവച്ചരച്ച് കഴിക്കണം. കഴിക്കാവുന്ന എല്ലാ ഇലവർഗ്ഗങ്ങളും ശരീരത്തിന്റെ എല്ലാ ഭാഗങ്ങൾക്കും ഉത്തമമാണ്. പ്രകൃതിയുടെ മൾട്ടിവിറ്റാമിനും, ഇൻസുലിനും, സർവ്വ വിഷസംഹാരിയുമാണ് കൂവളത്തില. തുളസിയിലയിൽ മനുഷ്യനാവശ്യമുള്ള 37 ഔഷധമൂല്യങ്ങൾ അടങ്ങിയിട്ടുണ്ട്. കറുക ബുദ്ധിക്കും ഓർമ്മശക്തിക്കും അത്യുത്തമമാണ്. മനുഷ്യശരീരത്തിന് 80% ക്ഷാരാംശം 20% അമ്ലാംശവും ആവശ്യമാണ്. പുളിയുള്ള പഴങ്ങളിൽ നിന്നാണ് കൂടുതൽ ക്ഷാരാംശം ശരീരത്തിന് ലഭിക്കുന്നത്. കരിക്കിൻ വെള്ളം ശരീരത്തിന് വളരെ ഉത്തമമാണ്. ആവതും പ്രകൃതിയിൽ നിന്നും കിട്ടുന്ന അവസ്ഥയിൽ കഴിക്കുന്നതാണ് അഭികാമ്യം. ഉപ്പ്, മുളക്, പുളി, ഉള്ളി വർഗ്ഗങ്ങൾ, ചായ, കാപ്പി, ഡാൽഡ, പഞ്ചസാര, മൈദ എന്നിവ ഉപേക്ഷിക്കണം.

ഏത് അസുഖം വന്നാലും പ്രകൃതി ജീവനരീതിയിലൂടെ ജീവിക്കുക വഴി അസുഖം മാറും എന്ന് അനുഭവിച്ചറിയാൻ കഴിയും.

(ലേഖകൻ വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്)

മിനിക്കഥ

പട്ടാഴി ശ്രീകുമാർ

ആൾക്കൂട്ടം

ശോഭന സന്ധ്യയുടെ വീട്ടിലെത്തിയപ്പോൾ സന്ധ്യ കരയുകയായിരുന്നു. സന്ധ്യയുടെ കരച്ചിൽ കണ്ട് ശോഭനയും കരച്ചിൽ തുടങ്ങി. അതു കേട്ട് സൗമ്യ ഓടിയെത്തി. അവളും കരയാൻ തുടങ്ങി. സൗമ്യയുടെ കരച്ചിൽ കേട്ട് അവളുടെ അമ്മ തങ്കമണിയെത്തി. അവരും കരയാൻ തുടങ്ങി.

കോളനിയിലെ കൂട്ടക്കരച്ചിൽ കേട്ട് റോഡിൽ നിന്നും മെമ്പർ തോമസ് ഓടിയെത്തി.

''എന്താ എല്ലാവരും കരയുന്നത്? എന്തുപറ്റി? കരയാതെ കാര്യം പറയൂ''

തോമസു പറഞ്ഞു.

'' ആ....... അവർ പരസ്പരം മുഖത്തു നോക്കി''

സന്ധ്യ അപ്പോഴും കരച്ചിൽ തുടർന്നുകൊണ്ടേയിരുന്നു.

* * *

ന്യായം

ലോജിക്ക് ക്ലാസ്സിൽ ക്വിസ് മത്സരം നടക്കുകയാണ്.

''ആദിമ നുഷ്യൻ''

''ആദാം''

''ആദി കവി''?

''വാല്മീകി''

''ആദ്യത്തെ സിനിമ''

''ആദാമിന്റെ വാരിയെല്ല്''

ലോജിക്ക് അദ്ധ്യാപകൻ അവനെ ജേതാവായി പ്രഖ്യാപിച്ചു.



ഉദയഭാനു കണ്ടേത്ത്

ക്ലാസിഫിക്കേഷൻ

ധനകാര്യ ഇടപാടുകൾ തരംതിരിച്ച്, സംഗ്രഹിച്ച് പ്രദർശിപ്പിക്കുന്ന രേഖയാണ് അക്കൗണ്ട്. ഇപ്രകാരമുള്ള തരംതിരിവ് പ്രക്രിയയാണ് ക്ലാസിഫിക്കേഷൻ.

ക്ലാസിഫിക്കേഷന്റെ അടിസ്ഥാനം

വരവുകളേയും ചെലവുകളേയും അവയുടെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലാണ് തരംതിരിച്ചിരിക്കുന്നത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. വരവുകൾ: നികുതികൾ, ഫീസ്, ഗ്രാന്റുകൾ

2. ചെലവുകൾ: ഗ്രാമവികസനം, വിദ്യാഭ്യാസം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം

ചെലവുകളുടെ ഉദ്ദേശ്യമാണ്, അവയുടെ സ്രോതസ്സല്ല ചെലവുകളുടെ തരംതിരിവിന്റെ ഉദ്ദേശ്യമെന്ന കാര്യം ശ്രദ്ധിക്കുക. ഉദാഹരണമായി, "സമഗ്ര നെൽകൃഷി വികസനം" എന്ന പ്രോജക്ടിനുവേണ്ടി ചെലവഴിക്കുന്ന തുക രേഖപ്പെടുത്തുന്നത് "ധാന്യവിളകൾ" (അഥവാ കൃഷി) എന്ന ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിലായിരിക്കും. ചെലവഴിക്കുന്ന തുക വികസനഫണ്ടിൽ നിന്നായാലും തനതുഫണ്ടിൽ നിന്നായാലും ചെലവിന്റെ ക്ലാസിഫിക്കേഷൻ "ധാന്യവിളകൾ" എന്നു തന്നെയാണ്.

ഇത്തരത്തിൽ വരവു/ചെലവുകളുടെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലുള്ള ക്ലാസിഫിക്കേഷനെ "ഫങ്ഷണൽ ക്ലാസിഫിക്കേഷൻ" (Functional classification) എന്നു വിശേഷിപ്പിക്കുന്നു.

ക്ലാസിഫിക്കേഷൻ ആറുതലങ്ങളിൽ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അക്കൗണ്ടുകളിൽ വരവ്-ചെലവുകളെ ആറു തലങ്ങളിലായി (അഥവാ ആറു തട്ടുകളിലായി)ട്ടാണ് തരം തിരിച്ചിരിക്കുന്നത്. ഇതേ രീതി തന്നെ പഞ്ചായത്ത് അക്കൗണ്ടുകളിലും പിന്തുടർന്നിരിക്കുന്നു. താഴെ പറയുന്നവയാണ് ആ തലങ്ങൾ.

	വരവ് ചെലവിന്റെ തലം	ഓരോ തലവും സൂചിപ്പിക്കുന്നത്
1	മേജർ ഹെഡ്	ഫങ്ഷൻ
2	സബ് മേജർ ഹെഡ്	സബ്-ഫങ്ഷൻ
3	മൈനർ ഹെഡ്	പ്രോഗ്രാം
4	സബ്ഹെഡ്	ആക്ടിവിറ്റി/സ്കീം
5	ഡീറ്റെയിൽഡ് ഹെഡ്	സബ് ആക്ടിവിറ്റി
6	ഓബ്ജക്ട് ഹെഡ്	ഓബ്ജക്ട്

ഫങ്ഷൻ, പ്രോഗ്രാം, ആക്ടിവിറ്റി, ഓബ്ജക്ട്

ഓരോ വരവും ചെലവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഏതെങ്കിലും ഒരു ഫങ്ഷൻ അഥവാ പ്രവർത്തനം നടത്തുവാൻ വേണ്ടിയുള്ളതായിരിക്കും. ഫങ്ഷൻ എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത് വരവ്/ചെലവിന്റെ വിശാല ലക്ഷ്യമാണ്.

"വിദ്യാഭ്യാസം", "പൊതുജനാരോഗ്യം"തുടങ്ങിയവ ചെലവിന്റെ വിശാല ലക്ഷ്യങ്ങളാണ്. വരവ്/ചെലവിന്റെ വിശാലലക്ഷ്യം സൂചിപ്പിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടിന്റെ പേരാണ് "മേജർ ഹെഡ്".

ഉദാഹരണം

1. 2202 പൊതുവിദ്യാഭ്യാസം
2. 2210 വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

മേജർഹെഡിനെ ചിലപ്പോൾ രണ്ടോ അതിലധികമോ വിഭാഗങ്ങളായി തിരിച്ചെന്നുവരും. അങ്ങനെ തരംതിരിക്കുന്ന വിഭാഗങ്ങൾ ഓരോ സബ്മേജർ ഹെഡുകൾക്ക് കീഴിലായിരിക്കും.

നടപ്പാക്കുന്ന പ്രോഗ്രാമിനെ സൂചിപ്പിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടാണ് മൈനർ ഹെഡ്-ഓരോ പ്രോഗ്രാമിനേയും സ്കീം അഥവാ ആക്ടിവിറ്റി ആയും അതിനുകീഴിൽ സബ്സ്കീം/സബ് ആക്ടിവിറ്റി ആയും വിഭജിക്കാവുന്നതാണ്. സ്കീം/ആക്ടിവിറ്റിയെ സൂചിപ്പിക്കുന്ന ഹെഡ്ഓഫ് അക്കൗണ്ടാണ് സബ്ഹെഡ്. ഡീറ്റെയിൽഡ് ഹെഡ് സബ് സ്കീം/സബ് ആക്ടിവിറ്റിയെ സൂചിപ്പിക്കുന്നു. ചെലവിന്റെ ആത്യന്തിക ലക്ഷ്യത്തെ സൂചിപ്പിക്കുന്നതാണ് ഓബ്ജക്ട് ഹെഡ്.

ക്ലാസിഫിക്കേഷൻ-ഉദാഹരണങ്ങൾ

എല്ലാ വരവു-ചെലവുകളേയും ആറു തലങ്ങളായി തന്നെ ക്ലാസിഫൈ ചെയ്തിരിക്കണമെന്നില്ല. പലപ്പോഴും അഞ്ചോ അതിൽ കുറവോ ആകാം തലങ്ങൾ.

ക്ലാസിഫിക്കേഷന് രണ്ട് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. വസ്തു നികുതി – തന്നാണ്ട്

മേജർ ഹെഡ്	0035 കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ
സബ് മേജർ ഹെഡ്	00
മൈനർ ഹെഡ്	101 സാധാരണ പിരിവുകൾ
സബ് ഹെഡ്	98 വസ്തു നികുതി
ഡീറ്റെയിൽഡ് ഹെഡ്	02 തന്നാണ്ട്

2. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഓഫീസ് ചെലവ്

മേജർ ഹെഡ്	2210. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
സബ് മേജർ ഹെഡ്	03. ഗ്രാമ ആരോഗ്യ സേവനങ്ങൾ – അലോപ്പതി
മൈനർ ഹെഡ്	110. ആശുപത്രികളും ഡിസ്പെൻസറികളും
സബ് ഹെഡ്	99. എസ്റ്റാബ്ലിഷ്മെന്റ്
ഡീറ്റെയിൽഡ് ഹെഡ്	00.
ഓബ്ജക്ട് ഹെഡ്	13. ഓഫീസ് ചെലവുകൾ

കോഡുകൾ

ഓരോ ഹെഡ് ഓഫ് അക്കൗണ്ടിനേയും കുറിക്കുന്നതിന് ഒരു കോഡ് നൽകിയിരിക്കുന്നു. എളുപ്പം തിരിച്ചറിയാനും കംപ്യൂട്ടർവൽക്കരണം സുഗമമാക്കാനും വേണ്ടിയുള്ളതാണ് കോഡുകൾ. കോഡുകളുടെ അക്കങ്ങൾ താഴെ പറയുംവിധമാണ്.

മേജർ ഹെഡ് : 4 അക്കം
മൈനർ ഹെഡ് : 3 അക്കം
മറ്റ് ഹെഡ് ഓഫ് അക്കൗണ്ടുകൾ : 2 അക്കം

ആദ്യത്തെ അക്കം

മേജർ ഹെഡ് കോഡുകളുടെ ആദ്യത്തെ അക്കം സൂചനാത്മകമാണ്; അതായത് വരവ്/ചെലവ് ഏത് ഇനത്തിൽ പെട്ടതാണെന്ന് മേജർ ഹെഡ് കോഡിന്റെ ആദ്യത്തെ അക്കം സൂചിപ്പിക്കുന്നു.

ആദ്യത്തെ അക്കം 0 അഥവാ 1 ആണെങ്കിൽ അത് വരവാണ്. 2 അഥവാ 3 ആണെങ്കിൽ റവന്യൂ ചെലവ്; 4 അഥവാ 5 ആണെങ്കിൽ മൂലധനച്ചെലവ് (4000 എന്ന മേജർഹെഡ് മാത്രം മൂലധന വരവിന്); 6 അഥവാ 7 ആണെങ്കിൽ വായ്പ; 8 ആണെങ്കിൽ ഋണശീർഷക്കണക്ക്.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

മൂലധന വരവിന് "4000. മൂലധനവരവുകൾ" എന്ന മേജർ ഹെഡ് മാത്രമേയുള്ളൂ. ആസ്തികൾ വിറ്റു കിട്ടിയ വരവ് മാത്രമേ ഈ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ സാധാരണയായി ഉൾപ്പെടാറുള്ളൂ.

റവന്യൂ റീ ഫണ്ട്

നേരത്തേ ലഭിച്ച വരവ് തിരിച്ചു നൽകുമ്പോൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ മൈനസ് എൻട്രിയായി ക്ലാസിഫൈ ചെയ്യണം.

ഉദാഹരണം: അധികമായി ലഭിച്ച തൊഴിൽ നികുതി (തന്നാണ്ട്) 150 രൂപ തിരിച്ചു നൽകി.

ഹെഡ് ഓഫ് അക്കൗണ്ട്	തുക(രൂപ)
0028 വരവുചെലവിന്മേലുള്ള മറ്റു നികുതികൾ	00
107 തൊഴിൽ, വ്യാപാരം, പ്രവൃത്തി, ജോലി എന്നിവയിന്മേലുള്ള നികുതികൾ	
99 തൊഴിൽ നികുതി	
02 തന്നാണ്ട്	(–) 150

നടപ്പാക്കുന്ന പ്രോഗ്രാമിനെ സൂചിപ്പിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടാണ് മൈനർ ഹെഡ്–ഓരോ പ്രോഗ്രാമിനേയും സ്കീം അഥവാ ആക്ടിവിറ്റി ആയും അതിനുകീഴിൽ സബ്സ്കീം/സബ് ആക്ടിവിറ്റി ആയും വിഭജിക്കാവുന്നതാണ്. സ്ക്കീം/ആക്ടിവിറ്റിയെ സൂചിപ്പിക്കുന്ന ഹെഡ്ഓഫ് അക്കൗണ്ടാണ് സബ്ഹെഡ്. ഡീറ്റെയിൽഡ് ഹെഡ് സബ് സ്ക്കീം/സബ് ആക്ടിവിറ്റിയെ സൂചിപ്പിക്കുന്നു. ചെലവിന്റെ ആത്യന്തിക ലക്ഷ്യത്തെ സൂചിപ്പിക്കുന്നതാണ് ഓബ്ജക്ട് ഹെഡ്

റവന്യൂ വരവ്	0210 വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
റവന്യൂ വരവ്	1054 റോഡുകളും പാലങ്ങളും
റവന്യൂചെലവ്	2210 വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും
റവന്യൂ ചെലവ്	3054 റോഡുകളും പാലങ്ങളും
മൂലധന വരവ്	4000 മൂലധന വരവുകൾ
മൂലധനച്ചെലവ്	4210 വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും സംബന്ധിച്ച മൂലധനച്ചെലവുകൾ
മൂലധനച്ചെലവ്	5054 റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്
വായ്പ	6004 കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും
വായ്പ	7610* പഞ്ചായത്ത് ജീവനക്കാർക്കും മറ്റുമുള്ള വായ്പകൾ
ഋണശീർഷക്കണക്ക്	8443 സിവിൽ നിക്ഷേപങ്ങൾ

* പഞ്ചായത്തിൽ നിന്ന് സാധാരണഗതിയിൽ ജീവനക്കാർക്ക് വായ്പകൾ നൽകാറില്ല. അതിനാൽ ഈ ഹെഡ് ഓഫ് അക്കൗണ്ട് ഉപയോഗിക്കേണ്ടി വരാറില്ല.

വാഴക്കാട് ഗ്രാമപഞ്ചായത്ത്
ഊർജ്ജിത ഭക്ഷ്യോൽപാദന സംസ്ക്കരണ വിപണന പദ്ധതി

വാഴക്കാട് ഗ്രാമപഞ്ചായത്ത് ഊർജ്ജിത ഭക്ഷ്യോൽപാദന-സംസ്ക്കരണ വിപണന പദ്ധതിക്ക് അംഗീകാരം നൽകി. നടപ്പു വർഷം 570 ഏക്കർ സ്ഥലത്ത് ഊർജ്ജിത ഭക്ഷ്യോൽപാദനം നടത്തുന്നതിനാണ് പദ്ധതി.ഭക്ഷ്യോൽപാദനങ്ങളുടെ സംസ്ക്കരണത്തിനും വിപണനത്തിനും പദ്ധതി ലക്ഷ്യമിടുന്നു. 25 ലക്ഷം രൂപ ചെലവ് വരുന്നതാണ് പദ്ധതി. പഞ്ചായത്തിലെ 237 അയൽക്കൂട്ടങ്ങൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുക. കുടുംബശ്രീ അംഗങ്ങളായ 6000 സ്ത്രീ കൾ പദ്ധതി പ്രവർത്തനത്തിൽ പങ്ക് ചേരും. അംഗങ്ങളുടെ പുരയിടങ്ങൾക്ക് പുറമേ പരിസരപ്രദേശത്തെ തരിശുഭൂമികളും പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഒമ്പത് ഏക്കർ കൃഷി ഭൂമിയും കൃഷിക്കായി ഉപയോഗപ്പെടുത്തും. നെല്ല്, പച്ചക്കറി, മലക്കറികൾ, വിവിധയിനം വാഴകൾ എന്നിവയാണ് കൃഷി ചെയ്യുക. 2046000/- രൂപ കൃഷിക്ക് സബ്സിഡി നൽകും. കൃഷിക്ക് ആവശ്യമായ വിത്തും തൈകളും എ.ഡി.എസ് മുഖേന വിതരണം ചെയ്യും. കുടുംബശ്രീ ജില്ലാമിഷൻ ധനസഹായം പദ്ധതിക്ക് ഉപയോഗപ്പെടുത്തും.

വീടും തോറും ഭക്ഷ്യ സുരക്ഷാ പദ്ധതി

ഭക്ഷ്യവസ്തുക്കൾ സ്വന്തമായി ഉൽപ്പാദിപ്പിച്ച് ക്ഷാമകാലത്ത് ഭക്ഷ്യകരുതൽ ശേഖരം തയ്യാറാക്കാൻ കുടുംബങ്ങളെ സജ്ജമാക്കുന്നതിനുവേണ്ടി വീടുതോറും ഭക്ഷ്യ സുരക്ഷാപദ്ധതിയും പഞ്ചായത്ത് നടപ്പാക്കും. പദ്ധതിയുടെ ഭാഗമായി നിർദ്ധന കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ശേഖരിച്ച് വെയ്ക്കാൻ ധാന്യസംഭരണികൾ പഞ്ചായത്ത് നൽകും.

ഭക്ഷ്യ സുരക്ഷാ അവാർഡ്

സ്വന്തം കുടുംബത്തിന് ആവശ്യമായ ധാന്യങ്ങൾ, പച്ചക്കറികൾ, മലക്കറികൾ, പഴവർഗ്ഗങ്ങൾ, പാൽ, മുട്ട തുടങ്ങിയവ ഉൽ പ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേടുന്ന കർ ഷകരെ ഭക്ഷ്യസുരക്ഷാ അവാർഡ് നൽകി പഞ്ചായത്ത് ആദരിക്കും. ഒരു വാർഡിലേ യ്ക്ക് ആവശ്യമായ മൊത്തം ഭക്ഷ്യ വസ്തു ക്കൾ സ്വന്തം വാർഡിൽ ഉൽപ്പാദിപ്പിക്കുന്ന എ.ഡി.എസുകൾക്ക് പ്രത്യേക സഹായം നൽകും.

കെ.ഒ. അലി, പ്രസിഡന്റ്

അധികച്ചെലവ് തിരിച്ചു പിടിക്കൽ

അധികം ചെലവായ തുക തിരികെ ലഭിച്ചാൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ മൈനസ് ആയി ക്ലാസിഫൈ ചെയ്യണം.

ഉദാ: റോഡ് അറ്റകുറ്റപ്പണിക്ക് അധികം നൽകിയ 5000 രൂപ ബന്ധപ്പെട്ട കരാറുകാരൻ തിരിച്ചടച്ചു.

ഹെഡ് ഓഫ് അക്കൗണ്ട്	തുക (രൂപ)
3054 റോഡുകളും പാലങ്ങളും	
04 ജില്ലാതല റോഡുകളും മറ്റു റോഡുകളും	
337 റോഡ് പണികൾ	
98 ഗ്രാമ റോഡുകൾ	(–) 5000

റവന്യൂചെലവും മൂലധനച്ചെലവും

റവന്യൂ ചെലവും മൂലധനച്ചെലവും തമ്മിൽ പ്രധാനമായി മൂന്ന് വ്യത്യാസങ്ങളാണുള്ളത്. അവ പട്ടികയിൽ ചേർക്കുന്നു.

റവന്യൂ ചെലവ്	മൂലധനച്ചെലവ്
1 പതിവ് ചെലവ്; ആസ്തി സൃഷ്ടിക്കാത്ത ചെലവ്	1. ആസ്തിസൃഷ്ടിക്കാനോ നിലവിലുള്ള ആസ്തിയുടെ മൂല്യം വർദ്ധിപ്പിക്കാനോ ഉള്ള ചെലവ്
2. ആവർത്തിക്കുന്ന ചെലവ്	2. ഒരൊറ്റ പ്രാവശ്യം മാത്രം ചെയ്യുന്ന ചെലവ്.
3. ഒരു വർഷത്തെ ആവശ്യം മാത്രം മുൻനിർത്തിയുള്ള ചെലവ്	3. ദീർഘകാലത്തെ ആവശ്യം കണക്കിലെടുത്തുക്കൊണ്ടുള്ള ചെലവ്.

ഉദാഹരണങ്ങൾ

റവന്യൂ ചെലവ് : റോഡ് അറ്റകുറ്റപ്പണി; ശമ്പളം, കറന്റ് ചാർജ്ജ്, ഭവന നിർമ്മാണത്തിനുള്ള സബ്സിഡി, ആശുപത്രിക്കുവേണ്ടി മരുന്നു വാങ്ങൽ.

മൂലധനച്ചെലവ്: പഞ്ചായത്ത് കെട്ടിട നിർമ്മാണം, കൈമാറിക്കിട്ടിയ സ്ക്കൂളിന് കെട്ടിട നിർമ്മാണം, റോഡ് നിർമ്മാണം.

'ആസ്തി' എന്നതുകൊണ്ടുദ്ദേശിക്കുന്നത് പഞ്ചായത്തിന്റെ തനതുവകയായിട്ടുള്ളതോ, കൈമാറിക്കിട്ടിയതോ ആയ ആസ്തിമാത്രമാണ്. സബ്സിഡി ഉപയോഗിച്ച് ഗുണഭോക്താവ് ഭവന നിർമ്മാണം നടത്തുമ്പോൾ പഞ്ചായത്തിന്റെ ആസ്തി വർദ്ധിക്കുന്നില്ല, അതിനാലാണ് അത്തരം ചെലവ് റവന്യൂ ചെലവാകുന്നത്.

(തുടരും)

ലേഖകൻ ഏജീസ് ഓഫീസിൽ നിന്നും സീനിയർ ഓഡിറ്റ് ഓഫീസറായി വിരമിച്ചു. ഇപ്പോൾ ഓഡിറ്റ് കൺസൾട്ടന്റാണ്. മൊബൈൽ: 9447454221



teJ\ ]c¼c þ 7

റോയ് ചാക്കോ ഇളമണ്ണൂർ

തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിൽ താമസിച്ചപ്പോൾ രാവിലെ ചായക്കുടിക്കാനായി തൊട്ടടുത്ത ജംഗ്ഷനിലേയ്ക്ക് പഞ്ചായത്ത് റോഡിലൂടെ പോകുമ്പോൾ 'ഇതുവഴി പോകാൻ സാധിക്കില്ല' എന്ന് ഡ്രൈവർ പറഞ്ഞതിന്റെ കാരണം എന്താണെന്ന് അറിയാൻ ഞാൻ റോഡിലേയ്ക്ക് നോക്കി. റോഡ് നിറയെ അമേദ്യത്താൽ അഭിഷേകം. രാവിലെ ഗ്രാമവാസികളിൽ ചിലർ പ്രഭാതകൃത്യങ്ങൾ നിർവഹിക്കുവാൻ ഈ പൊതുവഴിയാണ് നിത്യവും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തം. ഏകദേശം 200 മീറ്റർ നീളത്തിൽ റോഡ് നിറയെ മലം. തീർത്തും അസഹ്യമായ കാഴ്ച. വാഹനം അരകിലോമീറ്ററോളം റിവേഴ്സ് എടുത്ത് വേറെ വഴി തിരിച്ചുവിടേണ്ടി വന്നു.

ചായക്കടയിൽ രാവിലെ ഏഴ് മണിക്ക് തന്നെ നല്ല കൂട്ടം. കൂട്ടം എന്ന് തമിഴിൽ പറയുമ്പോൾ തിരക്ക് എന്നു തന്നെ അർത്ഥം. വയലിൽ പണിചെയ്യാൻ പോകുന്നവരുടെ തിരക്കാണ്. നല്ല ചൂട് ഇഡ്ഢലിയും സാമ്പാറും ചമ്മന്തിയും ചൂട് ഉഴുന്നുവടയും അതിരാവിലെ തന്നെ തമിഴ്നാട്ടിലെ മിക്കവാറും എല്ലാ ഹോട്ടലുകളിലും ചായക്കടകളിലും ലഭിച്ചു തുടങ്ങും. രാത്രി 10 മണിക്ക് ചെന്നാലും ഇഡ്ഢലി ലഭിക്കും. യാതൊരു ശല്യവും ഉണ്ടാക്കാത്ത, ഏത് രോഗമുള്ളവർക്കും, ഏത് പ്രായക്കാർക്കും കഴിക്കാവുന്ന ഈ "സാധു ഇഡ്ഢലിക്ക്' നമ്മുടെ നാട്ടിൽ പലയിടത്തും വിലക്കാണിപ്പോൾ. ശരീരത്തിന് ദോഷമുണ്ടാക്കാത്ത ഈ അരി ആഹാരം ഇപ്പോൾ വളരെ ചുരുക്കം ചില ഹോട്ടലുകളിലേ ലഭിക്കാറുള്ളൂ. കേരളത്തിൽ വെജിറ്റേറിയൻ ഹോട്ടൽ വളരെ കുറവാണ്. വലിയ ലാഭം ഇല്ലാത്തതുകൊണ്ടായിരിക്കാം വെജിറ്റേറിയൻ ഹോട്ടലുകാരും പാവം ഇഡ്ഢലിയെ ഉപേക്ഷിച്ചത്. എന്നാൽ രണ്ട് ഇഡ്ഢലിയുടെ മാവ് ഉപയോഗിച്ച് കുറച്ച് കിഴങ്ങ് കൂടി നടുക്ക് വച്ച് 'മസാല ദോശ" നൽകിയാൽ ഇരുപതോളം രൂപ ഈടാക്കാം. നിർദോഷിയായ ഇഡ്ഢലി വിറ്റാൽ പരാമാവധി 3 രൂപയല്ലേ ഈടാക്കാൻ സാധിക്കൂ. ഇഡ്ഢലി കേരളത്തിലെ ചായക്കടകളിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതിന് കാരണം അതിന്റെ കച്ചവടത്തിൽ അമിതലാഭം ലഭിക്കാത്തതു തന്നെ. കൂടാതെ ഉഴുന്നിന് വലിയ വിലയുമാണ്. അതുകൊണ്ടുതന്നെയാണ് ഉഴുന്നില്ലാതെ ഇഡ്ഢലി ഉണ്ടാക്കി വിൽക്കുവാൻ ഹോട്ടലുകാർ നിർബന്ധിതരാകുന്നതും. കേരളത്തിൽ വന്നിട്ടുള്ള തമിഴരായ എന്റെ സഹപ്രവർത്തകർ പറഞ്ഞിട്ടുണ്ട്. "തമിഴ്നാട്ടിൽ 10 രൂപയുണ്ടെങ്കിൽ ബ്രേക്ക് ഫാസ്റ്റ് കുശാൽ'. കേരളത്തിൽ അതിരാവിലെ ഹോട്ടലിൽ കയറിയാലും ചിക്കൻചാപ്സ്, ബ്രയിൻ ഫ്രൈ, ബീഫ്റോസ്റ്റ്, ചില്ലിബീഫ് തുടങ്ങിയ സാധനങ്ങളും പെറോട്ടയുമാണ് ലഭിക്കുന്നത്. "മുപ്പത് രൂപയെങ്കിലും ഇല്ലെങ്കിൽ കേരളത്തിലെ ഹോട്ടലുകളിൽ നിന്ന് ബ്രേക്ക്ഫാസ്റ്റ് കഴിക്കാൻ പ്രയാസമാണ്" എന്നവർ പരാതിപ്പെടുന്നു. അവരുടെ പരാതിക്ക് അടിസ്ഥാനമുണ്ട്.

തമിഴ്നാട്ടിൽ രാത്രി 10 മണിക്ക് ചെന്നാലും ഇഡ്ഢലി ലഭിക്കും. യാതൊരു ശല്യവും ഉണ്ടാക്കാത്ത, ഏത് രോഗമുള്ളവർക്കും, ഏത് പ്രായക്കാർക്കും കഴിക്കാവുന്ന ഈ "സാധു ഇഡ്ഢലിക്ക്' നമ്മുടെ നാട്ടിൽ പലയിടത്തും വിലക്കാണിപ്പോൾ

തമിഴ്നാട്ടിലെ ആ ഗ്രാമത്തിലെ ചെറിയ ചായക്കടയിൽ ചായ ഓർഡർ ചെയ്തപ്പോൾ ഞാൻ പ്രത്യേകം പറഞ്ഞു. "മീഡിയം ചായ". ഇങ്ങനെ പറഞ്ഞില്ലെങ്കിൽ വളരെ കടുപ്പമുള്ള ചായ ആയിരിക്കും ലഭിക്കുക. ലൈറ്റ് ചായ എന്ന് പറഞ്ഞാൽ 'പാലും വെള്ളം' പോലെ തരും. എല്ലാ ചായക്കടകളിലും ഇതാണ് പതിവ്. അവർക്ക് മീഡിയം കടുപ്പത്തിലെ ചായ അത്ര പരിചയമില്ല എന്ന് തോന്നുന്നു. നല്ല കടുപ്പത്തിൽ എന്ന് പറഞ്ഞാൽ നമ്മുടെ മീഡിയം ചായയുടെ നാലിരട്ടി കടുപ്പം കാണും. ശരിക്കും പഞ്ചസാരയും ഇടും. ചായയിലും കാപ്പിയിലും അവർ വെള്ളം ഉപയോഗിക്കില്ല. അരഗ്ലാസ് പാലിൽ 'തേയില ചാർ', പഞ്ചസാര എന്നിവ ചേർത്ത് ചായ നൽകുന്നു. മീഡിയം ചായ എന്നു പറഞ്ഞാൽ ഒരുമാതിരി നല്ല കടുപ്പമുള്ള ചായയാണ് തമിഴ്നാട്ടിൽ ലഭിക്കുക. കാപ്പിയുടെ കാര്യവും ഇങ്ങനെ തന്നെ. അതിരാവിലെ മുതൽ അർദ്ധരാത്രിവരെ ചായയും കാപ്പിയും എല്ലായിടത്തും ലഭിക്കും. ഒരു പക്ഷേ മലയാളികളെക്കാൾ ചായയും കാപ്പിയും കൂടുതൽ ഉപയോഗിക്കുന്നത് തമിഴരാണ് എന്ന് തോന്നുന്നു. ആഹാരത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത് എന്ന് അവരുടെ പെരുമാറ്റത്തിൽ നിന്ന് തന്നെ വ്യക്തമാകും.

തമിഴർ കണ്ടുമുട്ടുമ്പോൾ "ശാപ്പിട്ടാ?", "ശാപ്പാട് മുടിഞ്ഞോ?" എന്നിങ്ങനെ അന്വേഷണം നടത്തുക പതിവാണ്. "ശാപ്പാട് മുടിഞ്ഞോ" എന്നതിന്റെ മലയാള അർത്ഥം ആഹാരം കഴിച്ചോ എന്നാണ്. "മുടിയുക" എന്ന് തമിഴർ ഉദ്ദേശിക്കുന്നത് പൂർത്തീകരിക്കുക എന്നർത്ഥത്തിലാണ്. അല്ലാതെ മലയാളികൾ അർത്ഥമാക്കുന്ന 'നശിച്ചുപോകുക' എന്നല്ല. ആഹാരം കഴിക്കുന്ന കാര്യം എപ്പോഴും അവരുടെ മനസ്സിൽ ഉണ്ട് എന്നാണ് 4 വർഷത്തെ എന്റെ അവിടുത്തെ താമസത്തിനിടയിൽ മനസ്സിലായത്. മൊബൈൽ ഫോൺ മുഖേനയുള്ള കുശലാന്വേഷണത്തിനിടയിലും "താങ്കൾ ആഹാരം കഴിച്ചോ" "ഞാൻ ആഹാരം കഴിച്ചു" തുടങ്ങിയ "ശാപ്പാട് കാര്യങ്ങൾ" പരാമർശിക്കുന്നതു കേൾക്കാം.

ആഹാരത്തിന് പ്രാധാന്യം നൽകുന്ന തമിഴർ അധ്വാനത്തിനും പ്രാധാന്യം നൽകുന്നുണ്ട് എന്ന കാര്യം ഗ്രാമത്തിൽ തന്നെ വ്യക്തമാണ്. രാവിലെ തന്നെ കൃഷിയിടങ്ങളിൽ പണി നടക്കുന്നത് കാണാം. അതിരാവിലെ വേല ആരംഭിച്ച് ചുട്ടുപൊള്ളുന്ന ഉച്ചനേരങ്ങളിൽ വിശ്രമിക്കുന്ന നല്ല സമയക്രമീകരണം ചിലയിടങ്ങളിലുണ്ട്. അതിരാവിലെയും വൈകിട്ടുമായി 8 മണിക്കൂർ ജോലി ചെയ്യുക. കഠിനമായി വെയിലത്ത് (ചിലപ്പോൾ 40ഡിഗ്രിക്ക് മുകളിൽ) വിശ്രമിക്കുക. വേനൽക്കാലത്ത് ഉച്ചയ്ക്ക് 12 മണി മുതൽ വൈകിട്ട് 4 മണിവരെ കടകൾ അടച്ചിടുകയും പതിവാണ്. രാവിലെ 7 മുതൽ 12 മണിവരെയും വൈകിട്ട് 4 മുതൽ രാത്രി 11 മണിവരെയും കടകൾ തുറന്നുവയ്ക്കും. വേനൽക്കാലത്ത് തമിഴ്നാട് 40ഡിഗ്രി ചൂടിൽ തിളച്ച് മറിയുമ്പോൾ ഉച്ചനേരത്ത് കച്ചവടം നടക്കാറില്ല. ജനങ്ങൾ രാത്രിയിലാണ് അവിടെ ഷോപ്പിംഗ് നടത്തുക.

വളരെ കൃത്യമായി സേവനമനുഷ്ഠിക്കുന്ന ക്ലീനേഴ്സിനെ കാണിച്ചുതരാം എന്ന് പറഞ്ഞ് ഡ്രൈവർ വണ്ടി സ്റ്റാർട്ട് ചെയ്തു. കുറച്ച് പോയപ്പോൾ ക്ലീനേഴ്സിനെ കണ്ടു. ഒരു പന്നിക്കൂട്ടം.

രാവിലെ തന്നെ ഗ്രാമത്തിലെ ആ ചായക്കടയിലിരുന്ന് ഇഡ്ഢലിയും വടയും യഥേഷ്ടം സാമ്പാറും ചമ്മന്തിയുമൊക്കെ കഴിച്ചിട്ടും എല്ലാവർക്കും ബിൽതുക 15 രൂപയിൽ താഴെയാണ് ആയത്.

ചായകുടികഴിഞ്ഞ് ഞങ്ങൾ തിരികെ യാത്രയായി. ഏത് റോഡിലൂടെയാണോ വണ്ടി ഓടിക്കാൻ ബുദ്ധിമുട്ട് എന്ന് ഡ്രൈവർ പറഞ്ഞ അതേ റോഡിലൂടെ തന്നെയാണ് തിരികെ വന്നത്. മുൻപ് നിറയെ മലിനവസ്തുക്കൾ കണ്ട ഭാഗം വന്നപ്പോൾ ഡ്രൈവർ വണ്ടി നിർത്തിയിട്ട് പറഞ്ഞു. ഇനി മുന്നോട്ട് നോക്കുക. ഞാൻ നോക്കി. റോഡിൽ യാതൊരു അഴുക്കുമില്ല. ക്ലീൻ. ഈ പഞ്ചായത്തിൽ ഇത്ര ശുഷ്കാന്തിയോടെ, അമേരിക്കൻ മോഡലിൽ ക്ലീനിംഗ് നടക്കുന്നുണ്ടോ എന്ന് ഞാൻ സംശയം പ്രകടിപ്പിച്ചു.

വളരെ കൃത്യമായി സേവനമനുഷ്ഠിക്കുന്ന ക്ലീനേഴ്സിനെ കാണിച്ചുതരാം എന്ന് പറഞ്ഞ് ഡ്രൈവർ വണ്ടി സ്റ്റാർട്ട് ചെയ്തു. കുറച്ച് പോയപ്പോൾ ക്ലീനേഴ്സിനെ കണ്ടു. ഒരു പന്നിക്കൂട്ടം. ആട് പോലെ വലിയ പന്നികളും ധാരാളം പന്നിക്കുട്ടികളും അടങ്ങുന്ന നിശ്ശബ്ദ ക്ലീനേഴ്സ്. അവർ ക്ലീൻ ചെയ്തുകൊണ്ടിരിക്കുക തന്നെയാണ്. വാഹനം വന്നതൊന്നും അവർക്ക് പ്രശ്നമല്ല. അവർ പ്രഭാതഭക്ഷണം വെട്ടിവിഴുങ്ങുന്നതിൽ മത്സരിക്കുന്നു. ഹോൺ അടിച്ചിട്ടും ചിലർ മാറുന്നില്ല. വണ്ടി നിർത്തിയിട്ട് ആ 'ജനസേവകരുടെ മഹനീയ സേവനം' ഒരുമാതിരി പൂർത്തിയാകുന്നതുവരെ ഞങ്ങൾ വെയിറ്റ് ചെയ്തു. "പരിസ്ഥിതി സംരക്ഷണത്തിനായി ഈശ്വരൻ തന്നെ വേണ്ടത് ചെയ്തിട്ടുണ്ടെന്ന്" ഡ്രൈവർ ഫിലോസഫി പറഞ്ഞു. വളരെ അനുഭവസമ്പത്തുള്ള 58 കാരനായ 'ഡ്രൈവർ അണ്ണാ'യുടെ തത്വശാസ്ത്ര പരാമർശങ്ങൾ ഇങ്ങനെ പലതുമുണ്ടായി.

ഈ പാവം ക്ലീനേഴ്സിനെ പിടിച്ചുകൊണ്ടുപോയി ജീവനോടെ മണ്ണിൽ തല കുഴിച്ചിട്ട് ശ്വാസം മുട്ടിച്ച് കൊന്ന് അതിന്റെ കീറിമുറിച്ച ശരീരഭാഗങ്ങൾ തമിഴ്നാട്ടിൽ പലയിടത്തും വിൽക്കാൻ തൂക്കിയിട്ടിരിക്കുന്ന ചിത്രം ഭയാനകം തന്നെ എന്ന് ഞാൻ പറഞ്ഞപ്പോൾ ഡ്രൈവർ അണ്ണാ പറഞ്ഞതിന്റെ മലയാള പരിഭാഷ ഇങ്ങനെയാണ്:

"കേരളത്തിൽ പശുവിനെയും കാളയേയും പോത്തിനേയും എരുമയേയും ആടിനെയുമൊക്കെ കൊന്ന് അതിന്റെ കണ്ണ് തെള്ളി നാക്ക് നീട്ടിയ ചോരയിൽ കുളിച്ച തല പ്രദർശിപ്പിക്കുന്നത് ഇതിലും എത്രയോ ഭയാനകവും കാടത്തരവുമാണ്.

(തുടരും)

(ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്)

വാർത്തകളും വിശേഷങ്ങളും

തിരഞ്ഞെടുപ്പ് ചെലവു കണക്ക് നൽകാത്ത 8984 പേർക്ക് അയോഗ്യത

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2005ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ചവരിൽ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നൽകാത്ത 8984 പേരെ അയോഗ്യരാക്കിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ പി. കമാൽകുട്ടി അറിയിച്ചു. പഞ്ചായത്ത് രാജ് നിയമത്തിലെ 33-ാം വകുപ്പു പ്രകാരം 8085 ഉം മുനിസിപ്പാലിറ്റി നിയമത്തിലെ 89-ാം വകുപ്പനുസരിച്ച് 899 പേർക്കുമാണ് അയോഗ്യത. ഇവർക്ക് അഞ്ചുവർഷത്തേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ വിലക്കേർപ്പെടുത്തി. ജില്ലാ പഞ്ചായത്ത് - 71, ബ്ലോക്ക് പഞ്ചായത്ത് - 539, ഗ്രാമപഞ്ചായത്ത് - 7475, മുനിസിപ്പാലിറ്റി - 649, മുനിസിപ്പൽ കോർപ്പറേഷൻ - 250 എന്നിങ്ങനെയാണ് അയോഗ്യരാക്കിയവരുടെ എണ്ണം. ഏറ്റവും കൂടുതൽ പേർക്ക് അയോഗ്യത തിരുവനന്തപുരം ജില്ലയിലാണ് - 1029 (കോർപ്പറേഷൻ - 104, നഗരസഭ - 74, ജില്ലാ പഞ്ചായത്ത് -09, ബ്ലോക്ക് പഞ്ചായത്ത് - 50, ഗ്രാമപഞ്ചായത്ത് - 792), കുറവ് കാസർഗോഡ് - 201 (നഗര സഭ - 28, ജില്ലാ പഞ്ചായത്ത് - 03, ബ്ലോക്ക് പഞ്ചായത്ത് - 06, ഗ്രാമപഞ്ചായത്ത് - 164). മറ്റ് ജില്ലകളിലെ എണ്ണം: കൊല്ലം - 910, (കോർപ്പറേഷൻ - 37, മുനിസിപ്പാലിറ്റി - 22, ജില്ലാ പഞ്ചായത്ത് - 02, ബ്ലോക്ക് പഞ്ചായത്ത് - 55, ഗ്രാമപഞ്ചായത്ത് - 794), പത്തനംതിട്ട - 572 (48, 03, 39, 482), ആലപ്പുഴ - 813 (104, 09, 42, 658), കോട്ടയം - 709 (39, 06, 41, 623), ഇടുക്കി - 397 (14, 01, 29, 353), എറണാകുളം - 892 (കൊച്ചി നഗരസഭ - 44, 82, 03, 56, 707), തൃശൂർ - 774 (കോർപ്പറേഷൻ - 26, 86, 04, 21, 637), പാലക്കാട് - 676 (44, 09, 59, 564), മലപ്പുറം - 878 (64, 06, 52, 756), കോഴിക്കോട് - 640 (കോർപ്പറേഷൻ 39, 17, 09, 58, 517), വയനാട് 219 (04, 04, 09, 202), കണ്ണൂർ - 274 (23, 03, 22, 226). എഴുപത്തിഒന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരിച്ച എല്ലാപേരും കണക്ക് നൽകി. തിരഞ്ഞെടുപ്പിൽ മത്സരിച്ച 60,000 ത്തിൽപ്പരം സ്ഥാനാർത്ഥികളിൽ കണക്ക് നൽകാത്ത 15,000 ത്തിൽപ്പരം പേർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. നോട്ടീസിന് മറുപടി നൽകാത്തവർക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം മുഖേനയും, സ്ഥലത്തില്ലാത്തവർക്ക് പതിച്ചും നോട്ടീസ് നൽകി. മതിയായ സമയം നൽകിയിട്ടും മറുപടി നൽകാത്തവരെയാണ് അയോഗ്യരാക്കിയത്. അയോഗ്യരാക്കിയവർ മത്സരിക്കുന്നില്ലെന്നുറപ്പാക്കാൻ വോട്ടർപട്ടികയിൽ അവരുടെ പേരിനു നേരെ അയോഗ്യനാക്കിയ വിവരം രേഖപ്പെടുത്തും. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാരും പട്ടികയിൽ ഉൾപ്പെടുന്നില്ല. അയോഗ്യരാക്കിയവരുടെ പട്ടിക കമ്മീഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു (www.electionker.org). ജില്ലാ കളക്ടറേറ്റുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പട്ടിക ഉടൻ ലഭ്യമാക്കുമെന്ന് കമ്മീഷണർ അറിയിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആകസ്മിക ഒഴിവ് നിയമാനുസൃതം അറിയിക്കണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭാരവാഹികളുടേയും അംഗങ്ങളുടേയും രാജി, ആകസ്മിക ഒഴിവ് എന്നിവയിൽ പഞ്ചായത്ത് രാജ് - മുനിസിപ്പാലിറ്റി നിയമങ്ങളിലെ ചട്ടങ്ങൾക്കനുസൃതമായി നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ തദ്ദേശഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. രാജി സ്വീകരിക്കുന്നതിലും ആകസ്മിക ഒഴിവ് തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുന്നതിലുമുള്ള നടപടിക്രമങ്ങളിൽ തദ്ദേശഭരണ സെക്രട്ടറിമാർ വീഴ്ച വരുത്തുന്നതായി കണ്ടതിനെത്തുടർന്നാണ് നിർദ്ദേശം. രാജിക്കത്ത്, കൈപ്പറ്റ് രസീത് എന്നിവ നിശ്ചിത ഫാറത്തിൽ സ്വീകരിക്കുകയും ആകസ്മിക ഒഴിവുകൾ ഇതിനായുള്ള ഫാറത്തിൽ കമ്മീഷനെ അറിയിക്കുകയും വേണം. രാജി സംബന്ധിച്ച വിവരവും അദ്ധ്യക്ഷ - ഉപാദ്ധ്യക്ഷ സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനവും കമ്മീഷനെ ഫാക്സ് മുഖേന അറിയിക്കുന്നതിനു പുറമേ പകർപ്പ് തപാൽ മാർഗം കമ്മീഷനിൽ എത്തിക്കണം. ഒഴിവുകളുണ്ടായി ഒരാഴ്ചയ്ക്കകം വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ്. രാജി സമർപ്പിക്കേണ്ട ഫാറത്തിന്റെ മാതൃക കമ്മീഷൻ വെബ്സൈറ്റിൽ (www.electionker.org) ലഭ്യമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കമ്മീഷണർ അറിയിച്ചു.

കുടുംബശ്രീ യൂണിറ്റിന് സബ്സിഡി

കാർഷിക മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഫലപ്രദമാക്കുന്നതിന് പാട്ടക്കൃഷി നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് മാത്രം ഉഴവ് കൂലി ഇനത്തിൽ ഏക്കറിന് പരമാവധി 1000 രൂപ നിരക്കിൽ സബ്സിഡി നൽകാൻ അനുമതി നൽകി ഉത്തരവായി.

നെല്ല്, പച്ചക്കറി ഉല്പാദനം മാർഗ്ഗരേഖ പുറപ്പെടുവിച്ചു

കൃഷി പുനരുജ്ജീവനത്തിന്റെ ഭാഗമായി തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്നതിനും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും മാർഗ്ഗരേഖ പുറപ്പെടുവിച്ചു. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ തൊഴിലുറപ്പ് പദ്ധതികൾ സമന്വയിപ്പിച്ച് സ്ഥലാധിഷ്ഠിത സമീപനത്തോടെ വ്യക്തമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം. നെല്ലിന്റെയും പച്ചക്കറിയുടെയും ഉത്പാദന വർദ്ധനവിന് ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്കരിക്കണം. കൃഷിയോഗ്യമാക്കാൻ കഴിയുന്ന തരിശുനിലങ്ങൾ കണ്ടെത്തി അവയെ രണ്ട് വർഷം കൊണ്ട് കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള കർമ്മ പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളും ആവിഷ്കരിക്കണം. ആദ്യഘട്ടമായി 2008-09 വാർഷിക പദ്ധതിയിൽ ഒരു ഗ്രാമപഞ്ചായത്തിൽ ശരാശരി 10 ഏക്കർ എന്ന നിലയിൽ സംസ്ഥാനത്തെ 10000 ഏക്കർ ഭൂമിയെങ്കിലും ഇപ്രകാരം കൃഷിയോഗ്യമാക്കി കൃഷി ചെയ്യണം. ഇതിനു പുറമെ നിലവിൽ കൃഷി ചെയ്യുന്ന പാടങ്ങളിൽ നിന്ന് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പരിപാടികൾ തയ്യാറാക്കണം. ഓരോ ഗ്രാമപഞ്ചായത്തും ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ആറു ഘട്ടമായി പ്രവർത്തനങ്ങൾ നടപ്പാക്കുകയും വേണം. ജൂൺ 30 നകം ആവശ്യമായ വിവരശേഖരണവും ജൂലൈ 20നകം പരിശീലനവും പൂർത്തിയാക്കണം. കൃഷി ചെയ്യുന്നതിന് ഉടമയ്ക്ക് പ്രോത്സാഹനം നൽകുകയും അവർ അതിനു തയ്യാറാകുന്നില്ലെങ്കിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന കൃഷി ചെയ്യുന്നതിന് ശ്രമിക്കുകയും വേണം. കർഷകർ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരുമായുള്ള ചർച്ചയിൽ ത്രിതല പഞ്ചായത്തുകൾ നൽകാനുദ്ദേശിക്കുന്ന ഉത്പാദനോപാധികളുടേയും സേവനങ്ങളുടേയും പാക്കേജ് വ്യക്തമാക്കണം. കൃഷി ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കി പ്രോജക്ട് തയ്യാറാക്കുകയും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിലുള്ള ഉദ്പാദന ലക്ഷ്യം എത്രയാണെന്ന് കണക്കുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുകയും വേണം. ഈ പ്രവർത്തനങ്ങൾ ജൂലൈ 30 നകം പൂർത്തിയാക്കണം. നീർത്തടാധിഷ്ഠിത പദ്ധതിയെ അടിസ്ഥാനമാക്കി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ, കനാലുകൾ മുതലായവയുടെ നിർമ്മാണം, ആഴം കൂട്ടൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് വേണ്ട കർമ്മ പദ്ധതിയും പ്രോജക്ടുകളും ആഗസ്റ്റ് 15 നകം തയ്യാറാക്കണം. ആഗസ്റ്റ് 15 മുതൽ സെപ്തംബർ 30 നകം പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ശ്രമിക്കണം. പുതുതായി കൃഷിയോഗ്യമാക്കിയ പ്രദേശങ്ങൾ ഉൾപ്പെടെ എല്ലാ പാടങ്ങളിലും ഒക്ടോബർ മുതൽ കൃഷി ആരംഭിക്കണം. പച്ചക്കറി കൃഷി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇടനിലക്കാർ ഇല്ലാതെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്ന തരത്തിൽ വിൽപ്പന നടത്തുന്നതിന് ജില്ലാ ആസൂത്രണ സമിതി ചിട്ടയായ സംവിധാനം ആവിഷ്കരിക്കണം.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ യാത്രയ്ക്ക് നിയന്ത്രണം

ഗവൺമെന്റ് അനുമതി കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സംസ്ഥാനത്തിനു പുറത്തു നടത്തുന്ന യാത്രകൾക്ക് സാധൂകരണം നൽകുന്നതല്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു. സംസ്ഥാനത്തെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സംസ്ഥാനത്തിന് പുറത്ത് പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും പങ്കെടുത്തതിനുശേഷം നടപടിക്ക് സാധൂകരണം നൽകണമെന്നും ഇത്തരം യാത്രകൾക്ക് ചെലവായ തുക, പലപ്പോഴും വിമാനയാത്ര ഉൾപ്പെടെ, തനത് ഫണ്ടിൽ നിന്നും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് സർക്കാരിനെ സമീപിക്കുന്നതായി കാണുന്നുണ്ട്. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ കൊണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് എന്തെങ്കിലും നേട്ടമുണ്ടോയെന്ന് പരിശോധിക്കാതെ നടത്തപ്പെടുന്ന യാത്രകൾ പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നു. അതിനാലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സംസ്ഥാനത്തിന് പുറത്തു നടത്തപ്പെടുന്ന പരിശീലന പരിപാടികൾ പങ്കെടുക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിനു ശേഷം മാത്രമേ പങ്കെടുക്കാവൂ എന്ന് നിർദേശം നൽകിയത്. പാലക്കാട് നഗരസഭയിലെ അംഗങ്ങൾ ഗവൺമെന്റ് അനുമതി കൂടാതെ യാത്ര നടത്തിയതിനെ ഓബുഡ്സ്മാനും വിമർശിച്ചിരുന്നു.

ജനകീയാസൂത്രണത്തിൽ പങ്കെടുക്കുന്നതിന് ഡ്യൂട്ടി ലീവ്

11-ാം പഞ്ചവൽസര പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ എയിഡഡ് സ്കൂൾ/ കോളേജ് അദ്ധ്യാപകർ അദ്ധ്യാപകേതര/അർദ്ധസർക്കാർ ജീവനക്കാർക്ക് ഒരു വർഷം പരമാവധി 30 ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവായി.

പദ്ധതി ചെലവ് കണക്ക് സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം അനുവദിക്കില്ല

2007-08 സാമ്പത്തികവർഷത്തെ പദ്ധതി ചെലവ് കണക്ക് സമർപ്പിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തത്. ഒരു വാർഷിക പദ്ധതിയിലെ ചെലവ് കണക്കുകൾ അടുത്ത വർഷം മെയ് 31 നകം സമർപ്പിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജൂൺ ഒന്ന് മുതൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ അനുവദിക്കുന്നതല്ലെന്ന് സർക്കാർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിനാൽ ചെലവു കണക്കുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രം അതുവരെയുള്ള ഗഡുക്കൾ അനുവദിക്കുന്നതാണ്. 2008 ജൂലൈ ഒന്നു മുതൽ ജില്ലാ ആസൂത്രണ സമിതി നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം ട്രഷറി ബില്ലുകൾ പാസ്സാക്കി നൽകും. നിശ്ചിത തീയതിക്കകം ഒന്നാം ഘട്ട പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആ പ്രോജക്ടുകൾ കൂടി പൂർണ്ണ വാർഷിക പദ്ധതിയുടെ ഭാഗമായി സമർപ്പിച്ച് അംഗീകാരം വാങ്ങണം.

അന്നപൂർണ്ണ സ്കീം ലിസ്റ്റ് സമർപ്പിക്കണം.

ദേശീയ വാർദ്ധക്യകാല പെൻഷന് അർഹതയുണ്ടായിട്ടും അത് ലഭിക്കാത്ത 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് 10 കിലോ അരി സൗജന്യമായി വിതരണം ചെയ്യുന്ന അന്നപൂർണ്ണ സ്കീം ഗുണഭോക്താക്കളുടെ ലിസ്റ്റിൽ അർഹരായവരെ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ താലൂക്ക് സപ്ലൈ ആഫീസർമാർക്ക് അയച്ചുകൊടുക്കണം. ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ പലരും ജീവിച്ചിരിപ്പില്ലാത്തതിനാൽ സ്കീം പ്രകാരം അനുവദിച്ച സ്റ്റോക്ക് പൂർണ്ണമായും എടുക്കാൻ കഴിയാത്ത സാഹചര്യത്തെ തുടർന്നാണ് നിർദ്ദേശം.

നഗര ബി.പി.എൽ. സർവ്വേ: അധിക മാർഗ്ഗനിർദ്ദേശം പുറത്തിറക്കി

നഗര പ്രദേശങ്ങളിലെ ദരിദ്രകുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി. ഇതനുസരിച്ച് കുടുംബശ്രീ ഐ.റ്റി. യൂണിറ്റുകളുടെ സഹായത്തോടെ ഓരോ കുടുംബത്തിനും ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ശുദ്ധ ദരിദ്രർ/ദരിദ്രർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കും. ഇവ പരിശോധിച്ച് അംഗീകരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ജൂൺ 30 നും ജൂലൈ 10 നും ഇടയ്ക്ക് പ്രത്യേക യോഗം വിളിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കി.

ഭവന നിർമ്മാണ ധനസഹായം ഉത്തരവിൽ ഭേദഗതി

പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ഭവന നിർമ്മാണ ഗ്രാന്റ് ലഭിക്കുന്നതിന് നിലവിലുള്ള ഭവന നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായി. ഇതനുസരിച്ച് പഞ്ചായത്ത് അതിർത്തിയിൽ രണ്ട് സെന്റ് ഭൂമിയുള്ളവർക്കും അപേക്ഷിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കെൽട്രോൺ നിർമ്മാണ ഏജൻസിയല്ല

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച് 24.02.07 ന് പുറപ്പെടുവിച്ച മാർഗരേഖയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതും വില നിശ്ചയിക്കുന്നതും ആരോഗ്യവകുപ്പിന്റെ നിലവിലുള്ള നടപടി ക്രമങ്ങൾ പാലിച്ചോ അല്ലെങ്കിൽ വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയോ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് (വികലാംഗർ) ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈദഗ്ദ്ധ്യം കെൽട്രോണിന് നിലവിലില്ലാത്ത സാഹചര്യത്തിൽ നിർമ്മാണ ഏജൻസിയായി കെൽട്രോണിനെ അംഗീകരിച്ചുകൊണ്ടുള്ള 17.05.03 ലെ 22442/ഡി.പി.1/03/തസ്വഭവ നമ്പർ സർക്കുലർ റദ്ദു ചെയ്തു.
(23.04.2008 ലെ 52449/ഡി.എ1/07/തസ്വഭവ നംപർ സർക്കുലർ)

പഞ്ചായത്ത് രാജ്

പരസ്യ നിരക്ക്
കവർ അവസാനപുറം (കളർ) **- 10,000 രൂപ**
കവർ പേജ് - ഉൾവശം (ഒറ്റക്കളർ) **- 6,000 രൂപ**
മറ്റു പേജുകൾ - ഫുൾ - 4,000 രൂപ
അര പേജ് - 2,000 രൂപ

വാർഷിക വരിസംഖ്യ - 90 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക

വിലാസം
എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ.,
തിരുവനന്തപുരം -33

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ. (അ) നം. 143/08/തസ്വഭവ — തിരുവനന്തപുരം, തീയതി : 27/05/2008

പരാമർശം:- 1) 3.01.1996 ലെ സ.ഉ(അ) നം.1/96/എൽ എ ഡി
2) 26.03.96 ലെ സ.ഉ.(അ) 65/96/എൽ എ ഡി
3) 26.03.96 ലെ സ.ഉ.(അ) 66/96/എൽ എ ഡി
4) 1.09.97 ലെ സ.ഉ.(അ) 205/97/എൽ എ ഡി
5) 10.10.2007 ൽ സെക്രട്ടറി, ഇന്ത്യൻ അസോസിയേഷൻ ഓഫ് ലായേഴ്സ് പുനലൂർ യൂണിറ്റ് സമർപ്പിച്ച നിവേദനം.
6) 28.04.05 ലെ 45315/എസ് എഫ് സെൽ1/05/ധന/ അനൗദ്യോഗികകുറിപ്പ്

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ ഓരോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ബാധകമായ തൊഴിൽ നികുതി നിരക്കും അത് നിർണ്ണയിക്കുന്ന രീതിയും വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2), (3), (4) ഉത്തരവുകൾ പ്രകാരം വീണ്ടും പഞ്ചായത്ത് തൊഴിൽ നികുതി ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തിയിരുന്നു.

പരാമർശം (5) ലെ അപേക്ഷയും കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ അഭിപ്രായവും പരിഗണിച്ച്, പരാമർശം (1)ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ അഭിഭാഷകർ തുടങ്ങിയവർക്ക് നിശ്ചയിച്ചിരിക്കുന്ന 1250/- രൂപയെന്ന അർദ്ധവാർഷിക നിരക്ക് താഴെപറയും വിധം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ</u>

(എ) അഭിഭാഷകർ എൻറോൾ ചെയ്തതിന് ശേഷവും ഡോക്ടർമാരും വൈദ്യന്മാരും മറ്റ് മെഡിക്കൽ വിദഗ്ദ്ധരും രജിസ്ട്രേഷൻ ലഭിച്ചതിന് ശേഷവും മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ പ്രാക്ടീസ് തുടങ്ങിയ ശേഷവും ആദ്യത്തെ അഞ്ച് വർഷക്കാലയളവിലേയ്ക്ക് - 725/- രൂപ

(ബി) മുകളിൽ പറഞ്ഞവർക്ക് ആദ്യത്തെ അഞ്ച് വർഷത്തിന് ശേഷം - 1250/- രൂപ

കൂടാതെ, 2-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ 9(4) പ്രകാരം പ്രിസംപ്റ്റീവ് പ്രൊഫഷണൽ ടാക്സ് ആസൂത്രണം ചെയ്യണമെന്ന് പരാമർശം (6) ലെ അനൗദ്യോഗിക കുറുപ്പിലൂടെ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരിക എന്നതാണ് പ്രിസംപ്റ്റീവ് പ്രൊഫഷണൽ ടാക്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. അതിൻപ്രകാരം താഴെപ്പറയുന്ന വിഭാഗങ്ങളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നം.	ഇനം	ഗ്രാമ പഞ്ചായത്തിന്റെ അർദ്ധ വാർഷിക നികുതി (രൂപയിൽ)
1	സ്റ്റോക്ക് എക്സ്ചേഞ്ചിലെ അംഗങ്ങൾ	1250/
2	ഇന്ത്യൻ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കമ്പനികളിലെ ഡയറക്ടർമാർ (സർക്കാർ നിയമിച്ചവർ ഒഴികെ)	1250/-
3	ചലച്ചിത്രം/ടി.വി. രംഗത്തു പ്രവർത്തിക്കുന്ന വ്യക്തികൾ എ) എഴുത്തുകാർ, ക്യാമറാമാൻമാർ, സ്റ്റിൽഫോട്ടോഗ്രാഫേഴ്സ് ബി) ഗാനരചയിതാക്കൾ, സംവിധായകർ, പിന്നണി ഗായകർ, റെക്കോർഡ് ചെയ്യുന്നവർ, എഡിറ്റർമാർ	 600/- 1000/-
4	സിനിമാ തീയേറ്റർ-ഉടമസ്ഥൻ/ ലൈസൻസി	1250/-
5	നിയമാനുസൃതമായി പണം വായ്പയ്ക്ക് കൊടുക്കുന്ന വ്യക്തികൾ	1250/-
6	ചിട്ടി ആക്ട് പ്രകാരം ചിട്ടി നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ/വ്യക്തികൾ	1250/-
7	എയർ ട്രാവൽ ഏജന്റുകൾ	1000/-
8	സ്ഥാപനങ്ങളിൽ ഏതെങ്കിലും ജോലിയിലോ വ്യാപാരത്തിലോ മറ്റോ ഏർപ്പെട്ടിരിക്കുന്ന ഓരോ പങ്കാളികൾ	600/-
9	പരസ്യ സ്ഥാപനങ്ങൾ/ഏജൻസികൾ	750/-
10	കൊറിയർ സർവ്വീസ്, ഇന്റർനെറ്റ് കഫേ, കമ്പ്യൂട്ടർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	450/-
11	സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങൾ ഉൾപ്പെടെ യുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സർക്കാർ/ കേന്ദ്ര സർക്കാർ ഉടമസ്ഥതയിലും സഹായത്തോടെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴികെ)	1250/-
12	ഡ്രൈവിംഗ് സ്കൂളുകൾ	450/-
13	കല്യാണമണ്ഡപത്തിന്റെ/ഹാളിന്റെ ഉടമസ്ഥർ (മതപരമായ സ്ഥാപനങ്ങളുടേത് ഒഴികെ)	1250/-
14	ബ്യൂട്ടി പാർലറുകൾ/ഡ്രൈക്ലീനേഴ്സ്	600/-
15	ടാക്സ് പ്രാക്ടീഷണർമാർ	1250/-

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

കേരള സർക്കാർ

നമ്പർ. 37782/ഡി.ഡി.3/08/തസ്വഭവ. തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി, 13.6.2008.

സർക്കുലർ

വിഷയം : തസ്വഭവ: ദാരിദ്ര്യ രേഖാ സെൻസ്സസ് – ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള സമയക്രമം പുനർ നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന : 1. 8.4.08ലെ 24333/ഡി.ഡി.3/08/തസ്വഭവ നമ്പർ സർക്കുലർ.
2. ഗ്രാമവികസന കമ്മീഷണറുടെ 4.6.08ലെ 22634/ഐ.&ഡി.1/സി.ആർ.ഡി. നമ്പർ അർദ്ധഔദ്യോഗിക കത്ത്.

സൂചന സർക്കുലർ പ്രകാരം സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള പുതുക്കിയ സമയക്രമം നിശ്ചയിച്ച് ഉത്തരവായിരുന്നു. ഇതു പ്രകാരം ഗ്രാമസഭ അംഗീകരിച്ച് ലിസ്റ്റ് പഞ്ചായത്തു തലത്തിൽ ക്രോഡീകരിച്ച് 2008 ജൂൺ 1–ാം തീയതിക്കകം പ്രസിദ്ധീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ദാരിദ്ര്യ രേഖാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ച അപേക്ഷകളിൽ 60% മാത്രമേ നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും മേൽ നിശ്ചയിച്ച് സമയക്രമമനുസരിച്ച് ദാരിദ്ര്യ രേഖാ പട്ടിക തയ്യാറാക്കാൻ കഴിയാതെ വന്നിരിക്കുകയാണെന്നും സൂചന രണ്ട് കത്ത് പ്രകാരം ഗ്രാമവികസന കമ്മിഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള സമയക്രമം വീണ്ടും പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യ രേഖാ പട്ടിക തയ്യാറാക്കുന്നതിനുള്ള സമയക്രമം താഴെപറയും പ്രകാരം പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ക്രമ നമ്പർ	പുതുക്കിയ സമയക്രമം
1. പ്രത്യേക ഗ്രാമസഭായോഗങ്ങൾ ചേരുന്നത് :	ജൂൺ 20 നകം
2. ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നത് :	ജൂൺ 30–ാം തീയതിക്കകം.

പരാതി പരിഹാരസംബന്ധമായ തുടർ നടപടികൾക്ക് താഴെപറയുന്ന സമയക്രമം പാലിക്കേണ്ടതാണ്.

ക്രമ നമ്പർ	പുതുക്കിയ സമയക്രമം
1. ഗ്രാമപഞ്ചായത്തുകൾ പ്രസിദ്ധീകരിച്ച ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ ലിസ്റ്റിൽ മേൽ അപ്പീൽ അപേക്ഷകളും ആക്ഷേപങ്ങളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി.	2008 ജൂലൈ 10–ാം തീയതി
2. ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ച അപ്പീൽ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അവസാന തീയതി	2008 ജൂലൈ 20–ാം തീയതി
3. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള അപ്പീൽ അപേക്ഷകളിൽ മേലുള്ള പരാതികൾ ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി	2008 ആഗസ്റ്റ്10–ാം തീയതി
4. ജില്ലാ കളക്ടർമാർ അപ്പീൽ അപേക്ഷകളിൽ തീർപ്പ്കൽപ്പിക്കുന്നതിനുള്ള അവസാന തീയതി	2008 ആഗസ്റ്റ്31–ാം തീയതി

ദാരിദ്ര്യ രേഖാ പട്ടിക തയ്യാറാക്കുന്നതിനുള്ള സമയം യാതൊരു കാരണവശാലും വീണ്ടും ദീർഘിപ്പിച്ചു നൽകുന്നതല്ല. പ്രസ്തുത സമയക്രമമനുസരിച്ച് പട്ടിക പ്രസിദ്ധീകരിക്കാത്ത പഞ്ചായത്തുകളിൽ വിവിധ കേന്ദ്ര – സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നതും ഫണ്ട് നഷ്ടപ്പെടാൻ ഇടയാകുന്നതുമാണ്. ഈ സാഹചര്യം ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

മേയ് ലക്കം പഞ്ചായത്ത് രാജ് മാസികയുടെ 42–ാം പേജിൽ പ്രസിദ്ധീകരിച്ച 7.04.2008 ലെ 23997/ആർ.എ1/08/തസ്വഭവ. നമ്പർ സർക്കുലറിന്റെ അനുബന്ധം

ഗാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് / നടപടികൾ

....ഗ്രാമ പഞ്ചായത്തിലെ ....–ാം വാർഡിൽ റവന്യൂ സർവ്വേ .... ശ്രീ./ശ്രീമതി .... നടത്തിയിട്ടുള്ള അനധികൃത നിർമ്മാണം പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക കൽപ്പന സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നം: സ്ഥലം: തീയതി:

പരാമർശം: 1) ബിൽഡിംഗ് ഇൻസ്പെക്ടറുടെ/ഓവർസീയറുടെ .... റിപ്പോർട്ട്
2) ഈ ഓഫീസിൽ നിന്നും ....നമ്പരായി കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 W (1), (2) എന്നീ വകുപ്പുകൾ അനുസരിച്ച് പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവ്.
3) ശ്രീ/ശ്രീമതി.....................നൽകിയ മറുപടി

ഉത്തരവ്

.... ഗ്രാമ പഞ്ചായത്തിലെ .... –ാം വാർഡിൽ റവന്യൂ സർവേ .... ൽ ശ്രീ/ശ്രീമതി ...., കേരളപഞ്ചായത്ത് രാജ് ആക്ടിലേയും കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾസിലേയും നിബന്ധനകൾക്ക് വിരുദ്ധമായി താഴെ വിവരിക്കുന്ന അനധികൃമായ നിർമ്മാണം പൊളിച്ചു നീക്കുന്നതിന്/ചട്ടങ്ങൾക്ക് വിധേയമാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട് 235 W (1) വകുപ്പു പ്രകാരമുള്ള താൽക്കാലിക കൽപ്പന നൽകുകയും അത് സ്ഥിരീകരിക്കാതിരിക്കുവാൻ മതിയായ കാരണം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത ആക്ട് 235 W (1) വകുപ്പു പ്രകാരമുള്ള രണ്ടാം പരാമർശത്തിലെ നോട്ടീസ് ശ്രീ/ശ്രീമതി ....ന് നൽകുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയപരിധിക്കകം തൃപ്തികരമായ സമാധാനം ബോധിപ്പിക്കുകയോ അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. പരാമർശം (3) അനുസരിച്ച് ശ്രീ./ശ്രീമതി .... ബോധിപ്പിച്ചിരിക്കുന്ന സമാധാനം തൃപ്തികരമോ സ്വീകാര്യമോ അല്ല/ സമാധാനം ബോധിപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ അനധികൃതമായ പ്രസ്തുത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് പരാമർശം (2) അനുസരിച്ച് നൽകിയിട്ടുള്ള താൽക്കാലിക കൽപ്പന കേരള പഞ്ചായത്ത് ആക്ട് 235 W (3) വകുപ്പനുസരിച്ച് സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ കൽപ്പന കൈപ്പറ്റി 15 ദിവസത്തിനകം അനധികൃത നിർമ്മാണം പൊളിച്ച് നീക്കം ചെയ്യാത്ത പക്ഷം പഞ്ചായത്തിൽ നിന്നും നേരിട്ട് ആയത് പൊളിച്ച് നീക്കം ചെയ്യുന്നതും അതിനു വരുന്ന ചിലവുകളും നഷ്ടങ്ങളും ശ്രീ./ശ്രീമതി ....പക്കൽ നിന്നും വസൂലാക്കുന്നതിനും നിയമലംഘനത്തിന് ടിയാന്റെ/ടിയാളുടെ പേരിൽ വകുപ്പ് 235 W (4) അനുസരിച്ച് കുറ്റ വിചാരണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

നിർമ്മാണത്തിന്റെ വിവരങ്ങൾ

സെക്രട്ടറി

പകർപ്പ്:

ബിൽഡിംഗ് ഇൻസ്പെക്ടർ/ഓവർസീയർ

തിരുത്ത്

2008 ജൂൺ ലക്കം പഞ്ചായത്ത് രാജ് മാസികയുടെ 31, 32, പേജുകളിൽ അച്ചടിച്ചിരുന്ന ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ട് (2007–08) ചെലവഴിച്ചതിൽ ഏറ്റവും മുന്നിലും, പിന്നിലുമുള്ള ഗ്രാമപഞ്ചായത്തുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന പഞ്ചായത്തുകളും ചെലവ് – ശതമാനവും 22.3.2008 വരെയുള്ള കണക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. എന്നാൽ പ്രസ്തുത കണക്കുകൾ 31.03.2008 വരെ ഉള്ളതാണ് എന്ന രീതിയിൽ പ്രസിദ്ധീകരിക്കാൻ ഇടയായതിൽ ഖേദിക്കുന്നു. 31.3.2008 വരെയുള്ള ചെലവിന്റെ അടിസ്ഥാനത്തിൽ ഏറ്റവും, മുന്നിലുള്ള 10 ഗ്രാമപഞ്ചായത്തുകളുടേയും, പിന്നിലുള്ള 5 ഗ്രാമപഞ്ചായത്തുകളുടേയും പട്ടിക താഴെ ചേർക്കുന്നു.

വികസന ഫണ്ട് (2007–08) ചെലവഴിച്ചതിൽ ഏറ്റവും മുന്നിലും പിന്നിലുമുള്ള ഗ്രാമപഞ്ചായത്തുകൾ

(ജില്ല തിരിച്ച് ശതമാനത്തിൽ)

കാസർഗോഡ്

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. മടിക്കൈ	– 95.70	1. പള്ളിക്കര	– 55.18
2. ഉദുമ	– 94.75	2. ചെങ്കള	– 61.40
3 കുമ്പള	– 94.74	3 മുളിയാർ	– 65.81
4. ചെമ്മനാട്	– 92.77	4. പുല്ലൂർപെരിയ	– 68.67
5. പനത്തടി	– 90.41	5. ബദിയടുക്ക	– 70.33
6. വോർക്കാടി	– 87.37		
7. കയ്യൂർചീമേനി	– 86.08		
8. കാറഡുക്ക	– 85.56		
9. പീലിക്കോട്	– 84.74		
10. തൃക്കരിപ്പൂർ	– 84.31		

കണ്ണൂർ

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. ചെമ്പിലോട്	– 100.00	1. വളപട്ടണം	– 38.08
2. വേങ്ങാട്	– 98.71	2. രാമന്തളി	– 48.24
3 കടമ്പൂർ	– 97.43	3. ചിറയ്ക്കൽ	– 58.41
4. അഞ്ചരക്കണ്ടി	– 94.63	4. ചപ്പാരപ്പടവ്	– 59.68
5. കൊളച്ചേരി	– 94.04	5. കേളകം	– 62.43
6. മാങ്ങാട്ടിടം	– 92.75		
7. ചിറ്റാരിപ്പറമ്പ്	– 92.15		
8. പാട്യം	– 90.18		
9. പേരാവൂർ	– 88.80		
10. ചൊക്ലി	– 88.17		

വയനാട്

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. തവിഞ്ഞാൽ	– 98.81	1. മേപ്പാടി	– 67.50
2. മാനന്തവാടി	– 98.35	2. വേങ്ങപ്പള്ളി	– 77.21
3. വെള്ളമുണ്ട	– 93.08	3 സുൽത്താൻബത്തേരി	– 79.52
4. നൂൽപ്പുഴ	– 92.74	4. തരിയോട്	– 80.07
5. എടവക	– 91.14	5. പടിഞ്ഞാറേത്തറ	– 81.12
6. മുട്ടിൽ	– 90.06		
7. പനമരം	– 88.13		
8. നെൻമേനി	– 87.15		
9. തൊണ്ടർനാട്	– 86.80		
10. മുപ്പൈനാട്	– 86.19		

കോഴിക്കോട്

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. മാവൂർ	– 100.00	1. എടച്ചേരി	– 56.87
2. കുറ്റ്യാടി	– 98.27	2. ചേളന്നൂർ	– 61.44
3. കാവിലുംപാറ	– 94.48	3 ചങ്ങരോത്ത്	– 63.09
4. നടുവണ്ണൂർ	– 92.08	4. തൂണേരി	– 63.30
5. കാരശ്ശേരി	– 90.94	5. ചെക്യാട്	– 63.36
6. ചേമഞ്ചേരി	– 90.61		
7. കിഴക്കോത്ത്	– 90.44		
8. നൊച്ചാട്	– 89.79		
9. കൊടുവള്ളി	– 89.44		
10. പുതുപ്പാടി	– 88.60		

മലപ്പുറം

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. പൊൻമുണ്ടം	– 100.00	1. കുറ്റിപ്പുറം	– 52.00
2. നിലമ്പൂർ	– 100.00	2. കൊണ്ടോട്ടി	– 60.00
3. കോഡൂർ	– 99.00	3. തിരൂരങ്ങാടി	– 61.00
4. കീഴുപറമ്പ്	– 98.00	4. വെളിയംകോട്	– 62.00
5. മക്കരപറമ്പ്	– 97.00	5. ആതവനാട്	– 64.00
6. താനാളൂർ	– 97.00		
7. മൂർക്കനാട്	– 96.00		
8. കുറുവ	– 95.00		
9. പോത്തുകല്ല്	– 95.00		
10. പുലാമന്തോൾ	– 93.00		
11. കൂട്ടിലങ്ങാടി	– 93.00		
12. ചെറിയമുണ്ടം	– 93.00		

പാലക്കാട്

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. അകത്തേത്തറ	– 100.00	1. നെല്ലിയാമ്പതി	–38.60
2. അയിലൂർ	– 96.20	2. മാത്തൂർ	–40.60
3. കാരക്കുറുശ്ശി	– 94.60	3. പൂക്കോട്ടുകാവ്	–47.00
4. മേലാർകോട്	– 93.10	4. ചാലിശ്ശേരി	–50.00
5. എലപ്പുള്ളി	– 93.00	5. കുലുക്കല്ലൂർ	–54.70
6. ആലത്തൂർ	– 90.90		
7. എരുത്തേമ്പതി	– 90.30		
8. നെന്മാറ	– 90.10		
9. വിളയൂർ	– 90.00		
10. തെങ്കര	– 90.00		

തൃശ്ശൂർ

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. അടാട്ട്	100.00	1. തൈക്കാട്	55.55
2. തൃക്കൂർ	100.00	2. അരിമ്പൂർ	56.67
3. വേളൂക്കര	100.00	3. മേത്തല	60.63
4. കടപ്പുറം	100.00	4. തളിക്കുളം	61.30
5. മററത്തൂർ	94.78	5. വലപ്പാട്	64.06
6. വേലൂർ	92.78		
7. കൈപ്പറമ്പ്	90.74		
8. പരിയാരം	90.05		
9. പഴയന്നൂർ	90.04		
10. തെക്കുംകര	90.03		

എറണാകുളം

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. കൂത്താട്ടുകുളം	100.00	1. ഒക്കൽ	45.06
2. ചൂർണ്ണിക്കര	100.00	2. ചേരാനല്ലൂർ	46.84
3. ചോറ്റാനിക്കര	98.76	3 കുന്നത്തുനാട്	48.00
4. കാലടി	97.04	4. വടവുകോട് പുത്തൻകുരിശ്	48.32
5. കുന്നുകര	96.50	5. കിഴക്കമ്പലം	50.30
6. പാമ്പാക്കുട	95.53		
7. മഴുവന്നൂർ	93.38		
8. മുളന്തുരുത്തി	93.32		
9. നെടുമ്പാശ്ശേരി	88.53		
10. ഏലൂർ	88.24		

ഇടുക്കി

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. അടിമാലി	100.00	1. അറക്കുളം	36.45
2. ആലക്കോട്	100.00	2. പെരുവന്താനം	71.90
3 കുമിളി	100.00	3 മുട്ടം	72.53
4. പീരുമേട്	100.00	4. മാങ്കുളം	72.73
5. വെള്ളത്തൂവൽ	100.00	5. വണ്ടിപ്പെരിയാർ	75.47
6. കരിങ്കുന്നം	99.70		
7. മൂന്നാർ	99.68		
8. കരിമണ്ണൂർ	99.67		
9. കട്ടപ്പന	99.17		
10. മറയൂർ	96.84		

കോട്ടയം

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. മുത്തോലി	100.00	1. കങ്ങഴ	49.39
2. കുറവിലങ്ങാട്	93.46	2. തലനാട്	54.75
3. എരുമേലി	93.01	3. മേലുകാവ്	55.08
4. ഭരണങ്ങാനം	92.93	4. പനച്ചിക്കാട്	55.77
5. കാഞ്ഞിരപ്പള്ളി	92.55	5. വെള്ളൂർ	55.90
6. കടനാട്	91.00		
7. കൂരോപ്പട	89.33		
8. അകലക്കുന്നം	89.21		
9. മീനച്ചിൽ	87.92		
10. പാറത്തോട്	87.45		

ആലപ്പുഴ

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. ദേവികുളങ്ങര	96.08	1. പാണ്ടനാട്	54.45
2. പട്ടണക്കാട്	93.06	2. ചേപ്പാട്	59.52
3. ചിങ്ങോലി	92.43	3. പുളിങ്കുന്ന്	62.92
4. മാരാരിക്കുളം നോർത്ത്	92.04	4. ചുനക്കര	63.56
5. വള്ളിക്കുന്നം	91.84	5. എഴുപുന്ന	65.66
6. കാവാലം	90.16		
7. അമ്പലപ്പുഴ നോർത്ത്	90.13		
8. ചെറിയനാട്	89.67		
9. മാവേലിക്കര താമരക്കുളം	89.35		
10. പാണാവള്ളി	88.14		

പത്തനംതിട്ട

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. പന്തളംതെക്കേക്കര	95.85	1. തോട്ടപ്പുഴശ്ശേരി	62.36
2. മെഴുവേലി	95.15	2. മല്ലപ്പള്ളി	64.26
3. കോയിപ്രം	93.26	3 പന്തളം	65.22
4. വെച്ചൂച്ചിറ	93.06	4. ഇലന്തൂർ	70.46
5. റാന്നി പഴവങ്ങാടി	92.78	5. ഇരവിപേരൂർ	71.90
6. പെരിങ്ങര	92.59		
7. വടശ്ശേരിക്കര	91.87		
8. അരുവാപുലം	91.49		
9. നെടുമ്പ്രം	91.29		
10. വള്ളിക്കോട്	90.75		

കൊല്ലം

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. മൈലം	99.20	1. പിറവന്തൂർ	63.10
2. കൊട്ടാരക്കര	95.40	2. ആലപ്പാട്	71.70
3. തൃക്കോവിൽവട്ടം	95.10	3. കൊറ്റംകര	72.10
4. തെന്മല	94.90	4. കുളക്കട	72.40
5. നെടുമ്പന	94.60	5. കരുനാഗപ്പള്ളി	73.00
6. പനയം	94.40		
7. മൺട്രോത്തുരുത്ത്	94.30		
8. എഴുകോൺ	93.30		
9. ഏരൂർ	91.90		
10. പേരയം	91.80		

തിരുവനന്തപുരം

ഏറ്റവും മുന്നിൽ		ഏറ്റവും പിന്നിൽ	
1. വാമനപുരം	96.00	1. ഇടവ	54.00
2. മലയിൻകീഴ്	95.00	2. പോത്തൻകോട്	69.00.
3. മാറനല്ലൂർ	95.00	3. കഴക്കൂട്ടം	69.00
4. വെങ്ങാനൂർ	95.00	4. വെട്ടൂർ	70.00
5. അമ്പൂരി	94.00	5. ഒറ്റശേഖരമംഗലം	71.00
6. പെരുങ്കടവിള	94.00		
7. ബാലരാമപുരം	94.00		
8. പൂവച്ചൽ	93.00		
9. ഇലകമൺ	93.00		
10. തിരുപുറം	93.00		

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.